# വാർഷിക റിപ്പോർട്ട്

## 2019-2020

***'Towards a safer state'***

സുരക്ഷായനം

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
(കെ.എസ്.ഡി.എം.എ)
Kerala State Disaster Management Authority (KSDMA)
ഒബ്സർവേറ്ററി കുന്ന്, വികാസ് ഭവൻ തപാൽ ഓഫീസ്
Observatory Hills, Vikas Bhavan P.O
തിരുവനന്തപുരം, കേരളം – 695033
Thiruvananthapuram, Kerala - 695033
ടെലിഫോൺ | Phone - 0471 2778855, 0471-2778888
ടോൾ ഫ്രീ ടെലിഫോൺ | Toll Free 1070
www.sdma.kerala.gov.in

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്തനിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.841/2024/DMD തീയതി,തിരുവനന്തപുരം, 13-11-2024

---

പരാമർശം:- കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ 14/06/2024 ലെ MTO V/1169/2022/Admin നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുകയും ആയത് അംഗീകരിക്കണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുമുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ 2019-2020 സാമ്പത്തിക വർഷത്തെ വാർഷിക റിപ്പോർട്ട് അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)(എ&ഇ) കേരള,തിരുവനന്തപുരം
സെക്രട്ടറി, നിയമസഭ
കമ്മീഷണർ,ദുരന്ത നിവാരണം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക വകുപ്പ്(Web and New Media)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sivaprasad V N**
**Date: 16-11-2024 16:53:27**
സെക്ഷൻ ഓഫീസർ


KERALA
Multi Hazard Risk Index
Kasaragod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthitta
Kollam
Thiruvananthapuram
Mangaluru
Hassan
Mandya
Mysure
Gundlupet
Erode
Coimbatore
Tiruppur
Palani
Rajapalay
Kadayanallur
Tirunelveli
LEGEND
No Risk
Low Risk
Moderate Risk
High Risk
Taluk Boundary
District Boundary
Km
0 15 30 60
75°0'0"E
75°50'0"E
76°40'0"E
77°30'0"E
12°30'0"N
11°40'0"N
10°50'0"N
10°0'0"N
9°10'0"N
8°20'0"N
RISK LAB, KSEOC
Kerala State Disaster Management Authority
Thiruvananthapuram

# ആമുഖം

2018ലെ മഹാപ്രളയം വിതച്ച വലിയ പതർച്ചയുടെയും നഷ്ടങ്ങളുടെയും ദിവസങ്ങളിൽ നിന്ന് കേരളമൊന്നാകെ ഒരൊറ്റ മനസ്സോടെ അദ്ഭുതകരമായി ഉയിർത്തെഴുന്നേറ്റു. ലോകത്തെ അമ്പരപ്പിക്കുന്ന രീതിയിലുള്ള അതിജീവനത്തിന് ശേഷം കൂടുതൽ മെച്ചപ്പെട്ട നവകേരളത്തെ സൃഷ്ടിക്കാനുള്ള ഗൗരവമായ ചിന്തകളും ഇടപെടലുകളും നടന്ന വർഷമാണ് 2019-20 സാമ്പത്തിക വർഷം. കേരളത്തിൻറെ സമീപ ഭാവിയുടെ ഗതി നിശ്ചയിക്കുന്നതിലേക്ക് നിസ്തുലമായ സംഭാവനകൾ കൂട്ടിച്ചേർക്കപ്പെട്ട വർഷം. എല്ലാ തലങ്ങളിലുമുള്ള മലയാളിയുടെ ചിന്തകളിലും പ്രവർത്തികളിലും ദുരന്ത അതിജീവനയോർമകളും അവബോധവും ഉൾച്ചേർക്കപ്പെട്ട വർഷം. പ്രളയാനന്തരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അദ്ധ്യക്ഷൻ കൂടിയായ മുഖ്യമന്ത്രി ശ്രീ.പിണറായി വിജയൻ കേരളീയ സമൂഹത്തോട് പറഞ്ഞ 'പഴയ കേരളത്തെ അതേപടി പുനഃസൃഷ്ടിക്കുകയല്ല കൂടുതൽ മെച്ചപ്പെട്ട നവകേരളത്തെ നിർമ്മിക്കുക' ആണ് സർക്കാരിൻറെ ലക്ഷ്യമെന്ന കാഴ്ചപ്പാട് ശിരസ്സാവഹിച്ച് കൊണ്ടുള്ള പ്രവർത്തനമാണ് ദുരന്ത നിവാരണ അതോറിറ്റി നടപ്പിലാക്കിയത്. വിവിധങ്ങളായ പ്രകൃതി ദുരന്തങ്ങളേയും സീസണുകളേയും കാര്യക്ഷമമായി നേരിടാൻ ഇക്കാലയളവിൽ സംസ്ഥാനത്തിന് സാധിച്ചു.

2019 ലെ മൺസൂൺ സീസണിലും അതിതീവ്ര മഴയും അതിനെ തുടർന്നുള്ള ഉരുൾപൊട്ടലും മണ്ണിടിച്ചിലും മലവെള്ളപ്പാച്ചിലുമെല്ലാം ഉണ്ടാവുകയും വലിയ ദുരന്തമായി മാറുകയും ചെയ്തിരുന്നു. എങ്കിലും 2018ലെ അനുഭവ പരിചയത്തിൻറെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ വഴി ദുരന്തങ്ങളുടെ ആഘാതം കുറക്കാൻ സാധിച്ചു. അറബിക്കടലിൽ ഓഖിക്ക് സമാനമായ രീതിയിൽ ചുഴലിക്കാറ്റുകൾ രൂപപ്പെട്ടെങ്കിലും ഒരു മൽസ്യത്തൊഴിലാളിയുടെ ജീവൻ പോലും നഷ്ടപ്പെടാതെ സംരക്ഷിക്കാൻ സാധിച്ചു. ലോകത്തെയാകെ പ്രതിസന്ധിയിലാഴ്ത്തിയ കോവിഡ് മഹാമാരിയുടെ ആദ്യ ദിനങ്ങളിൽ തന്നെ അത് സംബന്ധിച്ച് സർക്കാരിനും ആരോഗ്യ വകുപ്പിനും മുന്നറിയിപ്പ് നല്കാൻ സാധിക്കുകയും അതുവഴി ലോക പ്രശംസ പിടിച്ചു പറ്റുന്ന രീതിയിലുള്ള തയ്യാറെടുപ്പുകൾ നടത്തി കേരള മാതൃക സൃഷ്ടിക്കുന്നതിൽ പങ്കുവഹിക്കാനായി. തുടർന്നുള്ള

കോവിഡ് തയ്യാറെടുപ്പ് പ്രതിരോധ പ്രവർത്തനങ്ങളിൽ സർക്കാർ ഏൽപ്പിച്ച ചുമതലകൾ കാര്യക്ഷമമായി നിർവഹിക്കാൻ സാധിച്ചു. വേനൽക്കാലത്തെയും കടലാക്രമണത്തേയും മെച്ചപ്പെട്ട ആസൂത്രണത്തോടെ കൈകാര്യം ചെയ്യാനും ദുരന്തങ്ങളുടെ ആഘാതം കുറക്കാൻ പ്രവർത്തിക്കാനും ശ്രമിച്ച വർഷമായിരുന്നു 2019-20. രാജ്യത്തിന് മാതൃകയാവുന്ന രീതിയിൽ തദ്ദേശ സ്ഥാപനതലത്തിൽ പ്രാദേശിക ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവർത്തനം ആരംഭിക്കുവാനുമായി.

ദുരന്ത പ്രതികരണങ്ങൾക്ക് പുറമെ പരിശീലനങ്ങളും, മോക്ക് ഡ്രില്ലും, ദുരന്ത നിവാരണ പദ്ധതി തയ്യാറാക്കലും ഒപ്പം പുനർനിർമ്മാണത്തിലും ഊന്നിയുള്ള പ്രവർത്തനങ്ങൾ ആണ് 2019-20 ൽ പ്രധാനമായും നടത്തിയത്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 ന് അനുസൃതമായി സംസ്ഥാന സർക്കാർ കേരള സംസ്ഥാന ദുരന്ത നിവാരണ ചട്ടം 2007 ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട് (*Kerala Extraordinary Gazette S.R.O No. 201/2007 dated 1st March 2007 (amendments vide S.R.O No. 583/2013 dated 17th July 2013 and S.R.O. No. 263/2016 dated 2nd March, 2016).* കേന്ദ്ര ദുരന്ത നിവാരണ നിയമം 2005ന്റെ പതിനാലാം വകുപ്പ് അനുസരിച്ച് കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 2007ൽ രൂപീകൃതമായി.

കേരളം ബഹുവിധ ദുരന്ത സാധ്യതാ പ്രദേശമാണ്. ദുരന്ത സാഹചര്യം ഉളവാക്കാവുന്ന 17 തരം പ്രകൃതി പ്രതിഭാസങ്ങളും 22 തരം മനുഷ്യജന്യ പ്രതിഭാസങ്ങളും കേരളത്തിൽ ഉണ്ടെന്നു കണക്കാക്കുന്നു.

ദുരന്ത സാധ്യത അപഗ്രഥനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 21 താലൂക്കുകൾ ബഹുവിധ ദുരന്ത സാദ്ധ്യതകളാൽ അതീവ ദോഷപൂർണ്ണത (Vulnerability) ഉള്ളവയാണ്.

ദുരന്ത സാദ്ധ്യതകൾ ഉൾക്കൊണ്ട് ആവശ്യമായ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന ചുമതല ദുരന്തനിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്.

കേന്ദ്ര ദുരന്ത നിവാരണ നിയമത്തിന്റെ സെക്ഷൻ 70 (2) പ്രകാരം ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന നിയമസഭയുടെ മുന്നിൽ

സമർപ്പിക്കുന്നതിനായി വാർഷിക റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന (government controlled), സ്വയം-ഭരണാധികാരമില്ലാത്ത (non-autonomous), കേന്ദ്ര നിയമപ്രകാരമുള്ള (statutory) അതോറിറ്റിയാണ് കേരളത്തിലെ ദുരന്ത നിവാരണ അതോറിറ്റി.

സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിന്റെ നിർവ്വഹണ നയവും, ചട്ടങ്ങളും, പദ്ധതികളും അംഗീകരിക്കുന്നത് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ്. ഈ നിയമത്തിന്റെ നടത്തിപ്പിനായി ആവശ്യമായ തുക വകയിരുത്തുവാൻ സർക്കാരിന് ഉപദേശം നൽകുക, വിവിധ ദുരന്തങ്ങൾ പ്രതിരോധിക്കുവാനും, നേരിടുവാനും ആവശ്യമായ മാർഗ്ഗനിർദ്ദേശക രേഖകൾ പുറപ്പെടുവിക്കുക എന്നീ കർത്തവ്യങ്ങൾ ദുരന്ത നിവാരണ അതോറിറ്റിയിൽ നിക്ഷിപ്തമാണ്. നിയമം അനുശാസിക്കുന്ന വിധം മേൽ സൂചിപ്പിച്ച എല്ലാ ഘടകങ്ങളും ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി അംഗീകരിച്ച്, വിവിധ വകുപ്പുകളുടെ ചുമതലകൾ നിഷ്കർഷിച്ച് ദുരന്ത ലഘൂകരണം വകുപ്പുകളുടെ സ്ഥിര വികസന പ്രവർത്തികളിൽ നിരന്തരവല്കരിക്കാനുള്ള അധികാരം അതോറിറ്റിയിൽ നിക്ഷിപ്തമാണ്. കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുഖ്യമന്ത്രി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| റവന്യൂ വകുപ്പ് മന്ത്രി | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Vice Chairman) |
| ആഭ്യന്തര വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| കൃഷി വകുപ്പ് മന്ത്രി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ചീഫ് സെക്രട്ടറി | മുഖ്യ ഭരണ നിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം | അംഗവും കാര്യക്കാരനും (എക്സ്-ഒഫിഷ്യോ) (Member Secretary) |

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA)

ദുരന്ത നിവാരണ നിയമത്തിന്റെ ഇരുപതാം വകുപ്പനുസരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, 4 സെക്രട്ടറിമാർ അംഗങ്ങളുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (State Executive Committee of KSDMA) പ്രവർത്തിച്ച് വരുന്നു. സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കുക, ദേശീയ, സംസ്ഥാന അതോറിറ്റികളുടെ പദ്ധതികൾ നടപ്പാക്കുക, ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളുടെ ഏകോപനം ഉറപ്പ് വരുത്തുക, പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുക, അടിയന്തര ഘട്ടത്തിൽ ദുരന്ത പ്രതികരണം ഉറപ്പുവരുത്തുവാൻ ആവശ്യമായ ഉത്തരവുകളും, നിർദ്ദേശങ്ങളും വിവിധ വകുപ്പുകൾക്ക് ബാധകമായ രീതിയിൽ പുറപ്പെടുവിക്കുക, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ പ്രവർത്തന നിയന്ത്രണം, ദുരന്ത നിവാരണത്തിനായുള്ള സങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയുടെ പ്രവർത്തന നിയന്ത്രണം, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടേയും (State Disaster Mitigation Fund), സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെയും (State Disaster Response Fund) വിനിയോഗ നിയന്ത്രണം എന്നിവ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതിയിൽ നിക്ഷിപ്തമാണ്. സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ചീഫ് സെക്രട്ടറി | അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗവും കൺവീനറും (എക്സ്-ഒഫിഷ്യോ) (Member Convenor) |
| ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |

## സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെ ഉപസമിതികൾ

- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം – GO (Rt)No. 475/2018/DMD dated 04-09-2018

## അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ

സംസ്ഥാനതലത്തിൽ മൂന്ന് അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

- പ്രകൃതി ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായ സമിതി GO (Ms) No. 68/2011/DMD dated 8-2-2011 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- മനുഷ്യ നിർമ്മിത ദുരന്തങ്ങളുടെ അടിയന്തരഘട്ട കാര്യനിർവ്വഹണ സമിതി: ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, സംസ്ഥാന പോലീസ് മേധാവി കൺവീനറുമായ സമിതി GO (Rt) No. 6410/2013/DMD dated 29-11-2013 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.
- ഖനന മേഖലയിലെ അപകടങ്ങൾ: വ്യവസായ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായും, ജിയോളജി വകുപ്പ് ഡയറക്ടർ കൺവീനറുമായ സമിതി GO (Rt) No. 542/14/ID dated 26-05-2014 പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

## ഉപദേശക സമിതികൾ

- ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ വിദഗ്ദ്ധ സംഘം - GO (Rt) No. 356/2020/DMD dated 17-03-2020
- മണ്ണിടിച്ചിൽ/ഉരുപൊട്ടൽ മേഖലയിലെ ഗൃഹ നിർമ്മാണം – GO (Rt) No. 644/2018/DMD dated 30-11-2018
- മിനിമം റിലീഫ് കോഡ് – GO (Ms) No. 7/2018/DMD dated 21-6-2018
- സ്കൂൾ സുരക്ഷ – GO (Rt) No. 271/2018/DMD dated 11-05-2018
- ദുരന്ത പ്രതികരണ കാര്യക്ഷമത വർദ്ധിപ്പിക്കൽ – GO (Rt) No. 86/2017/DMD dated 12-12-2017
- ഭൂമി കുലുക്ക പ്രതിരോധ നിർമ്മാണം – GO (Rt) No. 1299/2015/DMD dated 12-03-2015
- മുല്ലപ്പെരിയാർ ദുരന്ത ലഘൂകരണം – GO (Rt) No. 6084/2011/DMD dated 17-12-2011

## കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കാര്യാലയം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെയും തീരുമാനങ്ങൾ ക്രോഡീകരിക്കുക, ജില്ല ദുരന്ത നിവാരണ അതോറിറ്റികൾക്ക് ആവശ്യമായ നിർദേശങ്ങൾ മേൽ തീരുമാനങ്ങളുടെ വെളിച്ചത്തിൽ അറിയിക്കുക, സംസ്ഥാന അതോറിറ്റിയുടെ സാമ്പത്തിക വിനിയോഗം നിയന്ത്രിക്കുക, ജില്ലാ അതോറിറ്റികൾക്ക് പ്രവർത്തനത്തിന്

ആവശ്യമായ ഫണ്ട് സംസ്ഥാന കാര്യനിർവഹണ സമിതിയുടെ തീരുമാനമനുസരിച്ച് ലഭ്യമാക്കുക, സംസ്ഥാന ദുരന്ത ലഘൂകരണ നിധിയുടെ വിനിയോഗം മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച്, സംസ്ഥാന കാര്യനിർവ്വഹണ സമിതിയുടെയും തീരുമാനത്തിന് അനുസരിച്ച് ജില്ല അതോറിറ്റികൾക്ക് ലഭ്യമാക്കുക, ദുരന്ത അവബോധ പ്രവർത്തനങ്ങൾ നടത്തുക എന്നീ ദൈനംദിന പ്രവർത്തനങ്ങൾ ഈ കാര്യാലയം നടത്തുന്നു.

| ക്രമ നം | തസ്തിക | പേര് | കാലയളവ് |
|---|---|---|---|
| 1 | മുഖ്യ ഭരണനിർവ്വാഹകൻ (ചീഫ് സെക്രട്ടറി) (എക്സ്-ഒഫിഷ്യോ) | ശ്രീ. ടോം ജോസ് | 01-04-2019 – തുടരുന്നു |
| 2 | അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് - കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി & സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ (ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണ-സാമ്പത്തിക അധികാരമുള്ള വകുപ്പ് മേധാവി) (എക്സ്-ഒഫിഷ്യോ) | ഡോ. വി. വേണു | 01-04-2019 – തുടരുന്നു |
| 3 | മെമ്പർ സെക്രട്ടറി (എക്സ്-ഒഫിഷ്യോ) | ഡോ. ശേഖർ എൽ. കുര്യാക്കോസ് | 01-04-2019 – തുടരുന്നു |
| 4 | സീനിയർ ഫിനാൻസ് ഓഫീസർ | ലാൻഡ് റവന്യൂ കമ്മിഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ | അധിക ചുമതല |
| 5 | സെക്ഷൻ ഓഫീസർ (ഡെപ്യൂട്ടേഷൻ) | ശ്രീ. സിജി എം. തങ്കച്ചൻ | 01-04-2019 – 24-07-2019 |
| | ചീഫ് മാനേജർ (ഡെപ്യൂട്ടേഷൻ) [തസ്തിക പുനർനാമകരണ ഉത്തരവ് GO (Rt) No. 442/2019/DMD dated 25-7-2019] | | 25-07-2019 – 14-03-2020 |

| | | | |
|---|---|---|---|
| 6 | സീനിയർ ക്ലാർക്ക് (ഡെപ്യൂട്ടേഷൻ) | ശ്രീമതി. ഇന്ദു എം.എസ് | 01-04-2019 – 14-03-2020 |
| | അഡ്മിനിസ്ട്രേടിവ് മാനേജർ (ഡെപ്യൂട്ടേഷൻ) [തസ്തിക പുനർനാമകരണ ഉത്തരവ് GO (Rt) No. 442/2019/DMD dated 25-7-2019] | | 25-07-2019 – 14-03-2020 |
| 7 | കണക്കുപരിശോധക (കരാർ) | ശ്രീമതി. ഉനൈസ്സ എ | 01-04-2019 – തുടരുന്നു |
| 8 | ഓഫീസ് സഹായി (കരാർ) | ശ്രീ. ശ്രീനിവാസൻ ടി | 01-04-2019 – തുടരുന്നു |

**കേരള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം**

സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ ആയ അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവര ശേഖരണം, സാധ്യമായ ദുരന്തങ്ങളുടെ മുന്നറിവ് ചട്ടപ്പടി (Standard Operating Procedure പ്രകാരം) നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം, സംസ്ഥാന തലത്തിൽ അവബോധ പ്രവർത്തനങ്ങൾ എന്നിവ നിർവ്വഹിച്ചു വരുന്നു. സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, സംസ്ഥാന-ജില്ലാ ദുരന്ത ലഘൂകരണ (State and District Disaster Management Plans) പദ്ധതികൾ തയ്യാറാക്കുക എന്ന ചുമതലയും ഈ കാര്യാലയത്തിൽ നിക്ഷിപ്തമാണ്.

സംസ്ഥാന അതോറിറ്റിക്കായി ശാസ്ത്രീയമായ പ്രതിരോധ, പ്രതികരണ പ്രവർത്തന വിശകലന സംവിധാനങ്ങൾ ഈ കാര്യാലയത്തിലാണ് പ്രവർത്തിക്കുന്നത്. വിവിധ മേഖലകളിൽ ദുരന്ത പ്രതിരോധ ശേഷി വർദ്ധനവിനായി ഈ കാര്യാലയം സ്വദേശ-വിദേശ സർവകലാശാലകളുമായി ഗവേഷണ പ്രവർത്തനങ്ങളും, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങളും നടത്തി വരുന്നു. ഈ കാര്യാലയത്തിൽ 2019-20 ൽ ലഭ്യമായിരുന്ന മാനവശേഷി ചുവടെ പ്രതിപാദിക്കുന്നു.

| **ക്രമ നം.** | **തസ്തിക** | **പേര്** | **കാലയളവ്** |
|---|---|---|---|
| 1 | അഡീഷണൽ ചീഫ് സെക്രട്ടറി, ദുരന്ത നിവാരണ വകുപ്പ് - | ഡോ. വി. വേണു | 01-04-2019 – തുടരുന്നു |

| | | | | |
|---|---|---|---|---|
| | കൺവീനർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി & സംസ്ഥാന ദുരിതാശ്വാസ കമ്മീഷണർ (ദുരന്ത നിവാരണ അതോറിറ്റിയുടെ ഭരണ-സാമ്പത്തിക അധികാരമുള്ള വകുപ്പ് മേധാവി) (എക്സ്-ഒഫിഷ്യോ) | | | |
| 2 | മുഖ്യ ശാസ്ത്രജ്ഞൻ, സംസ്ഥാന അടിയന്തിരഘട്ട കാര്യ നിർവഹണ കേന്ദ്രം (സ്ഥിരം നിയമനം) | ഡോ. ശേഖർ എൽ. കുര്യാക്കോസ് | | 02-04-2011 – തുടരുന്നു |
| 3 | സീനിയർ ഫിനാൻസ് ഓഫീസർ (അധിക ചുമതല) | ലാൻഡ് റവന്യൂ കമ്മിഷണർ ഓഫീസിലെ സീനിയർ ഫിനാൻസ് ഓഫീസർ | | |
| 4 | ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധ (Hazard and Risk Analyst) (കരാർ നിയമനം) | ശ്രീമതി. പാർവതി എസ് | | 02-03-2012 – 15-06-2019 |
| | | ശ്രീ. പ്രദീപ് ജി.എസ് | | 01-02-2020- തുടരുന്നു |
| 5 | സംസ്ഥാന പ്രോജക്റ്റ് ഓഫീസർ (കരാർ നിയമനം) | ശ്രീ. ജോ ജോൺ ജോർജ് | | 01-11-2014 – തുടരുന്നു |
| 6 | ദുരന്ത ആഘാത സാധ്യതാ അവലോകന വിദഗ്ദ്ധർ (Hazard Analysts) (കരാർ നിയമനം) | സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം | ശ്രീ. പ്രദീപ് ജി.എസ് | 13-07-2012 – 31-01-2020 |
| | | | ശ്രീ. രാജീവ് ടി.ആർ | 06-03-2012 – തുടരുന്നു |
| | | | കുമാരി അനുപമ എൻ | 16-6-2014 – 31-03-2020 |
| | | | ശ്രീമതി നീതു വി. തോമസ് | 05-03-2019 – തുടരുന്നു |
| | | | കുമാരി അഞ്ജലി എസ്. രവി | 20-12-2017 – 31-12-2019 |

| | | | | |
|---|---|---|---|---|
| | | | ശ്രീ. നിധിൻ ഡേവിസ് | 08-01-2018 – 13-01-2020 |
| | | | ശ്രീ. സത്യകുമാർ സി.ജെ | 26-12-2017 – തുടരുന്നു |
| | | | ശ്രീ. റോണു മാത്യു | 09-02-2018 – തുടരുന്നു |
| | | | ശ്രീ. ഫഹദ് മർസൂക്ക് | 27-6-2018 – തുടരുന്നു |
| | | | ശ്രീ. അജിൻ ആർ.എസ് | 17-02-2020- തുടരുന്നു |
| | | | ശ്രീ.നിഖിൽ എസ് | 29-02-2020 - തുടരുന്നു |
| | | | ശ്രീമതി. ശില്പ സി | 29-02-2020 - തുടരുന്നു |
| | | ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം | ശ്രീമതി രാജലക്ഷ്മി രാധാകൃഷ്ണൻ (തിരുവനന്തപുരം) | 20-12-2017 - തുടരുന്നു |
| | | | ശ്രീമതി നീതു വി. തോമസ് (കൊല്ലം) | 01-06-2018 – 05-03- 2019 |
| | | | ഡോ. ശ്രീജ എം.യു (കൊല്ലം) | 01-04-2019 – തുടരുന്നു |
| | | | ശ്രീമതി ഗോപിക ജി.എൽ (പത്തനംതിട്ട) | 02-07-2018 – തുടരുന്നു |
| | | | ഡോ. ആൻഡ്രൂ സ്പെൻസർ (കോട്ടയം) | 1-11-2016 – 6-3-2020* |
| | | | ശ്രീമതി ചിന്തുമോൾ സി (ആലപ്പുഴ) | 06-08-2018 – തുടരുന്നു |
| | | | ശ്രീ. അജിൻ ആർ.എസ് (ഇടുക്കി) | 30-05-2018 – 17-02-2020 |
| | | | ശ്രീമതി സുസ്മി | 17-02-2020- തുടരുന്നു |

| | | | | |
|---|---|---|---|---|
| | | | സണ്ണി (ഇടുക്കി) | |
| | | | ശ്രീമതി അഞ്ജലി പി (എറണാകുളം) | 06-03-2012 – തുടരുന്നു |
| | | | ശ്രീമതി അശ്വതി പി (കോഴിക്കോട്) | 16-6-2014 – തുടരുന്നു |
| | | | കുമാരി ആശ കിരൺ (വയനാട്) | 01-11-2016 – 01-06-2019 |
| | | | ശ്രീമതി ആശ കിരൺ (പാലക്കാട്) | 01-06-2019- 31-01-2020 |
| | | | കുമാരി അതുല്യ തോമസ് (തൃശ്ശൂർ) | 30-05-2018 – തുടരുന്നു |
| | | | ശ്രീമതി അമൃത കെ (മലപ്പുറം) | 02-07-2018 – തുടരുന്നു |
| | | | ശ്രീമതി അശ്വതി പി (കോഴിക്കോട്) | 16-06-2014 – തുടരുന്നു |
| | | | ശ്രീ. അരുൺ പീറ്റർ (വയനാട്) | 27-06-2018 – തുടരുന്നു |
| 7 | ഓഫീസ് മാനേജർ, സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ കേന്ദ്രം (ലാൻഡ് റവന്യു വകുപ്പിൽ നിന്നും ജോലി ക്രമീകരണ വ്യവസ്ഥയിൽ ക്ലാർക്ക്) | ശ്രീ. രാജകുമാരൻ തമ്പി | | 01-04-2019 – തുടരുന്നു |
| 8 | ഓഫീസ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ | കുമാരി ബിജി എസ് | | 14-03-2012 – തുടരുന്നു |

| | | | |
|---|---|---|---|
| | നിയമനം). മൾട്ടി-ടാസ്ക്കിങ് ഓഫീസർ [തസ്തിക പുനർനാമകരണ ഉത്തരവ് GO (Rt) No. 442/2019/DMD dated 25-7-2019] | | |
| 9 | ഓഫീസ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം). മൾട്ടി-ടാസ്ക്കിങ് ഓഫീസർ [തസ്തിക പുനർനാമകരണ ഉത്തരവ് GO (Rt) No. 442/2019/DMD dated 25-7-2019] | കുമാരി ശ്യാമ മോഹൻ | 1-6-2015 – തുടരുന്നു |
| 10 | കമ്പ്യൂട്ടർ ഓപ്പറേറ്ററും, ഓഫീസ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം). മൾട്ടി-ടാസ്ക്കിങ് ഓഫീസർ [തസ്തിക പുനർനാമകരണ ഉത്തരവ് GO (Rt) No. 442/2019/DMD dated 25-7-2019] | കുമാരി നിഷ എം.ആർ | 15-02-2016 – തുടരുന്നു |
| 11 | ഫീൽഡ് അസിസ്റ്റന്റെ (കരാർ തസ്തിക, കരാർ നിയമനം) | Vacant | |
| 12 | ഓഫീസ് സഹായി (കരാർ തസ്തിക, കരാർ നിയമനം) | ശ്രീ. ബലറാം | 18-01-2012 – തുടരുന്നു |
| 13 | ഡ്രൈവർമാർ (3) | ദിവസ വേതനം | |
| **കേരള സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന് റീബിൽഡ് കേരള ഇനിഷ്യറ്റിവ് വഴി അധിക സാങ്കേതിക തസ്തികകൾ** | | | |
| 1 | റൂറൽ ഡെവലെപ്മെന്റ് സ്പെഷ്യലിസ്റ്റ് | ശ്രീ. ടിനോജ് ജോൺ | 23-03-2020 - തുടരുന്നു |
| 2 | ആർക്കിറ്റെക്റ്റ് | ശ്രീമതി ഇന്ദു വി | 03-03-2020 - തുടരുന്നു |

| | | | |
|---|---|---|---|
| 3 | ജി.ഐ.സ് സ്പെഷ്യലിസ്റ്റ് | ഡോ. രവീന്ദ്രൻ എസ് | 09-03-2020-തുടരുന്നു |
| *ഡോ. ആൻഡ്രൂ സ്പെൻസർ (കോട്ടയം) 6-3-2020 മുതൽ അനധികൃതമായി ഓഫീസിൽ ഹാജർ ആകാതെ ഇരിക്കുന്നതിനാൽ 11-3-2020ന് നോട്ടീസ് നല്കി | | | |

## ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ

ദുരന്ത നിവാരണ നിയമം 2005ൽ നിഷ്കർഷിക്കുന്നത് പ്രകാരം സംസ്ഥാന സർക്കാർ വിജ്ഞാപനത്തിലൂടെ 14 ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ സ്ഥാപിച്ചിട്ടുണ്ട്. ദേശീയ-സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതികളും, മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ച് അതാത് ജില്ലകളിൽ ദുരന്ത നിവാരണ ആസൂത്രണം, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതി തയ്യാറാക്കൽ, അടിയന്തിരഘട്ട പ്രവർത്തന ഏകോപനം, ദുരന്ത പ്രതികരണ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന അവബോധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ, ദുരന്ത മുന്നറിയിപ്പ് സംവിധാനം സ്ഥാപിച്ച് പരിപാലിക്കൽ, പൊതുജനങ്ങൾക്ക് ദുരന്ത മുന്നറിയിപ്പ് എത്തിക്കുക, തദ്ദേശ സ്ഥാപനങ്ങൾക്കും, വിവിധ വകുപ്പുകൾക്കും ദുരന്ത ലഘൂകരണത്തിന് ആവശ്യമായ നിർദ്ദേശം നൽകൽ എന്നിവ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളിൽ നിക്ഷിപ്തമായ കർത്തവ്യമാണ്. ജില്ലാ തലത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ, പോലീസ്, റവന്യൂ, അഗ്നി സുരക്ഷ എന്നീ വകുപ്പുകളുടെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ജില്ലാ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | |
|---|---|
| ജില്ലാ കളക്ടർ | അധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Chairman) |
| ജില്ലാ പഞ്ചായത്ത് അദ്ധ്യക്ഷൻ | സഹ-അദ്ധ്യക്ഷൻ (എക്സ്-ഒഫിഷ്യോ) (Co-Chairman) |
| ഡെപ്യൂട്ടി കളക്ടർ, ദുരന്ത നിവാരണം (തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ)/ അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് (കൊല്ലം, കോട്ടയം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ്) | മുഖ്യ ഭരണനിർവ്വാഹകൻ (എക്സ്-ഒഫിഷ്യോ) (Chief Executive Officer) |
| ജില്ലാ പോലീസ് മേധാവി | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |
| ജില്ലാ അഗ്നി സുരക്ഷാ ഓഫീസർ | അംഗം (എക്സ്-ഒഫിഷ്യോ) (Member) |

| | | |
|---|---|---|
| ഒരു ജില്ലാ തല ഉദ്യോഗസ്ഥൻ അംഗം [(എക്സ്-ഒഫിഷ്യോ) (Member)] | തിരുവനന്തപുരം - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മേജർ ജലസേചനം |
| | പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ - പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| | കൊല്ലം, ആലപ്പുഴ, കാസർഗോഡ് - ഡെപ്യൂട്ടി ഡയറക്ടർ ഫിഷറീസ് |
| | കോട്ടയം - ജില്ലാ സപ്ലൈ ഓഫീസർ |
| | ഇടുക്കി, തൃശൂർ - എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതു മരാമത്ത് |
| | പാലക്കാട് - എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലമ്പുഴ |
| | എറണാകുളം – റവന്യു ഡിവിഷണൽ ഓഫീസർ, ഫോർട്ട് കൊച്ചി |

# ഉള്ളടക്കം

1. പ്രവർത്തനങ്ങൾ........22
1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം........22
1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം........22
1.3 സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (SEOC)........22
1.4 വിവര സാങ്കേതിക-ആശയ വിനിമയ സംവിധാനങ്ങളുടെ ശാക്തീകരണം........25
1.5 ദുരന്ത സാധ്യതാ അപഗ്രഥന ലാബ് (Risk Lab)........26
1.6 2019 വേനൽക്കാല അവലോകനം........26
1.7 കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗരേഖ (Kerala State Heat Action Plan)........29
1.8 അൾട്രാവയലറ്റ് സെൻസറുകൾ (UV Sensors)........31
1.9 ദിനാവസ്ഥ നിരീക്ഷണ സംവിധാനം മെച്ചപ്പെടുത്തൽ........32
1.10 ലോക പുനർനിർമ്മാണ സമ്മേളനം........33
1.11 നമ്മൾ നമുക്കായി ക്യാമ്പയിൻ........35
1.11.1 ജനകീയം ഈ അതിജീവനം........36
1.11.2 ടെക്നിക്കൽ സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ........37
1.12 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതികൾ........38
1.12.1 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതി - പരിശീലന പരിപാടികൾ........39
1.13 സ്കൂൾ സുരക്ഷ ക്യാമ്പയിൻ (School Safety Campaign) – 2019........39
1.13.1 സ്കൂൾ സുരക്ഷ പദ്ധതി - KSDMA, UNDP & FDA - ഒക്ടോബർ- ഡിസംബർ 2019........40
1.13.2 സ്കൂൾ സുരക്ഷ - ഏകദിന ശില്പശാല, 22 ജൂൺ 2019........41
1.13.3 സ്കൂൾ സുരക്ഷ – KSDMA & UNICEF........42
1.13.4 സമഗ്ര സ്കൂൾ സുരക്ഷ - സംസ്ഥാനതല കൺസൾട്ടേഷൻ, 2020 മാർച്ച് 02........42
1.14 സുരക്ഷിത കേരളം - നിർമ്മാണ മേഖലയിൽ നടത്തിയ ഇടപെടലുകൾ........43
1.14.1 സുരക്ഷിത കൂടൊരുക്കും കേരളം, 2019 ഏപ്രിൽ 8-9........43
1.14.2 ഷെൽട്ടർ ഹബ്ബുകൾ - സുരക്ഷിത ഭവന നിർമ്മാണ സാങ്കേതികസഹായ കേന്ദ്രം - രണ്ടാം ഘട്ട പ്രവർത്തനങ്ങൾ, ഏപ്രിൽ- ജൂൺ 2019........43

1.14.3 നിർമിതി കേന്ദ്രയുടെ പരിശീലകർക്കായുള്ള പരിശീലനം, 29-31 ഒക്ടോബർ 2019 ........ 44

1.14.4 ദുരന്ത അതിജീവന നിർമാണ രീതി പരിശീലനം - ലൈഫ് മിഷൻ റീബിൽഡ് ഹബ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, 17-19 നവംബർ 2019 45

1.14.5 ആർകിടെക്ടുമാർക്കും സിവിൽ എഞ്ചിനീയർമാർക്കുമുള്ള പരിശീലനം - നവംബർ 2019 ........ 46

1.15 പ്രത്യുദ്ധാനം-2019 ........ 46

1.16 ഡിസാസ്റ്റർ ഇൻഫർമേഷൻ ഇനിഷ്യേറ്റീവ് - ഏകദിന ശില്പശാല - 27 മെയ് 2019 ........ 48

1.17 ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 2 (കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖ) ........ 48

1.18 മൺസൂൺ 2019 ........ 49

1.18.1 2019-ലെ കാലവർഷ മുന്നൊരുക്കം ........ 49

1.18.2 2019-ലെ കാലവർഷ അവലോകനം ........ 51

1.18.3 ഓഗസ്റ്റിലെ അധിവൃഷ്ടിയും പ്രകൃതിക്ഷോഭവും ........ 52

1.18.4 2019-ലെ പ്രളയ ദുരന്തം ........ 56

1.18.5 മെമ്മോറാണ്ടം 2019 ........ 63

1.19 ദുരന്ത സാധ്യതാ മേഘലയിൽ നിന്നുള്ള പുനരധിവാസം ........ 64

1.20 ദുരന്ത ലഘൂകരണം: വയോജനങ്ങൾക്കും സാന്ത്വന ചികിത്സയിലുള്ളവർക്കും - ഏകദിന ശില്പശാല, 15 ജൂൺ 2019 ........ 64

1.21 അമേരിക്ക വിത്ത് കേരള ........ 65

1.21.1 അമേരിക്ക വിത്ത് കേരള - ത്രിദിന ശില്പശാല, 2019 ജൂൺ 24-26 .... 65

1.21.2 അമേരിക്ക വിത്ത് കേരള - പോളിസി പ്ലാനിങ് & ഇൻഫ്രാ സ്ട്രക്ച്ചർ ശില്പശാല, 2019 ജൂലൈ 23-25 ........ 66

1.21.3 അമേരിക്ക വിത്ത് കേരള - സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ ശില്പശാല, 2019 ഒക്ടോബർ 22-24 ........ 66

1.22 ആശുപത്രി സുരക്ഷ (ഹോസ്പിറ്റൽ സേഫ്റ്റി) ക്യാമ്പയിൻ ........ 67

1.22.1 ആശുപത്രി സുരക്ഷ - സംസ്ഥാനതല ആലോചന യോഗം, ജൂലൈ 2019 67

1.22.2 സംസ്ഥാനത കൺസൾട്ടേഷൻ - ആശുപത്രി സുരക്ഷയും ദുരന്ത നിവാരണവും, 2019 നവംബർ 14 ........ 67

1.22.3 ആശുപത്രി സുരക്ഷാ ആസൂത്രണം - പരിശീലകർക്കുള്ള പരിശീലനം, നവംബർ 2019 ........ 68

1.23 ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കൽ ........ 68

1.23.1 ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ - ദ്വിദിന പരിശീലനവും പങ്കാളിത്ത ദുരന്ത നിവാരണ പ്ലാൻ ആലോചനയോഗവും, 2019 ജൂലൈ .. 68

1.23.2 ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ പുനരവലോകനം - ജില്ലാതല കൺസൾട്ടേഷൻ യോഗങ്ങൾ, ഓഗസ്റ്റ്-നവംബർ 2019 ..... 69

1.23.3 ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ പുനരവലോകനം - സിവിൽ സൊസൈറ്റി ജില്ലാതല കൺസൾട്ടേഷൻ യോഗങ്ങൾ, ഒക്ടോബർ-നവംബർ 2019 ..... 69

1.23.4 ജില്ലാ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കൽ - കൂടിയാലോചനയും എഴുത്തുകളരിയും, ഡിസംബർ 2019 & ഫെബ്രുവരി 2020 ..... 70

1.23.5 ജില്ല ദുരന്ത നിവാരണ പ്ലാനുകളുടെ പുനരവലോകനം - സംസ്ഥാനതല ഉപദേശകസമിതി യോഗം ..... 70

1.24 സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി (Virtual Cadre) ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ..... 71

1.25 ആപത മിത്ര ..... 72

1.25.1 ആപത മിത്ര വളണ്ടിയർമാർക്കുള്ള പരിശീലനം - ജൂലൈ 2019 .. 73

1.26 ക്ലൈമറ്റ് ലീഡർഷിപ് പ്രോഗ്രാം - 2019 ജൂലൈ 9-14 ..... 74

1.27 സിവിൽ ഡിഫൻസ് സേന ..... 74

1.28 സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണം - സംസ്ഥാനതല ആലോചനായോഗം, 2019 ജൂലൈ 16 ..... 75

1.29 ദുരന്ത പ്രതികരണത്തിൽ കമ്മ്യൂണിറ്റി റേഡിയോയുടെ പങ്ക് - ആലോചനക്കും ആസൂത്രണത്തിനുമായുള്ള യോഗം, 2019 ജൂലൈ 29 ..... 75

1.30 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പ്ലാനുകൾക്കായുള്ള എഴുത്തുകളരി - 2019 സെപ്തംബര് 18-19 ..... 76

1.31 കൊച്ചി നഗരത്തിലെ വെള്ളക്കെട്ടും ഓപ്പറേഷൻ ബ്രേക്ക്ത്രൂവും - ഒക്ടോബർ 2019 ..... 76

1.32 ന്യൂനമർദങ്ങളും ചുഴലിക്കാറ്റുകളും ..... 76

1.33 മലയാള വാരാഘോഷം - നവംബർ 1-7, 2019 ..... 79

1.34 KSDMA-UNICEF സംഘത്തിൻറെ ദുരന്ത ബാധിത പ്രദേശങ്ങളിലെ സന്ദർശനം - 2019 നവംബർ 21-22 ..... 80

1.35 ദ്വിദിന ശില്പശാല - ശിശു കേന്ദ്രീകൃത റിസ്ക് ഇൻഫോംഡ് പ്രോഗ്രാമിങ്, 16-17 ഡിസംബർ 2019 ..... 80

1.36 സന്നദ്ധ സേന ..... 81

1.37 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ..... 82

1.37.1 കോവിഡ്19 – പ്രാഥമിക ഘട്ടം ..... 82

1.37.2 കോവിഡ്19 – മാർച്ച് 2020 - ആദ്യ തരംഗം ..... 83

1.37.3 കോവിഡ്19 പ്രവചന ഗണിതശാസ്ത്ര മാതൃക ..... 87

1.38 പഠന-ഗവേഷണ പ്രവർത്തനങ്ങളും റിപ്പോർട്ടുകളും ..... 89

1.38.1 തിരുമ്പാടി ഉരുൾപൊട്ടൽ പഠനം, ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട ........ 89
1.38.2 കുഴലീകൃത മണ്ണൊലിപ്പ്, NCESS പഠനം ........ 89
1.38.3 ഇടുക്കിയിലെ ഉരുൾപൊട്ടൽ ബാധിത മേഖല സന്ദർശനം, 2019 ജൂൺ 90
1.38.4 സാമൂഹിക മാധ്യമങ്ങളെ ദുരന്ത നിവാരണത്തിൽ മുഖ്യധാരാവൽക്കരിക്കുന്നതിനുള്ള നിർദേശങ്ങൾ ........ 90
1.38.5 വയനാട് ആദിവാസി സമൂഹത്തിനുള്ള ഗൃഹനിർമാണ മാതൃക - ഗവേഷണ റിപ്പോർട്ട് ........ 90
1.39 മാർഗനിർദേശങ്ങളും (Guidelines) മറ്റു പ്രസിദ്ധീകരണങ്ങളും ........ 90
1.39.1 പത്രമാധ്യമങ്ങളിലും ആനുകാലികങ്ങളിലും KSDMA ഉദ്യോഗസ്ഥർ എഴുതി പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ........ 91
1.40 KSDMA-UNICEF സഹകരണം ........ 92
1.41 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശ്രദ്ധേയമായ ഇടപെടലുകൾ ........ 92
1.41.1 കൊല്ലം ജില്ലാ എമെർജൻസി ഓപ്പറേഷൻസ് സെന്റർ (DEOC) ........ 92
1.41.2 കൊല്ലം DDMA - ഡിപ്പാർട്ട്മെന്റൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ 93
1.41.3 കൊല്ലം DDMA - വിദ്യാർത്ഥികളുടെ ദ്രുത പ്രതികരണ സേന ........ 93
1.41.4 എറണാകുളം DDMA - ഓപ്പറേഷൻ ബ്രേക്ക്ത്രൂ ........ 93
1.41.5 എറണാകുളം DDMA - ഹോസ്പിറ്റൽ സേഫ്റ്റി ........ 94
1.41.6 എറണാകുളം DDMA - ഭൂകമ്പ മോക്ക്ഡ്രിൽ ........ 94
1.41.7 വയനാട് DDMA - IDRR ദിനം – 2019 ........ 95
1.42 മാധ്യമങ്ങളുമായുള്ള സഹകരണം ........ 95
1.43 കോടതി കേസുകൾ ........ 95
1.44 കലണ്ടർ ........ 96
1.45 ഫയലുകൾ, നിയമസഭ, പാർലമെന്റ് നടപടികൾക്കുള്ള വിവരം ലഭ്യമാക്കൽ ........ 97
1.46 ശബരിമല മഹോൽസവം - ഇ.ഓ.സികളുടെ പ്രവർത്തനങ്ങൾ ........ 97
1.47 പ്രചാരണ പരിപാടികൾ ........ 99
1.48 അതോറിറ്റിയിലെ ഉദ്യോഗസ്ഥർ സംഘടിപ്പിച്ച/പങ്കെടുത്ത വിവിധ പരിശീലന/അവബോധ പരിപാടികൾ ........ 99
1.49 സാമൂഹിക അവബോധ ക്ലാസ്സുകളും മോക്ക് ഡ്രില്ലുകളും - ദേശീയ ദുരന്ത പ്രതികരണ സേനയുമായി ചേർന്ന് നടത്തിയവ ........ 112
1.50 പഠന അവസരങ്ങൾ ........ 114
2. സാമ്പത്തിക വിനിയോഗം 2019-20 ........ 120

3. ഉപസംഹാരം ........ 122

4. അനുബന്ധം ........ 123

4.1 അനുബന്ധം 1: ലോക പുനർനിർമ്മാണ സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണ രൂപം (മലയാള പരിഭാഷ) 123

4.2 അനുബന്ധം 2: 'ജനകീയം ഈ അതിജീവനം' ക്യാമ്പയിനിൻ്റെ ഭാഗമായി പ്രദർശിപ്പിച്ച വിവരങ്ങൾ - സംസ്ഥാനതലം ........ 127

4.2.1 കാർഷിക മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ ........ 128

4.2.2 മൃഗ സംരക്ഷണ മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ ........ 130

4.2.3 വിദ്യാഭാസ മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ ........ 132

4.2.4 വൈദ്യുതി മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ ........ 133

4.2.5 ആരോഗ്യ മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ ........ 135

4.2.6 വീടുകളുടെ പുനർനിർമ്മാണം - ജില്ല തിരിച്ചുള്ള കണക്കുകൾ 136

4.2.7 ഉപജീവനം - ജില്ല തിരിച്ചുള്ള കണക്കുകൾ ........ 138

4.2.8 റോഡ് പുനർനിർമാണം - ജില്ല തിരിച്ചുള്ള കണക്കുകൾ ........ 140

4.2.9 അവശ്യ രേഖ അദാലത്തുകൾ - ജില്ല തിരിച്ചുള്ള കണക്കുകൾ.. 142

4.3 അനുബന്ധം 3: 2019-20 വർഷത്തിൽ ദുരന്ത സാഹചര്യം അതിജീവിക്കുന്നതിനും, പൊതു സമൂഹത്തിന്റെ ആത്മവിശ്വാസം വളർത്തുന്നതിനും ബഹു. മുഖ്യമന്ത്രി സാമൂഹിക മാധ്യമങ്ങൾ വഴി പങ്കുവെച്ച കുറിപ്പുകൾ ........ 143

4.4 അനുബന്ധം 4: കോവിഡ്19 – കത്തുകൾ, പ്രധാന ഉത്തരവുകൾ ........ 157

4.5 അനുബന്ധം 5: കോവിഡ്19 – പ്രവചനം ........ 159

# 1. പ്രവർത്തനങ്ങൾ

## 1.1 സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം




2019-20 സാമ്പത്തിക വർഷത്തിൽ 9-8-2019ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യോഗം ചേർന്നു. കേന്ദ്ര ആഭ്യന്തര വകുപ്പും, യു.എൻ.ഡി.പിയും ചേർന്ന് തയ്യാറാക്കി 2019ൽ കേന്ദ്ര ആഭ്യന്തര വകുപ്പ് പ്രസിദ്ധീകരിച്ച Disaster risks and resilience in India - An analytical study എന്ന പഠനത്തിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളുടെ വിവിധ ഘടകങ്ങൾ പഠിച്ച് കേരളത്തിന്റെ ദുരന്ത പ്രതിരോധ ശേഷി രാജ്യത്തെതന്നെ 4ആം സ്ഥാനത്ത് ആണ് എന്നും, ദേശീയ ശരാശരിയേക്കാൾ മികച്ച സ്കോർ നേടിയ 5 സംസ്ഥാനങ്ങളുടെ പട്ടികയിൽ ആണ് എന്നും പ്രതിബാധിക്കുന്നു. കേരളം 100ൽ 41.9 എന്ന സ്കോർ ആണ് നേടിയത്.

## 1.2 കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം

2019-20 സാമ്പത്തിക വർഷത്തിൽ 26-04-2019, 06-05-2019, 25-06-2019, 24-09-2019, 21-10-2019, 02-11-2019, 17-12-2019, 03-02-2020, 07-02-2020, 02-03-2020, 04-03-2020, 18-03-2020 എന്നീ ദിവസങ്ങളിൽ സംസ്ഥാന കാര്യനിർവ്വഹണ സമിതി (SEC) യോഗം ചേർന്നിട്ടുണ്ട്.

## 1.3 സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (SEOC)

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ശാസ്ത്ര-സാങ്കേതിക വിഭാഗമായ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ വർഷം മുഴുവൻ 24*7 മണിക്കൂറും യാതൊരു തടസ്സവും കൂടാതെ പ്രവർത്തിച്ചു. ഇക്കാലയളവിൽ



സംസ്ഥാനത്തുണ്ടായ അതിതീവ്ര മഴ, ഉരുൾപൊട്ടൽ, കേരളത്തിൻറെ ദിനാന്തരീക്ഷവസ്ഥയെയോ കടൽ പ്രദേശത്തെയോ ബാധിച്ച ന്യൂനമർദങ്ങളും ചുഴലിക്കാറ്റുകളും ഉൾപ്പെടെയുള്ള പ്രകൃതി ദുരന്ത ഘട്ടങ്ങളിലും കോവിഡ് വ്യാപനവും ലോക്ക്ഡൌണും ഉൾപ്പെടെയുള്ള സമയത്തും പൂർണ്ണ സജ്ജമായി ജാഗ്രതയോടെ പ്രവർത്തിക്കാൻ SEOC ക്ക് സാധിച്ചു. അടിയന്തരഘട്ടങ്ങളിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ കൂടിയായ മുഖ്യമന്ത്രി നേരിട്ട് SEOCയിലെത്തുകയും

സ്ഥിതിഗതികൾ വിലയിരുത്തുകയും മാർഗ നിർദേശങ്ങൾ നൽകുകയുമുണ്ടായി. കെ.എസ്.ഡി.എം.എയുടെ ഉപാധ്യക്ഷനായ റവന്യൂ വകുപ്പ് മന്ത്രി, കെ.എസ്.ഡി.എം.എയുടെ സിഇഒ, സംസ്ഥാന റിലീഫ് കമ്മീഷ്ണർ എന്നിവർ SEOCയുടെ അടിയന്തരഘട്ട പ്രവർത്തനങ്ങൾക്ക് നേരിട്ടെത്തി നേതൃത്വം നൽകി.



സാധാരണ സമയങ്ങളിൽ കാലാവസ്ഥ വകുപ്പ്, അണക്കെട്ട് മാനേജർമാർ, കേന്ദ്ര ജലകമ്മീഷൻ തുടങ്ങിയ വകുപ്പുകളിൽ നിന്ന് സംസ്ഥാനത്തിന് നൽകുന്ന മുന്നറിയിപ്പുകളും സ്ഥിതി വിവരകണക്കുകളും പൊതുജനങ്ങൾക്കായി പ്രസിദ്ധീകരിച്ചു. മുന്നറിയിപ്പുകളും വിവരങ്ങളും സാധാരണ ജനങ്ങളുടെ ഭാഷയിലേക്ക് തർജ്ജമ ചെയ്ത് അവ കാരണം പ്രതീക്ഷിക്കേണ്ട ദുരന്ത സാധ്യതകളും സ്വീകരിക്കേണ്ട മുൻകരുതൽ നടപടികളും സഹിതമാണ് എല്ലാ ദിവസവും ഇത്തരം വിവരങ്ങൾ പ്രസിദ്ധീകരിച്ചത്. ബന്ധപ്പെട്ട വകുപ്പുകൾക്കും സംസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും രക്ഷാസേനകൾക്കും മാധ്യമങ്ങൾക്കും എല്ലാ മുന്നറിയിപ്പുകളും എത്തിക്കാൻ ശ്രദ്ധിച്ചു. KSDMA യുടെ ഔദ്യോഗിക വെബ്സൈറ്റ് വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയും പൊതുജനങ്ങളിലേക്ക് വിവരങ്ങൾ നേരിട്ട് എത്തിക്കാനും സാധിച്ചു.




അടുത്ത 5 ദിവസത്തേക്കുള്ള മഴ മുന്നറിയിപ്പുകൾ, അണക്കെട്ടുകളിൽ നിലവിലെ ജലനിരപ്പ്, വെള്ളം പുറത്തേക്കൊഴുക്കുന്ന അണക്കെട്ടുകളുടെ പട്ടിക, നദികളിലെ ജലനിരപ്പ്, ലഭിച്ച മഴയുടെ കണക്കുകൾ, മത്സ്യത്തൊഴിലാളി ജാഗ്രത നിർദേശം, അടുത്ത മണിക്കൂറുകളിൽ ദിനാന്തരീക്ഷവസ്ഥ സൂചിപ്പിക്കുന്ന നൗകാസ്റ്റുകൾ, ന്യൂനമർദ-ചുഴലിക്കാറ്റ് രൂപീകരണ സാദ്ധ്യതകൾ, രൂപം

കൊള്ളുന്ന ഘട്ടത്തിൽ അവയുടെ പ്രതീക്ഷിക്കുന്ന സഞ്ചാരപഥം, ഇടിമിന്നൽ സാധ്യത മുന്നറിയിപ്പ്, കടൽ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ, താപനില ഉയരാനുള്ള സാധ്യത മുന്നറിയിപ്പുകൾ തുടങ്ങിയ വിവരങ്ങൾ മുൻകൂട്ടി തയ്യാറാക്കി ഓറഞ്ച് ബുക്കിലൂടെ പ്രസിദ്ധീകരിച്ച ഫോർമാറ്റിൽ മുടക്കമില്ലാതെ പൊതുജനങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുകൾക്കും ദിനേനയെന്നോണം ലഭ്യമാക്കി. ഇന്ത്യയിൽ തന്നെ മറ്റൊരു സംസ്ഥാനത്തും ഇത്രയധികം വിവരങ്ങൾ സ്ഥിരമായി പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സൗകര്യം ഇതുവരെ ഒരുക്കപ്പെട്ടിട്ടില്ല.

ഹെഡ് സയന്റിസ്റ്റിൻറെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ പ്രാവീണ്യമുള്ള ഹസാഡ് അനലിസ്റ്റുമാർ, സെക്റ്ററൽ എക്സ്പേർട്ടുകൾ, മൾട്ടി ടാസ്കിങ് ഓഫീസർമാർ, അഡ്മിനിസ്ട്രേറ്റീവ് ഉദ്യോഗസ്ഥർ തുടങ്ങിയവരടങ്ങിയ സംവിധാ നമായിട്ടാണ് SEOCയുടെ ദൈനം ദിന പ്രവർത്തനങ്ങൾ നടക്കുന്നത്. എന്നാൽ അടിയന്തരഘട്ടങ്ങളിൽ ദേശീയ ദുരന്ത നിവാരണ സേന, കരസേന, വ്യോമ സേന, നാവിക സേന, അർദ്ധസൈനിക വിഭാഗങ്ങൾ, സംസ്ഥാന രക്ഷാസേനകൾ, KSEB, ജലസേചന വകുപ്പ്, മോട്ടോർ വെഹിക്കിൾ, ഫിഷെറീസ്, ഹെൽത്ത്, തദ്ദേശസ്ഥാപന വകുപ്പ്, പിആർഡി തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തരും SEOC യുടെ ഭാഗമായി 24*7 മണിക്കൂറും പ്രവർത്തിച്ചു. കോവിഡ് EOCയിലെ പ്രവർത്തനവും ശ്രദ്ധേയമായി.




കേന്ദ്ര ആഭ്യന്തര വകുപ്പും, യു.എൻ.ഡി.പിയും ചേർന്ന് തയ്യാറാക്കി 2019ൽ കേന്ദ്ര ആഭ്യന്തര വകുപ്പ് പ്രസിദ്ധീകരിച്ച Disaster risks and resilience in India - An analytical study എന്ന പഠനത്തിൽ കേരളാ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം (SEOC) പ്രത്യേക പരാമർശം നേടിയിട്ടുണ്ട്.

## 1.4 വിവര സാങ്കേതിക-ആശയ വിനിമയ സംവിധാനങ്ങളുടെ ശാക്തീകരണം

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഐ.ടി ആൻഡ് കമ്മ്യൂണിക്കേഷൻ മേഖലയെ കൂടുതൽ ശാക്തീകരിക്കുന്നതിനുവേണ്ടി വളരെ പ്രധാനപ്പെട്ട നടപടികൾ സ്വീകരിച്ച വർഷമായിരുന്നു 2019-2020. അതിലൊന്നാണ്, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രത്തെയും 14 ജില്ലാ അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രങ്ങളേയും, പോലീസ് വകുപ്പ്, ഫയർ ഫോഴ്സ്, സംസ്ഥാന റിലീഫ് കമ്മിഷണർ, NDRF എന്നിവരെ മറ്റൊരു തടസങ്ങളും കൂടാതെ വളരെ വേഗത്തിൽ ബന്ധപെടുന്നതിനായും ആശയ വിനിമയം നടത്തുന്നതിനായും BSNLന്റെ സഹായത്തോടെ മേൽ സൂചിപ്പിച്ചിട്ടുള്ള ഓഫീസുകളെ ഹോട്ട് ലൈൻ സംവിധാനം വഴി സാധിച്ചു. ഹോട്ട് ലൈൻ സംവിധാനത്തിലൂടെ ഏതെങ്കിലും തരത്തിലുള്ള വളരെ അടിയന്തരമായ നടപടി സ്വീകരിക്കേണ്ട വിഷയങ്ങൾ വളരെ വേഗത്തിൽ തന്നെ അതാത് ഓഫീസുകളിൽ അറിയിക്കുവാൻ സാധിക്കുകയും നടപടി സ്വീകരിക്കുവാനും കഴിയുന്നു. എല്ലാ വ്യാഴ്ചകളിലും ഇതിന്റെ പ്രവർത്തനം പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്യുന്നു.





കേരളത്തിലെ എല്ലാ ജില്ലാ കളക്ടർമാർക്കും ISAT സാറ്റലൈറ്റ് ഫോൺ ലഭ്യമാക്കി. ഒരു ദുരന്ത സമയത്ത് മറ്റ് എല്ലാ കമ്മ്യൂണിക്കേഷൻ ചാനലുകളും നഷ്ടപ്പെടുമ്പോൾ, പ്രധാന വിവരങ്ങൾ കൈമാറുന്നതിനായും, ജില്ലകളിലേക്ക് ആ സമയങ്ങളിൽ ആശയ വിനിമയം നടത്തുന്നതിനായും വളരെ ഉപകരിക്കുകയും ചെയ്യുന്നതാണ് സാറ്റലൈറ്റ് ഫോൺ. സാധാരണ സമയങ്ങളിൽ എല്ലാ ബുധനാഴ്ചകളിലും ടി ഫോൺകളുടെ പ്രവർത്തനം പരിശോധിച്ച് ഉറപ്പ് വരുത്തുന്നു. ഇവയുടെ പരിപാലനം Ltr. No. DMA2/238/2018-DMD dated 23-5-2019 പ്രകാരം പുറപ്പെടുവിച്ച പരിപത്രം അനുസരിച്ച് ആണ്.

മറ്റൊരു പ്രധാന പുരോഗതി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിൽ സംയോജിത വീഡിയോ കോൺഫറൻസ് സൗകര്യം ഏർപ്പെടുത്തിയെന്നുള്ളതാണ്. NDMA യിൽ നിന്നും Letter No: 56/01/2017 ITC (FTS 110818/12) Dated 27/11/2019 പ്രകാരം

സംസ്ഥാന എമർജൻസി ഓപ്പറേഷൻ സെന്ററിന്റെ ശേഷി വർധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ 20 ലക്ഷം രൂപ അനുവദിക്കുയും GO No. 145/2020/DMD dated 04/02/2020 പ്രകാരം സംസ്ഥാന സർക്കാർ മേൽ തുക KSDMA മെമ്പർ സെക്രട്ടറിക്ക് അനുവദിക്കുകയും ഒരു ടെക്നിക്കൽ കമ്മറ്റി രൂപീകരിക്കുയും ചെയ്തു. മേൽ കമ്മറ്റി ടി തുക സംയോജിത വീഡിയോ കോൺഫറൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനായി



തീരുമാനിക്കുകയും ആയതു IT മിഷനോടു ചേർന്നു കെൽട്രോണിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. കെൽട്രോൺ ടി വർക്ക് സമയ ബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്തു.

## 1.5 ദുരന്ത സാധ്യതാ അപഗ്രഥന ലാബ് (Risk Lab)

റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയെ ശാക്തീകരിക്കുന്നതിന് GO (Rt) No. 36/2020/P&EA dated 21-1-2020 പ്രകാരം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലെ ഭൂവിവര സാങ്കേതിക വിദ്യയുടെ വിന്യാസവും, വിനിയോഗവും കൂടുതൽ ശാക്തീകരിക്കുകയും ചെയ്യുന്നതിനായി 2 ഭൂവിവര സാങ്കേതിക വിദ്യാ വിദഗ്ദ്ധരേയും, 3 ഭൂവിവര സാങ്കേതിക വിദ്യാ നിപുണരേയും അനുവദിക്കുകയും, ഭൂവിവര സാങ്കേതിക വിദ്യാ സോഫ്റ്റ് വെയർ, കമ്പ്യൂട്ടർ എന്നിവ അനുവദിച്ചു. ഒരു വർഷം റീബിൽഡ് കേരള പദ്ധതിയുടെ ഭാഗമായും, തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ തന്നെ ചെലവിലും ആണ് ഈ ലാബ് പ്രവർത്തിക്കുന്നത്. സംസ്ഥാനത്ത് ലഭ്യമായ ഏറ്റവും വിപുലമായ ഭൂവിവര ഡാറ്റാബേസ് സൃഷ്ടിക്കുകയും, ദുരന്ത സാധ്യത അപഗ്രഥനത്തിന് വിനിയോഗിക്കുകയും ചെയ്യുക എന്നതാണ് ഈ ലാബിൽ ഉദേശിക്കുന്നത്.

## 1.6 2019 വേനൽക്കാല അവലോകനം

കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ കണക്കുകൾ പ്രകാരം 2019 ഫെബ്രുവരി മാസം മുതൽ തന്നെ കൂടിയ താപനിലയിൽ സാധാരണയേക്കാൾ 2 മുതൽ 4 ഡിഗ്രി സെൽഷ്യസ് വരെ താപനില വ്യതിയാനം കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ രേഖപ്പെടുത്തപ്പെട്ടു.

കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ താപനില മാപിനികളിൽ രേഖപ്പെടുത്തിയ ഉയർന്ന ദിനാന്തരീക്ഷ താപനില പരിശോധിക്കുമ്പോൾ സാധാരണയിൽ നിന്ന് വ്യത്യസ്തമായി 37 ഡിഗ്രി സെൽഷ്യസിൽ കൂടുതൽ ഉയർന്ന താപനില രേഖപ്പെടുത്തപ്പെട്ട ദിവസങ്ങളുടെ എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായതായി കാണാം. തീരദേശ സംസ്ഥാനമായതിനാൽ ഉയർന്ന ആപേക്ഷിക ആർദ്രത (Relative Humidity) ഉണ്ടാകുമെന്നതിനാൽ താപസൂചികയും ഉയരുന്ന സ്ഥിതിവിശേഷമുണ്ടായി.




ഫെബ്രുവരി മാസത്തിൽ തന്നെ താപനില വ്യതിയാനം മനസ്സിലാക്കി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാര്യക്ഷമമായ ഇടപെടൽ നടത്തുകയുണ്ടായി. ചൂട് കൂടുന്നതിന്റെ പശ്ചാത്തലത്തിൽ വിവിധ സർക്കാർ വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികളും ചുമതലകളും നിർദേശിക്കുകയും അതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരും വിവിധ വകുപ്പുകളും നടപടികൾ സ്വീകരിക്കുകയുണ്ടായി. സംസ്ഥാനത്തെ തൊഴിൽ സമയം പുനക്രമീകരിച്ച് കൊണ്ട് ലേബർ കമ്മീഷ്ണർ ഉത്തരവിറക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ താപനില മുന്നറിയിപ്പുള്ള ഘട്ടങ്ങളിൽ അസ്സെംബ്ലികളും അവധിക്കാല ക്ലാസ്സുകളും ഒഴിവാക്കി. ആശ വർക്കർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും നേതൃത്വത്തിൽ പൊതുജനങ്ങൾക്കിടയിൽ വിപുലമായ ബോധവൽക്കരണം നടത്തി. സീസണിലെ മുഴുവൻ ദിവസവും കാലാവസ്ഥ വകുപ്പിൻറെ മുന്നറിയിപ്പുകളുടെയും കാലാവസ്ഥ മോഡലുകളുടെ താപസൂചിക പ്രവചനങ്ങളുടെയും അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പൊതുജനങ്ങൾക്കായി സുരക്ഷാ മുൻകരുതൽ നിർദേശങ്ങൾ



നൽകി. എല്ലാ ദിവസവും ഉച്ചക്ക് 1 മണിക്ക് മാധ്യമങ്ങൾ വഴിയും സാമൂഹിക മാധ്യമങ്ങൾ വഴിയും മുന്നറിയിപ്പ് സന്ദേശങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കാൻ സാധിച്ചു. മുഖ്യമന്ത്രി നേരിട്ട് തന്നെ അദ്ധേഹത്തിന്റെ സാമൂഹിക മാധ്യമ ഹാൻഡിലുകളിലൂടെ പൊതുജനങ്ങൾക്കായുള്ള മുൻകരുതൽ നിർദേശങ്ങൾ പങ്കുവെച്ചു. കുടിവെള്ള ക്ഷാമം അനുഭവപ്പെട്ട പ്രദേശങ്ങളിൽ ആവശ്യമായ ഇടപെടലുകൾ ജില്ലാ ഭരണകൂടവും പ്രാദേശിക ഭരണകൂടങ്ങളും നടത്തി.

മാർച്ച് 16ന് അട്ടപ്പാടിയിലുണ്ടായ കാട്ടുതീ ഹെലികോപ്റ്റർ സഹായത്തോടെ അണക്കാൻ സാധിച്ചു. 2019 മാർച്ച് 6ന് ചേർന്ന ദുരന്ത നിവാരണ അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി ഉഷ്ണതരംഗം, സൂര്യാഘാതം, സൂര്യാതപം എന്നിവയെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു. 2019 മാർച്ച് 09ന് ഇതുസം ബന്ധിച്ചുള്ള സർക്കാർ ഉത്തരവ് GO (Ms) No. 9/2019/DMD പുറത്തിറങ്ങി. ഇതിൻറെ അടിസ്ഥാനത്തിൽ വേണ്ട നടപടികൾ സ്വീകരിക്കാൻ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്ക് ഫണ്ട് അനുവദിച്ചു.



ഓരോ ദിവസവും ആരോഗ്യ വകുപ്പിൽ നിന്ന് IDSP ശേഖരിക്കുന്ന വിവരങ്ങൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും അതാത് ദിവസം തന്നെ നൽകിയിരുന്നു. IDSP കണക്കുകൾ പരിശോധിക്കുമ്പോൾ 2019 ലെ വേനൽക്കാല സീസണിൽ കേരളത്തിൽ ആകെ 1671 ആളുകളാണ് ചൂട് മൂലമുള്ള അസ്വസ്ഥകളുമായി ബന്ധപ്പെട്ട് വൈദ്യസഹായം തേടിയത്. ഇതിൽ 32 പേർക്കാണ് സൂര്യഘാതം സ്ഥിരീകരിച്ചത്. എറണാകുളം ജില്ലയിൽ ഒരാൾ മരണപ്പെടുകയുണ്ടായി. 875 കേസുകൾ സൂര്യാതപമായിരുന്നു. കൃത്യമായ ബോധവൽക്കരണവും സൂക്ഷ്മമായ നിരീക്ഷണവും ജാഗ്രതയും പുലർത്തിയത് വഴി ആളുകൾ പെട്ടെന്ന് തന്നെ വൈദ്യസഹായം തേടുന്ന സ്ഥിതിയുണ്ടായി. (Picture Courtesy: News18 മലയാളം)




## 1.7 കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗരേഖ (Kerala State Heat Action Plan)

പൊതുവിൽ ഇന്ത്യയിലെ വേനൽക്കാലങ്ങൾ രൂക്ഷമായി മാറുന്നതിന്റെ കൂടി പശ്ചാത്തലത്തിൽ ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഇന്ത്യയിലെ മുഴുവൻ സംസ്ഥാനങ്ങളോടും ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കണമെന്ന് ആവശ്യപ്പെടുകയും വിശദമായ മാർഗ്ഗനിർദേശങ്ങൾ ഇതുസംബന്ധിച്ച് 2019 ഒക്ടോബർ മാസത്തിൽ പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ

കേരളത്തിനായി ഒരു സംസ്ഥാന ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി തീരുമാനിക്കുകയും സംസ്ഥാന അടിയന്തരഘട്ട കാര്യാ നിർവ്വഹണ കേന്ദ്രം ആ ഉത്തരവാദിത്വം ഏറ്റെടുക്കുകയും ചെയ്തു. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി കേരളത്തിൽ നമ്മുടെ മാതൃഭാഷയായ മലയാളത്തിലാണ് 'സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ' അഥവാ കേരള സ്റ്റേറ്റ് ഹീറ്റ് ആക്ഷൻ പ്ലാൻ തയ്യാറാക്കുവാൻ തീരുമാനിച്ചത്. നടപടി ക്രമങ്ങൾ ചുവടെ കാണുക.

a) 29-07-2019ന് ഫയൽ നമ്പർ DM/486/2016/KSDMA യിലൂടെ HA MET സംസ്ഥാനത്തിനായി ഒരു ഹീറ്റ് ആക്ഷൻ പ്ലാൻ (State Heat Action Plan-HAP) തയ്യാറാക്കുന്നതിനുള്ള അനുമതി അഭ്യർത്ഥിക്കുകയും ഹെഡ് SEOC, 30/07/2019 ന് അനുമതി നൽകുകയും ചെയ്തു. ഇതിൻറെ അടിസ്ഥാനത്തിൽ HAPയ്ക്ക് വേണ്ടിയുള്ള പഠനങ്ങളും അനുബന്ധ പ്രവർത്തനങ്ങളും ആരംഭിച്ചു.
b) 22-10-2019ന് സംസ്ഥാനങ്ങൾ ഹീറ്റ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് ദേശീയ ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന അതോറിറ്റികൾക്ക് Letter No.F. No 1-79/2019-PP എന്ന കത്തയച്ചു.
c) 2019 ഡിസംബർ 5-6 തീയതികളിൽ ബെംഗളുരുവിൽ വെച്ച് ദേശീയ ദുരന്ത നിവാരണ അതോറിറ്റി ഉഷ്ണകാല ദുരന്ത ലഘൂകരണ തയ്യാറെടുപ്പ് പ്രവർത്തനങ്ങൾക്കായി നടത്തിയ ദ്വിദിന ദേശീയ ശില്പശാലയിൽ കേരളത്തെ പ്രതിനിധീകരിച്ച് HA MET പങ്കെടുത്തു. പ്രസ്തുത ശില്പ ശാലയിൽ ദേശീയ മാർഗ്ഗരേഖ വിശദമായ ചർച്ചകൾക്ക് വിധേയമാവുകയും സംസ്ഥാന HAPകൾ തയ്യാറാക്കാനുള്ള പരിശീലനം നൽകുകയും ചെയ്തു.
d) സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം ദേശീയ ദുരന്ത നിവാരണ അതോറിറ്റിയുടെ മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമായി പ്രാദേശിക ഭാഷയായ മലയാളത്തിൽ 'കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ' ആദ്യ കരട് 2020 ജനുവരി 7ന് പൂർത്തീകരിക്കുകയും SEOCയിലെ വിദഗ്ദരുടെ ആഭ്യന്തര വിശകലനത്തിന് സമർപ്പിക്കുകയും ചെയ്തു. ശേഷം കാലാവസ്ഥ, ദുരന്ത നിവാരണം തുടങ്ങിയ രംഗങ്ങളിൽ ഗവേഷകരും പ്രവൃത്തി പരിചയമുള്ളവരുമായ പ്രമുഖരായവർക്ക് അഭിപ്രയങ്ങൾക്കായി ഫെബ്രുവരി 15ന് അയച്ചു നൽകി. ഇവരുടെ അഭിപ്രായങ്ങൾ കൂടി ഉൾപ്പെടുത്തി 2020 ഫെബ്രുവരി 26ന് കരട് പരിഷ്കരിച്ചു.
e) 'കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗ്ഗരേഖ-2020'ൻറെ കരട് സംസ്ഥാനത്തെ ബന്ധപ്പെട്ട വകുപ്പുകൾക്ക്

പരിശോധനക്കും അഭിപ്രായങ്ങൾ സമർപ്പിക്കാനുമായി 2020 മാർച്ച് 2ന് ഇ-മെയിൽ മുഖാന്തരം അയച്ചു നൽകി.

f) കേരള സംസ്ഥാന ഉഷ്ണകാല ദുരന്ത ലഘൂകരണ പ്രവർത്തന മാർഗ്ഗരേഖയുമായി ബന്ധപ്പെട്ടുള്ള ചർച്ചായോഗം (Consultation Meeting) വിവിധ വകുപ്പുകളുടെ പ്രതിനിധികൾ പങ്കെടുത്തു കൊണ്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആസ്ഥാന മന്ദിരത്തിൽ വെച്ച് 2020 മാർച്ച് 05ന് നടന്നു. വിവിധ വകുപ്പുകളെ പ്രതിനിധീകരിച്ച് 27 ഉദ്യോഗസ്ഥർ പങ്കെടുത്തു.

g) വിവിധ വകുപ്പുകളുടെ നിർദേശങ്ങളും അഭിപ്രായങ്ങളും ഇ-മെയിൽ മുഖാന്തരം ലഭിക്കുകയും അവ കൂടി ഉൾപ്പെടുത്തുകയും പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ കൂടി ശേഖരിക്കുന്നതിനായി 2020 മാർച്ച് 16ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. പൊതുജനങ്ങളിൽ നിന്ന് ഇ-മെയിൽ ആയി ലഭിച്ച നിർദേശങ്ങൾ പരിശോധിക്കുകയും ചില പ്രായോഗിക നിർദേശങ്ങൾ ഉൾപ്പെടുത്തുകയും ശേഷിക്കുന്നവ ഭാവിയിൽ കൂടുതൽ ചർച്ചകൾക്കും പരിശോധനകൾക്കുമായി മാറ്റി വെക്കുകയും ചെയ്തു.

## 1.8 അൾട്രാവയലറ്റ് സെൻസറുകൾ (UV Sensors)

സ്വകാര്യ ഏജൻസികളെ ഉദ്ധരിച്ച് കേരളത്തിൽ അൾട്രാവയലറ്റ് സൂചിക വളരെ ഉയരുന്നതായി മാധ്യമ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അൾട്രാവയലറ്റ് സൂചിക സംബന്ധിച്ച് സംസ്ഥാനത്ത് വിശ്വസനീയമായ ഔദ്യോഗിക വിവരങ്ങളൊന്നും ലഭ്യമല്ല. 2019 വേനൽക്കാലത്ത് 800-ലധികം സൂര്യാഘാത കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി ചൂടുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളുടെ ഡാറ്റ സൂചിപ്പിക്കുന്നു. 2019 ഏപ്രിലിൽ, ഹാനികരമായ അൾട്രാവയലറ്റ് വികിരണം അളക്കുന്നതിനും അൾട്രാവയലറ്റ് സൂചികയുടെ മുന്നറിയിപ്പ് സംവിധാനം വികസിപ്പിക്കുന്നതിനുമായി സംസ്ഥാനത്തുടനീളം ഒരു ഉപകരണം സ്ഥാപിക്കുവാനും അതുവഴി നിരീക്ഷണ സംവിധാനം വികസിപ്പിക്കാനും ഹസാഡ് അനലിസ്റ്റ് (കാലാവസ്ഥ) നിർദ്ദേശിക്കുകയും മെമ്പർ സെക്രട്ടറി, കെ.എസ്.ഡി.എം.എയുടെ നിർദ്ദേശം പരിശോധിക്കുകയും ഒരു ടെക്നിക്കൽ കം പർച്ചേസ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കമ്മിറ്റിയുടെ ആദ്യ യോഗം 2019 ജൂൺ 14-ന് KSDMA യിൽ വെച്ച് ചേരുകയും ചില നിർദ്ദേശങ്ങളോടെ പ്രൊപോസൽ അംഗീകരിക്കുകയും ചെയ്തു. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദേശങ്ങൾ കൂടി അനുസരിച്ചുള്ള UV സെൻസർ കണ്ടെത്തുകയും അവ മേടിക്കാൻ തീരുമാനിക്കുകയു ചെയ്തു. UNDPയുടെ ധനസഹായത്തോടെയാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുക.

## 1.9 ദിനാവസ്ഥ നിരീക്ഷണ സംവിധാനം മെച്ചപ്പെടുത്തൽ

കേരളത്തിന് ലഭിക്കുന്ന ദിനാവസ്ഥാ മുന്നറിയിപ്പുകളിലെ കൃത്യതയില്ലായ്മ നിരവധി തവണ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി. കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ പ്രവചനങ്ങളും പ്രവർത്തനവും മെച്ചപ്പെടുത്താൻ സംസ്ഥാനത്തിൻറെ എല്ലാ വിധ സഹകരണങ്ങളും വാഗ്ദാനം നൽകിയിരുന്നു. മഹാപ്രളയത്തിന് ശേഷം 2018 ഒക്ടോബറിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് ഇത് സംബന്ധിച്ച് കേരളത്തിൻറെ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കത്ത് നൽകിയിരുന്നു (Page 99, 2018-19 വാർഷിക റിപ്പോർട്ട്).

കാലാവസ്ഥ വകുപ്പ് നിഷ്കർഷിച്ച മാതൃകയിൽ 10m*10m അനുയോജ്യമായ സ്ഥലം കേരളത്തിലുടനീളം കണ്ടെത്താൻ വേണ്ട നടപടികൾ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏറ്റെടുത്തു. ദുരന്ത സാധ്യത കൂടുതലുള്ള പ്രദേശങ്ങൾ, നിലവിൽ കാലാവസ്ഥ വകുപ്പിന് മഴ മാപിനികൾ പോലും ഇല്ലാത്ത പ്രദേശങ്ങൾ, KSEB, ജലസേചന വകുപ്പ്, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ നിർദേശങ്ങൾ എന്നിങ്ങനെയുള്ള മുൻഗണന നിശ്ചയിച്ച് KSEOC തയ്യാറാക്കിയ പട്ടികയിൽ അനുയോജ്യമായ സ്ഥലം കണ്ടെത്താൻ ജില്ലാ ഹസാഡ് അനലിസ്റ്റ്മാരുടെയും സ്ഫിയർ ഇന്ത്യ ജില്ലാ കോർഡിനേറ്റർമാരുടെയും നേതൃത്വത്തിൽ ഫീൽഡ് സർവേ നടത്തി. 2019 ഏപ്രിൽ, മെയ് മാസങ്ങളിൽ ആദ്യഘട്ട ഫീൽഡ് സർവേയും, ജൂൺ-ജൂലൈ മാസങ്ങളിൽ രണ്ടാം ഘട്ട ഫീൽഡ് സർവേയും പൂർത്തിയാക്കി രണ്ട് റിപ്പോർട്ടുകളും കേന്ദ്ര കാലാവസ്ഥ വകുപ്പിന് സമർപ്പിച്ചു. കണ്ടെത്തിയ സ്ഥലത്തിന്റെ അക്ഷാംശ-രേഖാംശമുൾപ്പെടെയുള്ള വിവരങ്ങൾ, ഫോട്ടോഗ്രാഫ്, മറ്റ് സവിശേഷതകൾ എന്നിവയെല്ലാം പട്ടികപ്പെടുത്തിയ റിപ്പോർട്ടുകൾ ആണ് നൽകിയത്. പ്രസ്തുത റിപ്പോർട്ടുകൾ പരിശോധിച്ച് കേന്ദ്ര കാലാവസ്ഥ വകുപ്പ് അനുയോജ്യമെന്ന് സമ്മതമറിയിച്ച 73 സൈറ്റുകൾ AWS കൾ സ്ഥാപിക്കുന്നതിനായി ഏറ്റെടുത്തു കൊണ്ട് 2019 ഒക്ടോബർ 18 ന് സർക്കാർ ഉത്തരവ് GO (Rt) No 725/2019/DMD പുറപ്പെടുവിച്ചു. കാലാവസ്ഥ വകുപ്പ് ആവശ്യപ്പെട്ടത് പ്രകാരം ആദ്യത്തെ 15 സൈറ്റുകളുടെ മുൻഗണന പട്ടിക തയ്യാറാക്കി നൽകുകയും അവിടങ്ങളിൽ AWSകൾ സ്ഥാപിക്കുന്നതിനായി സ്ഥലം നിരപ്പാക്കി തയ്യാർ ചെയ്തു നൽകുകയും ചെയ്തു. ഇതിനിടെ ശേഷിക്കുന്ന 27 സൈറ്റുകൾ കൂടി കണ്ടെത്താനുള്ള ഫീൽഡ് സർവേ 2019 ഒക്ടോബർ, നവംബർ മാസങ്ങളിൽ പൂർത്തീകരിച്ചു. ആകെ 138 സൈറ്റുകൾ ആണ് മൂന്ന് ഘട്ടങ്ങളിലായി കണ്ടെത്തി കേന്ദ്ര കാലാവസ്ഥ വകുപ്പിന് സമർപ്പിച്ചത് (https://sdma.kerala.gov.in/wp-content/uploads/2019/08/field-survey-report-phase2.pdf, https://sdma.kerala.gov.in/wp-content/uploads/2019/08/IMD-AWS-Sites-andRG-Report-2019.pdf).

## 1.10 ലോക പുനർനിർമ്മാണ സമ്മേളനം

ദുരന്ത നിവാരണത്തിലും പുനർനിർമ്മാണത്തിലും അനുഭവങ്ങൾ ശേഖരിക്കാനും വിലയിരുത്താനും പങ്കിടാനും നയപരമായ സംവാദം മുന്നോട്ടു കൊണ്ടുപോകാനുമുള്ള ഒരു വേദി പ്രദാനം ചെയ്യുന്ന ആഗോള സമ്മേളനം ആണ് ലോക പുനർനിർമ്മാണ സമ്മേളനം (WRC4). നാലാമത്തെ ലോക പുനർനിർമ്മാണ സമ്മേളനം (WRC4) 2019 മെയ് 13-14 തീയതികളിൽ ജനീവയിൽ "ഇൻക്ലൂഷൻ ഫോർ റെസിലന്റ് റിക്കവറി" എന്ന പ്രമേയത്തിൽ നടന്നു. 2019-ലെ ഡബ്ല്യൂ.ആർ.സിയുടെ പ്രധാന തീം "ആരെയും പിന്നിലാക്കരുത് - ഉൾപ്പെടുത്തൽ ഒരു യാഥാർത്ഥ്യമാക്കുക" എന്നതായിരുന്നു.

സമ്മേളനത്തിന് മുന്നോടിയായി കേരള പുനർനിർമാണവുമായി ബന്ധപ്പെട്ട് വേൾഡ് ബാങ്ക് ഡയറക്ടർ ശ്രീ. സമീദ് വഹാബുമായി ബഹു. മുഖ്യമന്ത്രി ചർച്ച നടത്തി.




ആറാമത്തെ ആഗോള ദുരന്ത ലഘൂകരണ സമ്മേളനവുമായി (GPDRR, മെയ് 15-17, 2019) ചേർന്നാണ് WRC4 നടന്നത്. വികസ്വര, വികസിത രാജ്യങ്ങളിൽ നിന്നുള്ള സർക്കാർ, അന്തർദേശീയ സംഘടനകൾ, എൻ.ജി.ഒകൾ, വിദ്യാഭ്യാസ മേഖല, സ്വകാര്യ മേഖല എന്നിവയിൽ നിന്നുള്ള നേതാക്കൾ, വിദഗ്ധർ, നയ നിർമ്മാതാക്കൾ, പ്രാക്ടീഷണർമാർ, വിവിധ സ്ഥാപനങ്ങളിൽ നിന്നും സാമൂഹിക അധിഷ്ഠിത സംഘടനകളിൽ നിന്നുമുള്ള പ്രാക്ടീഷണർമാർ, പങ്കാളികൾ എന്നിവരെ കോൺഫറൻസ് ഒരുമിച്ച് കൊണ്ടുവന്നു.

യു.എൻ അസിസ്റ്റന്റ് സെക്രട്ടറി ജനറലും, യു.എൻ.ഡി.പി അസിസ്റ്റന്റ് അഡ്മിനിസ്ട്രേറ്ററും, ഗ്ലോബൽ പോളിസി നെറ്റ്‌വർക്ക്/ക്രൈസിസ് ബ്യൂറോ ഡയറക്ടറുമായ ശ്രീമതി അസക്കോ ഒകായ്, ലോക പുനർനിർമ്മാണ സമ്മേളനത്തിന്റെ ആദ്യ പ്ലീനറി സെഷനിൽ പങ്കെടുക്കാനും ഉദ്ഘാടന പ്രസംഗം നടത്താനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ക്ഷണിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചീഫ് സെക്രട്ടറി, ഡിസാസ്റ്റർ മാനേജ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു പ്രതിനിധി സംഘം ആണ് ഈ സമ്മേളനത്തിൽ പങ്കെടുത്തത് (GO (Rt) നമ്പർ 1270/2019/DMD തീയതി 01-03-2019). പ്രസ്തുത കോൺഫറൺസിനോട് ചേർന്ന് നടന്ന ഡിസാസ്റ്റർ റിസ്ക് റിഡക്ഷനിനായുള്ള ഗ്ലോബൽ പ്ലാറ്റ്ഫോമിൽ (GPDRR) പങ്കെടുക്കുവാൻ

യു.എൻ.ഇ.പി ദുരന്ത നിവാരണ പ്രിൻസിപ്പൽ സെക്രട്ടറിയെയും കെഎസ്ഡിഎംഎ മെമ്പർ സെക്രട്ടറിയെയും ക്ഷണിച്ചു (GO (Rt) നമ്പർ 264/2019/DMD തീയതി 16-4-2019).



മെയ് 13ന് നടന്ന സമ്മേളനത്തിന്റെ പ്ലീനറി സെഷനിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടന പ്രസംഗം നടത്തി (https://fb.watch/Il7u2TtxO3/). പ്രസംഗത്തിന്റെ പൂർണ്ണ രൂപം അനുബന്ധം 1 ആയി ചേർക്കുന്നു.

പ്രസ്തുത വേദിയിൽ കേരളം 2018ലെ പ്രളയത്തെ നേരിട്ടതും, ദുരന്ത നിവാരണ മേഖലയിൽ കേരളം നടത്തുന്ന പ്രവർത്തനങ്ങളും വീഡിയോ, പോസ്റ്റർ, പ്രസിദ്ധീകരണങ്ങൾ എന്നിവ പ്രത്യേക പവലിയനിൽ അവതരിപ്പിച്ചു. പ്രസ്തുത പവലിയൻ ബഹു. മുഖ്യമന്ത്രി, യു.എൻ അസിസ്റ്റന്റ് സെക്രട്ടറി ജനറൽ ശ്രീമതി അസക്കോ ഒകായുടെയും, ജനീവയിലെ ഇന്ത്യൻ സ്ഥാനപതി ശ്രീ. രാജീവ് ചന്ദറിന്റെയും, വേൾഡ് ബാങ്ക് ഡയറക്ടർ ശ്രീ. സമീദ് വഹാബിന്റെയും, ഡിസാസ്റ്റർ മാനേജ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറിയുടെയും, മറ്റ് പ്രമുഖരുടെയും സാന്നിധ്യത്തിൽ ഉത്ഘാടനം ചെയ്തു.

യുഎൻ സെക്രട്ടറി ജനറലിന്റെ എസ്.ഡി.ജി അഡ്വക്കേറ്റ് ഡോ. എഡി എൻഡോപ് കേരള പവലിയൻ സന്ദർശിച്ചു. കേരളത്തിലെ ഡിസെബിലിറ്റി ഇൻക്ലൂസീവ് ഡിആർആർ പ്രോഗ്രാം മനസിലാക്കിയ അദ്ദേഹം സന്തോഷം രേഖപ്പെടുത്തി. പ്രദർശനത്തിന് വച്ചിരുന്ന ബ്രെയിൽ ലിപിയി ലുള്ള ദുരന്ത



നിവാരണ കൈപ്പുസ്തകം അദ്ദേഹം കൈയിൽ കൊണ്ടുപോയി. കേരളം സന്ദർശിച്ച് അനുഭവങ്ങളിൽ നിന്ന് പഠിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചു. മുന്നൊരുക്ക ഘട്ടത്തിൽ തന്നെ ഭിന്നശേഷിക്കാരെ പരിഗണിക്കുന്നതി നുള്ള കേരളത്തിന്റെ ഈ മാതൃകാ സംരംഭം കാണുന്നതിൽ താൻ ആവേശഭരിതനാണെന്നും തന്നെ ഇത് ആഴത്തിൽ സ്പർശിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ലോക പുനർനിർമ്മാണ സമ്മേളനം "ഇൻക്ലൂഷൻ ഫോർ റെസിലന്റ് റിക്കവറി" എന്ന പ്രമേയത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു എന്നത് ശ്രദ്ധിക്കുക. 2015-ൽ കേരളം ഭിന്നശേഷി

സൗഹൃദ ദുരന്ത ലഘൂകരണത്തിന് അടിത്തറ പാകുകയും 2016മുതൽ നടപ്പിലാക്കുകയും ചെയ്ത് വരുന്നു. ഈ പ്രവർത്തനത്തിന് ലഭിച്ച അംഗീകാരം ആണ് ഡോ. എഡി എൻഡോപ്പിന്റെ സന്ദർശനം.

പി.ഡി.എൻ.എയുടെ വെളിച്ചത്തിൽ പുനർ നിർമ്മണം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീമതി അസക്കോ ഒകായുമായി പ്രത്യേകം ചർച്ച



ചെയ്യുകയും, യു.എൻ.ഇ.പി, യു.എൻ.ഡി.പി എന്നിവരുടെ സാങ്കേതിക സഹായം പ്രളയ പ്രതിരോധത്തിന് ആവശ്യപ്പെടുകയും ചെയ്തു.

യു.എൻ.ഇ.പി കേര ളത്തിലെ പുനർ നിർമ്മണം സംബന്ധിച്ച് പ്രത്യേക പാരലൽ സെഷൻ ഡബ്ല്യു.ആർ.സിയുടെ ഭാഗമായി നടത്തുകയും, പ്രസ്തുത സെഷനിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു കേരളം നടത്തുന്ന പുനർ നിർമ്മണ പ്രവർത്തനം




അവതരിപ്പിക്കുകയും ചെയ്തു. കേരളത്തിൽ ഭിന്നശേഷി സൗഹൃത ദുരന്ത നിവാരണ പദ്ധതിയുടെ നടപ്പാക്കൽ സംബന്ധിച്ച് കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ കുര്യാക്കോസ് മറ്റൊരു പാരലൽ സെഷനിൽ അവതരണം നടത്തി.

സ്വിറ്റ്സർലാണ്ടിൽ നടപ്പാക്കുന്ന മണ്ണിടിച്ചിൽ, ഉരുൾപ്പൊട്ടൽ, പാറ നിരങ്ങൾ എന്നിവ ഏത് രീതിയിൽ ആണ് പ്രതിരോധിക്കുന്നത്, മലയോര മേഘലയിൽ നിർമ്മാണങ്ങൾ നടത്തുന്ന രീതി എന്നിവ പഠിക്കുവാൻ ഡിസാസ്റ്റർ മാനേജ്മെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, മെംബർ സെക്രട്ടറി, കെ.എസ്.ഡി.എം.എ എന്നിവർ ലോക പുനർനിർമ്മാണ സമ്മേളനത്തോട് അനുബന്ധിച്ച് യാത്രകൾ നടത്തി. കൂടാതെ യു.എൻ.ഇ.പി, യു.എൻ.ഡി.പി, യു.എൻ ഗ്രിഡ് എന്നിവരുമായി കേരളത്തിൽ വിവിധ പദ്ധതികൾ, ഗവേഷണങ്ങൾ എന്നിവ നടത്തുന്നത് സംബന്ധിച്ച് പ്രത്യേകം ചർച്ചകൾ നടത്തി.

## 1.11 നമ്മൾ നമുക്കായി ക്യാമ്പയിൻ

നവകരേളനിർമ്മാണപ്രവർത്തനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ടി 'നമ്മൾ നമുക്കായി' ക്യാമ്പയിൻ സംഘടിപ്പിച്ചു. ദുരന്തലഘൂകരണത്തിന് ഉതകുന്ന രീതിയിൽ പുനർനിർമ്മാണ പ്രവർത്തനങ്ങളെ മാറ്റുന്നതിന്റെ ഭാഗമായാണ് നമ്മൾ നമുക്കായി ക്യാമ്പയിൻ. പ്രാദേശികഅനുഭവങ്ങൾ കൂടി സംയോജിപ്പിച്ച് പുനർനിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ദുരന്തലഘൂകരണ വിഷയങ്ങളിൽ ഗ്രാമസഭയിൽ ഉൾപ്പെടെ ചർച്ച നടത്താൻ ജനങ്ങൾക്ക് അവസരം ലഭിക്കും. വിവിധ തലങ്ങളിൽ സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കും. ദുരന്തപരിപാലന പദ്ധതികളെ സംബന്ധിക്കുന്ന ചർച്ചകളും ക്യാമ്പയിന്റെ ഭാഗമായി നടക്കും.




റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാമിന് കീഴിൽ, 26-11-2019 ലെ GO (Rt) നമ്പർ 499/2019/P&EA പ്രകാരം വികസന പദ്ധതികളിൽ ദുരന്തസാധ്യത കുറയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിനായി നമ്മൾ നമുക്കായ് എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചു. 12-12-2019 ലെ GO (Ms) No 34/2019/P&EA, 21-1-2020-ലെ GO (Rt) നമ്പർ 36/2020/P&EA എന്നീ ഉത്തരവുകൾ വഴി കെഎസ്ഡിഎംഎയ്ക്ക് അധിക മനുഷ്യവിഭവശേഷിക്കും പദ്ധതി നടപ്പാക്കുന്നതിനുള്ള സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുമായി 1,72,28,840/- രൂപ സർക്കാർ അനുവദിച്ചു.

### 1.11.1 ജനകീയം ഈ അതിജീവനം




2018ലെ മഹാപ്രളയത്തിന്റെ പ്രതികരണ-പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ സുതാര്യതയും ഉത്തരവാദിത്തവും ജനങ്ങൾക്ക് മുന്നിൽ വ്യക്തമാക്കുന്നതിനായി സംസ്ഥാന വ്യാപകമായി ഒരു ക്യാമ്പയിൻ സംഘടിപ്പിച്ചു. 20-7-2019ന് ഒരു നിശ്ചിത ഫോർമാറ്റിൽ ഒരേ സമയം 14-ൽ 13 ജില്ലകളിലും (കാസർഗോഡ് ഒഴികെ) സംഘടിപ്പിച്ച പരിപാടിയിൽ സർക്കാരിന്റെ പ്രവർത്തനങ്ങളിലെ സുതാര്യത വിശദീകരിക്കാനായി. ജനകീയം ഈ അതിജീവനം എന്ന പേരിലാണ് പരിപാടി സംഘടിപ്പിക്കപ്പെട്ടത്. പൊതുജനങ്ങൾക്കും ജില്ലയിലെ ജനപ്രതിനിധികൾക്കും മുന്നിൽ ജില്ലാ കലക്ടർമാർ സാമ്പത്തിക സ്റ്റേറ്റ്മെന്റ് ഉൾപ്പെടെയുള്ള തൽസ്ഥിതി റിപ്പോർട്ട് അവതരിപ്പിച്ചു . ഇത് ദുരന്ത പ്രതികരണത്തിനും പുനർനിർമ്മാണ ഉത്തരവാദിത്തത്തിനും രാജ്യത്ത് ഒരു പുതിയ ബെഞ്ച് മാർക്ക് സ്ഥാപിക്കുന്ന ഇടപെടലായി വിലയിരുത്തപ്പെട്ടു. എല്ലാ ആഴ്ചയും സ്റ്റാറ്റസ് അപ്ഡേറ്റ് പബ്ലിക് ഡൊമെയ്നിൽ നൽകി. ദുരന്ത ബാധിതർക്ക് അവരുടെ അപ്പീലുകൾ പൊതു ഡൊമെയ്നിൽ കണ്ടെത്താനുള്ള സൗകര്യമൊരുക്കി. നഷ്ടപരിഹാരവും ആശ്വാസ

ധനസഹായവും ലഭിച്ച എല്ലാവരുടെയും പേരും വിലാസവും ജില്ലാ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചു. പരിപാടിയുടെ തത്സമയ സംപ്രേക്ഷണം ജില്ലാ കളക്ടർമാരുടെ ഔദ്യോഗിക ഫേസ്ബുക്ക് അക്കൗണ്ടുകൾ വഴി പ്രക്ഷേപണം ചെയ്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/janakeeyam-e-athijeevanam-2019/ എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജനകീയം ഈ അതിജീവനം പരിപാടിയുടെ തുടർച്ചയായി പ്രാദേശിക തലം വരെ നമ്മൾ നമുക്കായി ക്യാമ്പയിൻ സംഘടിപ്പിച്ചു. വിശദമായ വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.




### 1.11.2 ടെക്നിക്കൽ സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ

2018-19 വർഷങ്ങളിൽ കേരളം നേരിട്ട വലിയ ദുരന്തങ്ങൾക്ക് ശേഷം സംസ്ഥാനത്തിൻറെ പുനർനിർമ്മാണം ജനകീയ പങ്കാളിത്തത്തോടെയും ദീർഘ വീക്ഷണത്തോടെയും ആവണം എന്ന ചിന്തയുടെ അടിസ്ഥാനത്തിൽ രൂപം നൽകിയതാണ് നമ്മൾ നമുക്കായി ക്യാമ്പയിൻ. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നാടിനെ പുനർനിർമ്മിക്കണം എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കാഴ്ചപ്പാടിന്റെ സഫലീകരണത്തിനായി രൂപം കൊണ്ട റീബിൾഡ് കേരള ഇനിഷ്യേറ്റീവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും സംയുക്തമായി നമ്മൾ നമുക്കായി ക്യാമ്പയിനിലെ നിർണ്ണായകമായ ഒരു പരിപാടിക്ക് വേദിയൊരുക്കി. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വെച്ച് നടന്ന വിവിധ സെക്ടറിലെ സാങ്കേതിക വിദഗ്ദരും പ്രതിനിധികളും പങ്കെടുത്ത ടെക്നിക്കൽ സ്റ്റേക്ക്ഹോൾഡർ കൺസൾട്ടേഷൻ 2020 ജനുവരി 29-30 തീയതികളിലായിരുന്നു. സംസ്ഥാന മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ റവന്യൂ-ദുരന്ത നിവാരണ വകുപ്പ് മന്ത്രി ശ്രീ ഇ. ചന്ദ്രശേഖരൻ, ഉന്നത ഉദ്യോഗസ്ഥർ, വിദഗ്ദർ തുടങ്ങി പ്രമുഖർ പങ്കെടുത്തു.



നമ്മൾ നമുക്കായി പ്രോഗ്രാം സാങ്കേതിക ഏജൻസികളെ/വിദഗ്ധരെ അതിജീവന ശേഷിയുള്ള പുനർനിർമ്മാണം നടത്തുന്നതിനുള്ള കൺസൾട്ടേഷൻ പ്രക്രിയയിലെ പ്രധാന പങ്കാളികളായി കണക്കാക്കുന്നു. ഭൂവിനോയോഗം, ജലവിഭവ മാനേജ്മെന്റ്, വന മാനേജ്മെന്റ്, ലോക്കൽ കമ്മ്യൂണിറ്റി, അതിജീവനശേഷി, ട്രാൻസ്പോർട്ട് കമ്മ്യൂണിക്കേഷൻസ്, സാങ്കേതികവിദ്യ എന്നിങ്ങനെയുള്ള മേഖലകൾ കേന്ദ്രീകരിച്ചായിരുന്നു ചർച്ചകൾ. എല്ലാ മേഖലകളിൽ നിന്നുമായി ഏകദേശം 73 പ്രതിനിധികൾ സെഷനിൽ പങ്കെടുത്തു. ഓരോ മേഖലയിലും സർക്കാർ ദുരന്ത നിവാരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ ക്രോഡീകരിച്ചു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/RKI-report_Technical-Stakeholders-Consultation_for-PDF-for-Website.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.12 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതികൾ

ദുരന്ത നിവാരണ പ്രവർത്തനങ്ങളിലെ ആസൂത്രണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി രാജ്യത്തിനാകെ മാതൃകയായി കൊണ്ട് കേരളം പ്രാദേശിക ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കി. കില (കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ)യും, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ചേർന്ന് കൊണ്ട് കേരളത്തിലെ മുഴുവൻ തദ്ദേശ സ്ഥാപനങ്ങൾക്കും ദുരന്ത നിവാരണ പ്ലാനുകൾ സജ്ജമാക്കി.

കേരള സംസ്ഥാന ദുരന്തനിവാരണ പദ്ധതി 2016, ദേശീയ ദുരന്തനിവാരണ നയം 2009, സംസ്ഥാന ദുരന്തനിവാരണ നയം 2010, ദേശീയ ദുരന്തനിവാരണ പദ്ധതി 2016, എൻഡിഎംഎ, എസ്ഡിഎംഎ, വിവിധ രാജ്യങ്ങൾ പുറപ്പെടുവിച്ച ദുരന്തസാധ്യത കുറയ്ക്കുന്നതിന് പ്രസക്തമായ നിരവധി പദ്ധതികൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയുടെയെല്ലാം അടിസ്ഥാനത്തിലാണ് ഇവ തയ്യാറാക്കിയത്. സെൻഡായ് ഫ്രെയിംവർക്ക് (2015-30) കേരളത്തിലെ പ്രാദേശിക സാഹചര്യങ്ങളിലേക്ക് ശ്രദ്ധാപൂർവ്വം ഇച്ഛാനുസൃതമാക്കിയ ശേഷമാണ് പദ്ധതി തയ്യാറാക്കുന്നത്. പത്ത് അധ്യായങ്ങൾ ഉൾക്കൊള്ളുന്ന ഇത് കേരളത്തിന്റെ അപകടസാധ്യതയെയും ദുരന്ത തയ്യാറെടുപ്പിനെയും ലഘൂകരണത്തെയും വിശകലനം ചെയ്യുന്നു. മുഖ്യധാരാ അപകടസാധ്യത കുറയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ പങ്കാളികളുടെ ഉത്തരവാദിത്തങ്ങൾ ചർച്ചചെയ്യൽ, പ്രതികരണം, ദുരിതാശ്വാസ, പുനരധിവാസം, പുനർനിർമ്മാണ നടപടിക്രമങ്ങൾ എന്നിവയെ വ്യക്തമാക്കുന്നു. തയ്യാറെടുപ്പിനും പ്രതികരണത്തിനുമായി ഫണ്ടുകളുടെ മുൻകാല ഉപയോഗത്തെക്കുറിച്ച് നിർണ്ണായകമായ വിശകലനം നൽകുന്നു, കൂടാതെ പദ്ധതിയെക്കുറിച്ച് പരിശീലനവും അപ്ഡേറ്റും

ഉറപ്പാക്കുന്നതിനുള്ള ഒരു സമീപനവും തദ്ദേശ സ്ഥാപനതല ദുരന്ത നിവാരണ പദ്ധതികളിലൂടെ വിഭാവനം ചെയ്യപ്പെടുന്നു.

പ്രസ്തുത പദ്ധതികൾ തയ്യാറാക്കുന്നതിനായി ആവശ്യമായ ടെംപ്ലേറ്റ് തയ്യാറാക്കുന്ന പ്രവർത്തനം, ആവശ്യമായ ദുരന്ത സാധ്യത ഭൂപടങ്ങൾ തദ്ദേശ സ്ഥാപന തലത്തിലേക്ക് തയ്യാറാക്കി നൽകൽ, ആവശ്യമായ പരിശീലനം തദ്ദേശ സ്ഥപന വകുപ്പിലെ ബന്ധപ്പെട്ടവർക്ക് നൽകൽ തുടങ്ങിയ സാങ്കേതിക സഹായങ്ങളാണ് ദുരന്ത നിവാരണ അതോറിറ്റി പ്രധാനമായും നൽകിയത്.

14-1-2020-ലെ GO (Ms) No. 14/2020/LSGD വഴിയുള്ള സർക്കാർ അനുമതിയോടെ, എൽഎസ്ജി ഡി.എം പ്ലാൻ തയ്യാറാക്കുന്നതിനായി കെ.എസ്.ഇ.ഒ.സിയും കിലയും ചേർന്ന് വിശദമായ ചട്ടക്കൂടും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കി പ്രസിദ്ധീകരിച്ചു. തദ്ദേശ സ്ഥാപനങ്ങളെ ലക്ഷ്യമിട്ട് വെർച്വൽ പരിശീലനം സംഘടിപ്പിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ പദ്ധതികൾ അവലോകനം ചെയ്യുന്നതിനായി ജില്ലാ ആസൂത്രണ ഓഫീസുകളിൽ 14 തദ്ദേശ സ്വയംഭരണ ഡി.എം പ്ലാൻ കോ-ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. പ്രോജക്ട് ഫണ്ടിംഗ് കെഎസ്ഇഒസിയിൽ ജി.ഐ.എസ് സൗകര്യങ്ങളുള്ള റിസ്ക് ലാബ് സ്ഥാപിക്കാൻ സഹായിച്ചു. കൂടാതെ, പദ്ധതിക്ക് കീഴിൽ കെ.എസ്.ഇ.ഒ.സിക്ക് മനുഷ്യവിഭവശേഷി വർദ്ധനയും സാധ്യമായി. തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പ്ലാനുകൾ സംബന്ധിച്ചുള്ള വിശദമായ പരിപാടികളുടെ റിപ്പോർട്ട് https://sdma.kerala.gov.in/local-self-government-dm-plans/ എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.12.1 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പദ്ധതി - പരിശീലന പരിപാടികൾ

തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കുന്നതിനായി വിവിധ തലത്തിലുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കപ്പെട്ടു. KSDMA യുടെയും KILA യുടെയും നേതൃത്വത്തിൽ പരിശീലകരെ പരിശീലിപ്പിക്കുകയും അതുവഴി എല്ലാ തട്ടിലുള്ള ബന്ധപ്പെട്ടവരിലേക്കും പ്ലാൻ തയ്യാറാക്കാനുള്ള പരിശീലനം എത്തിക്കാൻ സാധിച്ചു. വിവിധ പരിശീലനം സംബന്ധിച്ചുള്ള വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/LSGDM-Plan-Report-2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.13 സ്കൂൾ സുരക്ഷ ക്യാമ്പയിൻ (School Safety Campaign) – 2019

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സംസ്ഥാന വ്യാപകമായി ബൃഹത്തായ സ്കൂൾ സുരക്ഷാ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. വിവിധ തലങ്ങളിലുള്ള പരിശീലനങ്ങളും പരിപാടികളും ഇതിനായി

സംഘടിപ്പിച്ചു. യൂണിസെഫ്, വിദ്യാഭ്യാസ വകുപ്പ്, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, UNDP, FDA എന്നിവരുടെയൊക്കെ സഹകരണത്തോടെയാണ് വിപുലമായ പരിപാടികൾ നടത്തിയത്. സ്കൂൾ സേഫ്റ്റി ക്യാമ്പയിനിൻറെ ഭാഗമായി നടത്തിയ പ്രധാന പരിപാടികളുടെ വിവരങ്ങൾ താഴെ നൽകുന്നു.

### 1.13.1 സ്കൂൾ സുരക്ഷ പദ്ധതി - KSDMA, UNDP & FDA - ഒക്ടോബർ-ഡിസംബർ 2019

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും UNDP യുടെ സഹായത്തോടെ നടപ്പിലാക്കിയ സ്കൂൾ സുരക്ഷാ പരിപാടികളുടെ നിർവഹണ ഏജൻസിയായിരുന്നത് Foundation for Development Action (FDA) എന്ന സന്നദ്ധ സംഘടനയായിരുന്നു. ഓരോ ജില്ലയിൽ നിന്നും 2 വീതം സ്കൂളുകളെ തിരഞ്ഞെടുത്ത്, ആകെ 28 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കിയത്. KSDMA ബഹുമുഖ ദുരന്ത സാധ്യത മെട്രിക്സിന്റെ അടിസ്ഥാനത്തിൽ നിർദേശിക്കുകയും പൊതുവിദ്യഭ്യാസ വകുപ്പ് അംഗീകരിക്കുകയും ചെയ്ത 28 ഹൈസ്കൂളുകളിലാണ് പദ്ധതി നടപ്പാക്കിയത്. 2019 ഒക്ടോബർ മുതൽ ഡിസംബർ വരെ 3 മാസം നീണ്ട നിൽക്കുന്ന രീതിയിലായിരുന്നു ക്യാമ്പയിൻ. തിരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ സ്കൂൾ ദുരന്ത നിവാരണ കമ്മിറ്റികളും, എമെർജൻസി റെസ്‌പോൺസ് ടീമുകളും രൂപീകരിക്കുകയും അംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തു. ബേസിക് ഡി.എം പരിശീലനത്തിന് പുറമെ, പ്രഥമ ശുശ്രൂഷ, പങ്കാളിത്ത മാപ്പിംഗ്, മോക്ക്ഡ്രില്ലുകൾ, സ്കൂൾ ദുരന്ത നിവാരണ പ്ലാൻ ഡോക്യുമെന്റ് തയ്യാറാക്കൽ തുടങ്ങി സമഗ്രമായ പ്രക്രിയകളായിരുന്നു മൂന്ന് മാസം നീണ്ട് നിന്ന പരിപാടിയുടെ ബഹാഗമായി ഉണ്ടായിരുന്നത്. പരിപാടികളുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/School-Safety-Completion-Report-KSDMA-UNDP-2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.






### 1.13.2 സ്കൂൾ സുരക്ഷ - ഏകദിന ശില്പശാല, 22 ജൂൺ 2019

സ്കൂൾ സുരക്ഷയെ സംബന്ധിച്ച് 2019 ജൂൺ 22 ന് തിരുവനന്തപുരം മസ്കറ് ഹോട്ടലിൽ വച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും UNICEF ന്റെയും സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെയും നേതൃത്വത്തിൽ ഏകദിന ആലോചന യോഗം ചേർന്നു. പൊതുവിദ്യാഭ്യസ വകുപ്പ് സെക്രട്ടറി എഷാജഹാൻ ഐഎഎസ്, പൊതുവിദ്യാഭാസ ഡയറക്ടർ കെ.ജീവൻ ബാബു ഐഎഎസ്, KSDMA, UNICEF, ബന്ധപ്പെട്ട മറ്റ് വകുപ്പുകളിൽ നിന്നുള്ളവർ തുടങ്ങിയവർ പങ്കെടുത്തു. സംസ്ഥാന വ്യാപകമായി നടത്താൻ ഉദ്ദേശിക്കുന്ന സ്കൂൾ സുരക്ഷാ പദ്ധതിക്ക് ഒരു രൂപരേഖ തയ്യാറാക്കി. ശില്പശാലയുടെ സമഗ്രമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/12/7.-SSP-_-State-level-Consultation_Report_22.06.2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



### 1.13.3 സ്കൂൾ സുരക്ഷ – KSDMA & UNICEF

സംസ്ഥാന വ്യാപകമായി 200 സ്കൂളുകൾ തിരഞ്ഞെടുത്ത് വിവിധ തലത്തിലുള്ള പരിശീലനം നൽകി സ്കൂൾ സുരക്ഷാ പദ്ധതി നടപ്പിലാക്കാൻ UNCEF മായി KSDMA കൈകോർത്തു. വിദ്യഭ്യാസ വകുപ്പുമായി സഹകരിച്ചു നടത്തിയ പരിപാടിയിൽ ഓരോ ജില്ലയിലും ഇതിനായി പ്രത്യേകം പരിശീലനങ്ങൾ സംഘടിപ്പിച്ചിരുന്നു.






ജില്ലാടിസ്ഥാനത്തിൽ ഇത് സംബന്ധിച്ച് നടത്തിയ പരിപാടികളുടെ റിപ്പോർട്ടുകൾ താഴെ നൽകുന്നു.

പത്തനംതിട്ട, കോട്ടയം - 26 October 2019, https://sdma.kerala.gov.in/wp-content/uploads/2020/12/1.-CSSP-Kottayam-Pathanamthitta-26-Oct-2019.pdf

എറണാകുളം, ആലപ്പുഴ, കൊല്ലം - 01-02-2020 https://sdma.kerala.gov.in/wp-content/uploads/2020/12/3.CSSP-Kollam-Alappuzha-Ernakulam-1st-Feb-2020.pdf

കോഴിക്കോട്, വയനാട് - 8-2-2020. https://sdma.kerala.gov.in/wp-content/uploads/2020/12/6.CSSP-Kozhikkode-Wayanad-8th-Feb-2020.pdf

മലപ്പുറം - 8-2-2020. Report https://sdma.kerala.gov.in/wp-content/uploads/2020/12/5.CSSP-Malappuram-8th-Feb-2020.pdf

പാലക്കാട്, തൃശൂർ - 8-2-2020. Report https://sdma.kerala.gov.in/wp-content/uploads/2020/12/4.CSSP-Thrissur-Palakkad-8th-Feb-2020.pdf

### 1.13.4 സമഗ്ര സ്കൂൾ സുരക്ഷ - സംസ്ഥാനതല കൺസൾട്ടേഷൻ, 2020 മാർച്ച് 02

സ്കൂൾ സുരക്ഷ ക്യാമ്പയിനിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പ്, UNDP, UNCEF, DDMA കൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയ വിവിധ സംവിധാനങ്ങളുമായി സഹകരിച്ച് വിവിധങ്ങളായ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ഇതിൻറെഎല്ലാം തുടർച്ചയെന്നോണം ബന്ധപ്പെട്ട വകുപ്പുകളെയെല്ലാം വിളിച്ചു ചേർത്ത് സംസ്ഥാനതലത്തിൽ ഒരു കൺസൾട്ടേഷൻ യോഗം 2020 മാർച്ച് 02 തിരുവനന്തപുരം ഹോ ട്ടൽ സെൻട്രൽ റെസിഡൻസിയിൽ വെച്ച് സംഘടിപ്പിച്ചു. ഇതുവരെയുള്ള പ്രവർത്തനങ്ങളുടെ അവലോകനവും ഭാവി പ്രവർത്തനങ്ങൾക്കായുള്ള പ്ലാൻ തയ്യാറാക്കലും മുഖ്യ അജണ്ടയായിരുന്നു. UNICEF മായി സഹകരിച്ച് KSDMA സംഘടിപ്പിച്ച ആലോചന യോഗത്തിൽ പൊതുവിദ്യഭ്യാസ വകുപ്പ്, SCERT, SIEMAT, Student Police Cadet, തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീറിങ് വിഭാഗം, മോട്ടോർ വാഹന വകുപ്പ്, ആരോഗ്യ വകുപ്പ്, SIET, KITE, അഗ്നിശമന

രക്ഷാസേന, സംസ്ഥാന ബാലാവകാശ കമ്മീഷൻ, ആൾ ഇന്ത്യ റേഡിയോ, NCRMP എന്നിങ്ങനെ 13 വകുപ്പുകൾ പങ്കെടുത്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/12/8.SSP-State-Level-Consultation-Report-2nd-March-2020.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



## 1.14 സുരക്ഷിത കേരളം - നിർമ്മാണ മേഖലയിൽ നടത്തിയ ഇടപെടലുകൾ

### 1.14.1 സുരക്ഷിത കൂടൊരുക്കും കേരളം, 2019 ഏപ്രിൽ 8-9

2019 ഏപ്രിൽ 8-9 തീയതികളിൽ വയനാട് ജില്ലയിൽ ഹോട്ടൽ ഗ്രീൻ ഗേറ്റ്സിൽ വെച്ച് "Building Resilience: Retrofitting and Plot-Specific Landslide Mitigation" എന്ന വിഷയത്തിൽ KSDMA യും ലൈഫ് മിഷനും UNDP യും സംയുക്തമായി ഒരു ശില്പശാല സംഘടിപ്പിച്ചു. റീബിൾഡ് ഹബ് എഞ്ചിനിയർമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന എഞ്ചിനീയർമാർ എന്നിവർക്കാണ് പരിശീലനം നൽകിയത്. 35 എഞ്ചിനീയർമാർ പരിശീലന പരിപാടിയുടെ ഭാഗമായി. പ്രമുഖരായ വിഷയ വിദഗ്ദർ ക്ലാസുകൾ നയിച്ചു. ഇതോടോപ്പം പരിപാടിയുടെ ഭാഗമായി വയനാട് ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ ഫീൽഡ് വിസിറ്റും നടത്തി. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Retrofitting-Landslide-Mitigation-Workshop_UNDP.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.





### 1.14.2 ഷെൽട്ടർ ഹബ്ബുകൾ - സുരക്ഷിത ഭവന നിർമ്മാണ സാങ്കേതികസഹായ കേന്ദ്രം - രണ്ടാം ഘട്ട പ്രവർത്തനങ്ങൾ, ഏപ്രിൽ-ജൂൺ 2019

UNDP യുടെ നേതൃത്വത്തിൽ ഹാബിറ്റാറ്റ് ഗ്രൂപ്പുമായി സഹകരിച്ച് കൊണ്ട് പത്തനംതിട്ട, ഇടുക്കി, വയനാട് എന്നീ ജില്ലകളിൽ ഷെൽട്ടർ

ഹബ്ബുകൾ സ്ഥാപിച്ചിരുന്നു. ദുരന്ത ബാധിത പ്രദേശങ്ങളിലെ പുനർനിർമാണ പ്രവർത്തനങ്ങൾ സുരക്ഷിതവും ദുരന്ത അതിജീവന ശേഷിയുള്ളതുമാക്കി മാറ്റുന്നതിനായി ആവശ്യമായ സാങ്കേതിക സഹായം ഇതുവഴി നൽകി. ഷെൽട്ടർ ഹബ്ബുകളുടെ ആദ്യഘട്ട പ്രവർത്തനം 2018 ഒക്ടോബർ മുതൽ 2019 ഏപ്രിൽ വരെ നടത്തി. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ 2019 ഏപ്രിൽ മുതൽ ജൂൺ വരെയായിരുന്നു. ഷെൽട്ടർ ഹബ്ബുകൾ വഴി 1127 സ്ഥലങ്ങൾ സന്ദർശിക്കുകയും ഭാവന നിർമ്മാണത്തിനായി ജനങ്ങൾക്കും നിർമ്മാണ തൊഴിലാളികൾക്കും സാങ്കേതിക ഉപദേശങ്ങളും പരിശീലനവും നൽകി. ദുരന്ത അതിജീവന ശേഷിയുള്ള നിർമ്മാണ മാതൃകകൾ സംബന്ധിച്ചുള്ള പരിശീലനം 185 കല്പണിക്കാർക്ക് നൽകി. അതിനു പുറമെ 60 കരാറുകാർക്കും ഒറിയന്റേഷൻ നൽകി. 373 സിവിൽ എഞ്ചിനിയറിങ് ഡിപ്ലോമ വിദ്യാർത്ഥികൾക്കും സുസ്ഥിരവും ദുരന്ത അതിജീവന ശേഷിയുള്ളതുമായ നിർമ്മാണ രീതികൾ പരിചയപ്പെടുത്തുന്ന പരിശീലനങ്ങൾ നൽകി. 45 സ്കൂളുകൾ, 16 ഹോസ്പിറ്റലുകൾ എന്നിവയുൾപ്പെടെ 61 കെട്ടിടങ്ങൾ സന്ദർശിക്കുകയും ഏതെങ്കിലും തരത്തിലുള്ള റിപ്പയറിങ്ങോ റെട്രോഫിറ്റിങ്ങോ ആവശ്യമാണോ എന്ന് വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. രണ്ട് ഘട്ടങ്ങളിലുമായി നടത്തിയ പ്രവർത്തനങ്ങളുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Report_Shelter-Hubs_UNDP.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



### 1.14.3 നിർമിതി കേന്ദ്രയുടെ പരിശീലകർക്കായുള്ള പരിശീലനം, 29-31 ഒക്ടോബർ 2019

ദുരന്തത്തെ അതിജീവിക്കുന്ന നിർമ്മാണ സാങ്കേതികവിദ്യകൾ പരിശീലിപ്പിക്കുന്നതിനായി KESNIK (കേരള സംസ്ഥാന നിർമിതി കേന്ദ്രം) പരിശീലകർക്കുള്ള ഒരു പരിശീലനപരിപാടി (ToT) 2019 ഒക്ടോബർ 29-31 തീയതികളിൽ തിരുവനന്തപുരത്തുള്ള KESNIK ഓഫീസിൽ വച്ച് നടത്തി. 3 ദിവസങ്ങൾ നീണ്ടുനിന്ന പരിശീലനപരിപാടികളിൽ വിവിധ ദുരന്തങ്ങളെ പ്രതിരോധിക്കാൻ സഹായകമാവുന്ന നിർമ്മാണത്തെക്കുറിച്ച് എഞ്ചിനീയർമാരെയും കൽപ്പണിക്കാരെയും പരിചയപ്പെടുത്തി. കൂടാതെ

എഞ്ചിനീയർമാരെയും മേസൺമാരെയും പരിശീലകരായി പരിശീലിപ്പിക്കുകയും അവരുടെ ജോലിയിലും ഭാവി പരിശീലന പരിപാടികളിലും സുരക്ഷിതമായ നിർമ്മാണ രീതികൾ അവതരിപ്പിക്കാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/NirmithiKendra2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.









### 1.14.4 ദുരന്ത അതിജീവന നിർമാണ രീതി പരിശീലനം - ലൈഫ് മിഷൻ റീബിൽഡ് ഹബ് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം, 17-19 നവംബർ 2019

ലൈഫ് മിഷൻ റീബിൽഡ് ഹബ്ബ് വ്യക്തികൾക്കായി ദുരന്ത നിവാരണ നിർമ്മാണവും ഗുണനിലവാര നിരീക്ഷണവും സംബന്ധിച്ച പരിശീലനം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും UNDP യും redr india യും സംയുക്തമായി 2019 നവംബറിൽ 2 ഘട്ടമായി നടത്തി. ആദ്യഘട്ടം നവംബർ 17 മുതൽ 19 വരെ തിരുവനന്തപുരത്തും 26 മുതൽ 28 വരെ കോഴിക്കോടും പരിപാടികൾ നടന്നു. എഞ്ചിനീയർമാരെയും ലൈഫ് മിഷന്റെ പുനർനിർമ്മാണ ഹബ് ജീവനക്കാരെയും ദുരന്ത പ്രതിരോധശേഷിയുള്ള നിർമ്മാണ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്താൻ സഹായിക്കുക, കേരളത്തിലെ നല്ല നിർമ്മാണ രീതികൾ പങ്കിടുകയും

പ്രതിരോധശേഷിയുള്ള നിര്‍മാണപ്രവര്‍ത്തനങ്ങളെ പറ്റി പൊതുവായ ധാരണയുണ്ടാക്കുകയും ചെയ്യുക എന്നതായിരുന്നു പരിപാടിയുടെ ഉദ്ദേശങ്ങൾ. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Training-for-LIFE-Mission-Hubs_UNDP.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.





### 1.14.5 ആർകിടെക്റ്റുമാർക്കും സിവിൽ എഞ്ചിനീയർമാർക്കുമുള്ള പരിശീലനം - നവംബർ 2019






ദുരന്തത്തെ അതിജീവിക്കുന്ന നിർമ്മാണ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള ഒരു അവബോധന സെമിനാർ 2019 നവംബർ 20 ന് തിരുവനന്തപുരത്തും നവംബർ 22 ന് കോഴിക്കോടും നടന്നു. വിവിധ ദുരന്തങ്ങളെ പ്രതിരോധിക്കുന്ന നിർമ്മാണ വിദ്യകളെക്കുറിച്ച് എഞ്ചിനീയർമാരെയും ആർക്കിടെക്റ്റുകളെയും പരിചയപ്പെടുത്തുക, കേരളത്തിന്റെ ദുരന്തത്തെ അതിജീവിക്കുന്ന മാതൃകാപരമായ നിർമ്മാണ രീതികൾ പങ്കുവെക്കാനും പൊതുവായ ധാരണയുണ്ടാക്കുകയും ചെയ്യുക എന്നിവയായിരുന്നു പരിപാടിയുടെ ഉദ്ദേശങ്ങൾ. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/OrientationArcEng2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.15 പ്രത്യുദ്ധാനം-2019

2015 മുതൽ തന്നെ കെഎസ്ഡിഎംഎ നടപ്പിലാക്കി വരുന്ന ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ പദ്ധതി ദേശീയ-അന്തർദേശീയ പ്രശംസ പിടിച്ചു പറ്റിയിരുന്നു. 2018-ലെ മഹാപ്രളയാനന്തരം ദുർബല വിഭാഗങ്ങളുടെ ഭവന പുനർനിർമ്മാണ ശ്രമങ്ങളെ ഭാഗികമായി പിന്തുണയ്ക്കുന്നതിനായി, യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാം (യുഎൻഡിപി) മുഖേന

പൂർണ്ണമായും സർക്കാരിതര സ്രോതസ്സുകളിൽ നിന്ന് കെഎസ്ഡിഎംഎ 8.25 കോടി രൂപ സമാഹരിച്ചു. പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിലെ പ്രളയബാധിതരായ 5000 ദുർബല കുടുംബങ്ങൾക്ക് 16,500/- രൂപ വീതം സഹായം നൽകാനാണ് യുഎൻഡിപി സഹായം. എന്നാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പദ്ധതിയിൽ പ്രത്യേക താല്പര്യം കാണിക്കുകയും അദ്ദേഹത്തിന്റെ CMDRF ൽ നിന്ന് പ്രത്യുദ്ധാനം പദ്ധതിക്കായി 10 കോടി രൂപ കൂടി അനുവദിക്കുകയും ചെയ്തു. ഇതുവഴി പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ 7300 കുടുംബങ്ങൾക്ക് ഒരു കുടുംബത്തിന് 25,000/- രൂപ എന്ന തോതിൽ ധനസഹായം നൽകാൻ തീരുമാനിച്ചു.

**പദ്ധതിയുടെ ഗുണഭോക്താക്കൾ:**

1. കാൻസർ രോഗികളുള്ള കുടുംബങ്ങൾ, 2018 ലെ കേരളത്തിലെ വെള്ളപ്പൊക്കത്തിൽ കുറഞ്ഞത് 15% നാശനഷ്ടമുണ്ടായ വീടുകളിൽ താമസിക്കുന്നവർ
2. ഡയാലിസിസ് രോഗികളുള്ള കുടുംബങ്ങൾ, 2018 ലെ കേരള പ്രളയത്തിൽ കുറഞ്ഞത് 15% നാശനഷ്ടമുണ്ടായ വീടുകളിൽ താമസിക്കുന്നവർ
3. 2018 ലെ കേരളാ പ്രളയത്തിൽ 15% എങ്കിലും നാശനഷ്ടമുണ്ടായ വീടുകളിൽ കിടപ്പിലായ, ഭിന്നശേഷിക്കാരായ അംഗങ്ങളുള്ള കുടുംബങ്ങൾ
4. 2018 ലെ കേരളത്തിലെ വെള്ളപ്പൊക്കത്തിൽ കുറഞ്ഞത് 15% നാശനഷ്ടമുണ്ടായ വീടുകളിൽ താമസിക്കുന്ന പ്രായപൂർത്തിയാകാത്ത കുട്ടികളുള്ള വിധവകളായ അമ്മമാർ

യോഗ്യതയുള്ള കുടുംബങ്ങൾ മാത്രം മുൻ മാനദണ്ഡങ്ങൾ പ്രകാരം ഹാജരായില്ലെങ്കിൽ, തുടർന്നുള്ള മാനദണ്ഡങ്ങളിൽ നിന്ന് ഒരു ഗുണഭോക്താവിനെ തിരഞ്ഞെടുക്കണം. പ്രളയബാധിതരായ ഗുണഭോക്താക്കളുടെ നിലവിലുള്ള അംഗീകൃത പട്ടികയിൽ നിന്നുമാത്രമാണ് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തത്. ദുരന്ത ബാധിതരായ ആളുകൾക്ക് കൂടുതൽ സാമ്പത്തിക സഹായം നൽകുന്ന രാജ്യത്തെ ഒരു ശ്രദ്ധേയമായതും ആദ്യത്തേതുമായ പദ്ധതിയാണ് പ്രത്യുദ്ധാനം. പ്രത്യുധാനം പദ്ധതിയുടെ വിശദവിവരങ്ങളും ഇതു സംബന്ധിച്ചിറങ്ങിയ സർക്കാർ ഉത്തരവുകളും https://sdma.kerala.gov.in/prathyudhanam-2019/ എന്ന ലിങ്ക് വഴി വെബ്സൈറ്റിൽ ലഭ്യമാണ്.

## 1.16 ഡിസാസ്റ്റർ ഇൻഫർമേഷൻ ഇനിഷ്യേറ്റീവ് - ഏകദിന ശില്പശാല - 27 മെയ് 2019

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി Facebook, SEEDS എന്നിവരുമായി ചേർന്ന് 2019 മേയ് 27ന് തിരുവനന്തപുരം ഹോട്ടൽ റെസിഡൻസി ടവേഴ്സിൽ വെച്ച് Disaster Information Initiative (DII) മുഖ്യപ്രമേയമാക്കി ഒരു ഏകദിന ശില്പശാലയും ആലോചന യോഗവും സംഘടിപ്പിച്ചു. വിവിധ സർക്കാർ വകുപ്പുകളുടെയും UNDP, UNICEF, Sphere, CARE, ATREE, Thanal, Foundation for Development Action, CII, Aapdha Mitra, Community Radio stations തുടങ്ങിയ സംഘടനകളുടെയും പ്രതിനിധികൾ പങ്കെടുത്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Report-on-State-Workshop-on-DII-Thiruvananthapuram-May-27-2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.17 ഓറഞ്ച് ബുക്ക് ഓഫ് ഡിസാസ്റ്റർ മാനേജ്മെൻറ് 2 (കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖ)

2018 ലെ മഹാപ്രളയനാന്തരം പ്രളയാനുഭവങ്ങളുടെ കൂടി അടിസ്ഥാനത്തിൽ 2019ലെ മൺസൂൺ സീസണിന് മുന്നോടിയായുള്ള തയ്യാറെടുപ്പുകൾ കൂടുതൽ മികവുറ്റതാക്കിയിരുന്നു. ഇതിൻറെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾക്കും പൊതുജനങ്ങൾക്കും എല്ലാം ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ വിശദമായ മൺസൂൺ തയ്യാറെടുപ്പ്, പ്രതികരണ പ്രവർത്തന മാർഗ്ഗരേഖ പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ സമഗ്രമായ ഒരു മാർഗ രേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കപ്പെടുന്നത് രാജ്യത്ത് തന്നെ ആദ്യമാണ്.




കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മൺസൂൺ പ്രവചനം, വിവിധ അന്തർദേശീയ-ദേശീയ ഏജൻസികളിലു നിന്നും സ്വകാര്യ ഏജൻസികളിൽ നിന്നും ലഭ്യമായ മഴ സാധ്യത പ്രവചനങ്ങൾ, പ്രതീക്ഷിക്കേണ്ട ദുരന്തങ്ങൾ, ഇവ സംബന്ധിച്ചുള്ള മുന്നറിയിപ്പുകൾ എവിടുന്ന് ലഭ്യമാകും, പ്രവചനങ്ങളെയും മുന്നറിയിപ്പുകളെയും മനസ്സിലാക്കേണ്ട വിധം, ന്യൂനമർദവും ചുഴലിക്കാറ്റും സംബന്ധിച്ച വിവരങ്ങൾ, വിവിധ വകുപ്പുകൾ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ, രക്ഷാസേനകൾക്കുള്ള നിർദേശങ്ങൾ, രക്ഷാപ്രവർത്തനത്തിനുള്ള മാർഗനിർദേശങ്ങൾ തുടങ്ങി ജൂൺ മുതൽ ഡിസംബർ വരെയുള്ള മൺസൂൺ സീസണിലെ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് സംസ്ഥനത്ത്

നടക്കേണ്ട പ്രവർത്തനങ്ങളുടെ വ്യക്തവും വിശദവുമായ മാർഗ്ഗരേഖയായിരുന്നു ഓറഞ്ച് ബുക്ക്.

## 1.18 മൺസൂൺ 2019

### 1.18.1 2019-ലെ കാലവർഷ മുന്നൊരുക്കം

കേരളത്തിൽ കാലവർഷ മുന്നൊരുക്കം ആരംഭിക്കുന്നത് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ (India Meteorological Department-IMD) മൺസൂൺ സീസണിലേക്കുള്ള ആദ്യഘട്ട ദീർഘകാല മഴ പ്രവചനത്തോടെയാണ് (Long Range Forecast). 2019 ഏപ്രിൽ 15 ന് പുറത്തിറക്കിയ കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ ആദ്യഘട്ട ദീർഘകാല പ്രവചനത്തിൽ 2019 മൺസൂൺ സീസണിൽ ±5% മോഡൽ പിഴവിനുള്ള സാധ്യതയോട് കൂടി ദീർഘകാല ശരാശരിയുടെ 96% മഴ ലഭിക്കാനുള്ള സാധ്യത പ്രവചിച്ചു. പ്രസ്തുത പ്രവചനത്തിൽ സാധാരണ മൺസൂൺ മഴക്കാലത്തിന് (ദീർഘകാല ശരാശരിയുടെ 96-104% മഴ ലഭിക്കുന്ന സാഹചര്യം) ഏറ്റവും കൂടുതൽ സാധ്യതയും മഴക്കുറവിന് (deficient rainfall) കുറഞ്ഞ സാധ്യതയുമാണ് കണക്കാക്കിയിരുന്നത്. കാലവർഷം എന്ന് ആരംഭിക്കും എന്നത് സംബന്ധിച്ച സൂചന ആദ്യഘട്ട ദീർഘകാല മഴ പ്രവചനത്തിൽ ലഭ്യമായിരുന്നില്ല.

ടി പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരിതാശ്വാസ കമ്മീഷ്ണർ 2018 മെയ് 10 ന് അവലോകന യോഗം വിളിച്ചു ചേർത്തു. മുഴുവൻ വകുപ്പ് തലവന്മാർ, ജില്ലാ കളക്ടർമാർ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ, കേന്ദ്ര കാലാവസ്ഥ വകുപ്പ്, ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS), കേന്ദ്ര-സംസ്ഥാന രക്ഷാസേന വിഭാഗങ്ങളുടെ പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. മൺസൂൺ സീസണിനായുള്ള മെച്ചപ്പെട്ട തയ്യാറെടുപ്പിനായി ബന്ധപ്പെട്ട വകുപ്പുകൾ നിർവ്വഹിക്കേണ്ട ചുമതലകൾ യോഗത്തിൽ നിശ്ചയിച്ചു നൽകി. ജില്ലാതലത്തിലുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ മുഖ്യമന്ത്രിയും, ദുരന്ത നിവാരണ വകുപ്പ് മന്ത്രിയും കൃത്യമായ ഇടവേളകളിൽ വീഡിയോ കോൺഫെറൻസുകൾ വഴി അവലോകനം ചെയ്തു. മൺസൂൺ മുന്നൊരുക്ക യോഗത്തിലെ തീരുമാനങ്ങൾ ശരിയായ രീതിയിൽ നടപ്പിലാക്കാൻ വേണ്ട സവിശേഷ നിർദേശങ്ങൾ ഇതുവഴി ജില്ലാ തലത്തിലേക്ക് സമയനുസൃതം നല്കാൻ സാധിച്ചു. എല്ലാ ജില്ലയിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റി യോഗങ്ങൾ ചേർന്ന് അതാത് വകുപ്പുകൾക്ക് നിശ്ചയിച്ച് നൽകിയിരുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ വിലയിരുത്തുകയും കുറവുകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമെർജൻസി ഓപ്പറേഷൻസ് സെന്റർ മൺസൂൺ മുന്നൊരുക്കങ്ങൾക്കുള്ള സമഗ്രമായ മാർഗ നിർദേശങ്ങൾ ഉൾപ്പെടുത്തി ഒരു കൈപ്പുസ്തകം തയ്യാറാക്കി

പ്രസിദ്ധീകരിച്ചു. കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗ്ഗരേഖ അഥവാ ദുരന്ത നിവാരണത്തിനുള്ള ഓറഞ്ച് പുസ്തകം (2) എന്ന പേരിൽ മലയാളത്തിൽ പ്രസിദ്ധീകരിച്ച പ്രസ്തുത മാർഗരേഖയിൽ വിവിധ കാലാവസ്ഥ ഏജൻസികളുടെ മൺസൂൺ പ്രവചനം, പ്രവചനങ്ങൾ ലഭിക്കുന്ന സ്രോതസ്സുകൾ, അവ മനസ്സിലാക്കേണ്ട വിധം, മൺസൂൺ സീസണിൽ പ്രതീക്ഷിക്കാവുന്ന പ്രകൃതി ദുരന്തങ്ങൾ സംബന്ധിച്ച വിവരങ്ങൾ, ചുഴലിക്കാറ്റ് മുന്നറിയിപ്പ് മനസ്സിലാക്കേണ്ട വിധം, താലൂക്ക് തലം വരെയുള്ള ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റം (IRS), ബന്ധപ്പെട്ട വകുപ്പുകൾക്കുള്ള സമഗ്രമായ നിർദേശങ്ങൾ, കേന്ദ്ര- സംസ്ഥാന രക്ഷ സേനകൾക്കുള്ള നിർദേശങ്ങൾ, വിവര ശേഖരണത്തിന് ആവശ്യമായ വിവിധ മാതൃക ഫോമുകൾ എന്നിവ ഉൾപ്പെടുത്തിയിരുന്നു. ഇതിനോടൊപ്പം മുന്നറിയിപ്പുകൾക്ക് അനുസൃതമായി പ്രവർത്തിക്കേണ്ട വിധം വ്യക്തമാക്കുന്ന സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ (SOP) കൾ, അടിയന്തര ഘട്ടത്തിൽ പ്രവർത്തിക്കേണ്ട വിധം എന്നിവ വിശദമാക്കുന്ന ഓറഞ്ച് പുസ്തകം 1 കൂടി പ്രസിദ്ധീകരിച്ചിരുന്നു. ഇവ രണ്ടും 2019 മെയ് 6 ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച് 9 മെയ് 2019 തീയതിയിലെ GO (Rt) No. 280/2019/DMD എന്ന സർക്കാർ ഉത്തരവിലൂടെ പ്രസിദ്ധീകരിച്ചു. ഇവ മുഴുവൻ വകുപ്പുകൾക്കും പൊതുജനങ്ങൾക്കും KSDMA യുടെ വെബ്സൈറ്റ് വഴിയും മറ്റ് മാർഗങ്ങളിലൂടെയും ലഭ്യമാക്കി.

കേന്ദ്ര കാലാവസ്ഥ വകുപ്പ് 2019 മെയ് 31 ന് പുറത്തിറക്കിയ രണ്ടാംഘട്ട ദീർഘകാല പ്രവചനത്തിൽ ദക്ഷിണേന്ത്യയിൽ ±8% മോഡൽ പിഴവിനുള്ള സാധ്യതയോട് കൂടി ദീർഘകാല ശരാശരിയുടെ 97% മഴ ലഭിക്കാനുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരുന്നത്. പ്രസ്തുത ദീർഘകാല പ്രവചനത്തിൽ രാജ്യത്ത് ഓഗസ്റ്റ് മാസത്തിലെ മഴ ദീർഘകാല ശരാശരിയുടെ 99%ആയിരിക്കുമെന്നാണ് (±9% മോഡൽ പിഴവിനുള്ള സാധ്യത). ടി പ്രവചനത്തിൽ സാധാരണയിൽ കവിഞ്ഞുള്ള മഴ ലഭിക്കാനുള്ള സാധ്യത 10%വും അതിവർഷത്തിനുള്ള സാധ്യത 2%വും മാത്രമാണ് കണക്കാക്കിയിരുന്നത്.

തെക്ക് പടിഞ്ഞാറൻ മൺസൂണിൻറെ രണ്ടാം പാതി സംബന്ധിച്ചുള്ള ദീർഘകാല പ്രവചനം കേന്ദ്ര കാലാവസ്ഥ വകുപ്പ് പുറപ്പെടുവിച്ചത് 2019 ഓഗസ്റ്റ് 1 നാണ്. ഇതുപ്രകാരം ഓഗസ്റ്റ്-സെപ്റ്റംബറിൽ ദീർഘകാല ശരാശരി മഴയുടെ 100% മഴ ± 8% മോഡൽ പിഴവുകൾക്കുള്ള സാധ്യതയോടെ ലഭിക്കുമെന്നായിരുന്നു പ്രവചനം.

സാധാരണ മൺസൂൺ മഴ കേരളത്തിലെത്തുന്ന ദിവസമായി കണക്കാക്കപ്പെട്ടിരിക്കുന്നത് ജൂൺ 1 ആണ്. എന്നാൽ 2019 ലെ മൺസൂൺ

ജൂൺ 6 നോട് കൂടി മാത്രമേ കേരളത്തിൽ എത്താൻ സാധ്യതയുള്ളൂ എന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് പ്രവചിച്ചത്. എന്നാൽ 2 ദിവസം കൂടി വൈകി ജൂൺ 8നാണ് മൺസൂൺ മഴ കേരളത്തിലെത്തിയതായി കേന്ദ്ര കാലാവസ്ഥ വകുപ്പ് ഔദ്യോഗികമായി സ്ഥിരീകരിച്ചത്.

### 1.18.2 2019-ലെ കാലവർഷ അവലോകനം

ഇന്ത്യയിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശങ്ങളിലൊന്നാണ് കേരളം. തെക്ക് പടിഞ്ഞാറൻ കാലവർഷം ആദ്യമെത്തുന്ന സംസ്ഥാനവും കേരളം തന്നെ. ഇടവപ്പാതി (തെക്ക് പടിഞ്ഞാറൻ മൺസൂൺ) തുലാവർഷം (വടക്ക് കിഴക്കൻ മൺസൂൺ) എന്നിങ്ങനെ രണ്ട് മഴ സീസണുകളാണ് കേരളത്തിനുള്ളത്. ഇതിൽ ജൂൺ മുതൽ സെപ്റ്റംബർ വരെ തുടരുന്ന ഇടവപ്പാതിയാണ് സംസ്ഥാനത്ത് ലഭിക്കുന്ന മഴയുടെ ഏറിയ പങ്കും നൽകുന്നത്.




അറബിക്കടലിൽ രൂപം കൊണ്ട ചുഴലിക്കാറ്റിൻറെയും മറ്റും സ്വാധീനത്താൽ സീസണിലെ മൺസൂൺ മഴയുടെ ആരംഭം സാധാരണയിൽ നിന്ന് വ്യത്യസ്തമായിരുന്നു. കേരളത്തിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന ജൂൺ-ജൂലൈ മാസങ്ങളിൽ സാധാരണയിൽ നിന്ന് വ്യത്യസ്തമായി കുറവ് മഴയാണ് സീസണിൽ ലഭിച്ചത്. 2019 ജൂലൈ 31 വരെയുള്ള കണക്ക് പ്രകാരം 32% മഴ കുറവായിരുന്നു സംസ്ഥാനത്ത് രേഖപ്പെടുത്തപ്പെട്ടത്. ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന വയനാട് ജില്ലയിൽ ജൂലൈ 31 വരെയുള്ള കണക്ക് പ്രകാരം 55% മഴ കുറവാണ് റെക്കോർഡ് ചെയ്യപ്പെട്ടത്.

### 1.18.3 ഓഗസ്റ്റിലെ അധിവൃഷ്ടിയും പ്രകൃതിക്ഷോഭവും

2019 ഓഗസ്റ്റ് മാസം കേരളത്തിൽ വീണ്ടും അതിതീവ്ര മഴയുണ്ടായി. ഉരുൾപൊട്ടലുകളും പ്രളയവുമുണ്ടായി. 2018 ലെ കൂടി അനുഭവങ്ങളുടെ പശ്ചാത്തലവും ഭേദപ്പെട്ട കാലാവസ്ഥ മുന്നറിയിപ്പും ഉണ്ടായിരുന്നത് കൊണ്ട് നഷ്ടം ഒരു പരിധിവരെ കുറക്കാൻ നമുക്ക് സാധിച്ചു. പ്രകൃതി പ്രതിഭാസങ്ങളെ തടയാനോ ഇല്ലാതാക്കാനോ സാധിക്കുകയില്ല. എന്നാലും അത് മൂലമുണ്ടാകുന്ന ആഘാതം ലഘൂകരിക്കുക എന്നതാണ് സാധ്യമായത്. അതിന് നല്ല രീതിയിലുള്ള തയ്യാറെടുപ്പുകൾ കേരളത്തെ സഹായിച്ചു. ജൂൺ-ജൂലൈ മാസങ്ങളിൽ മഴ മാറി നിന്നു. കേരളത്തിൽ ഏറ്റവുമധികം മഴ സാധാരണ ഗതിയിൽ ലഭിക്കേണ്ട ജൂൺ മാസത്തിലും ജൂലൈ മാസത്തിലും നമുക്ക് മഴക്കുറവ് രേഖപ്പെടുത്തി. 2019ൽ ഏറ്റവുമധികം ബന്ധിക്കപ്പെട്ട വയനാട് ജില്ലയിൽ ജൂലൈ 31ന് 55% മഴക്കുറവായിരുന്നു രേഖപ്പെടുത്തപ്പെട്ടത്. എന്നാൽ 2018 ലേതിന് സമാനമായി 2019ലും ഓഗസ്റ്റ് മാസം ബംഗാൾ ഉൾക്കടലിൽ ന്യൂനമർദം രൂപപ്പെട്ടു.

2019 ൽ ഓഗസ്റ്റ് 6ന് വടക്കൻ ബംഗാൾ ഉൾക്കടലിൽ അതിശക്തമായ ന്യൂനമർദം (DEPRESSION) രൂപപ്പെടുകയും ശക്തി പ്രാപിച്ച് അത് ഒരു തീവ്ര ന്യൂനമർദമായി മാറുകയും (DEEP DEPRESSION) ഒഡീഷ തീരം വഴി കരയിലേക്ക് പ്രവേശിക്കുകയും ചെയ്തു. ഇത് പിന്നീട് ഒഡീഷ, ഛത്തീസ്ഗഢ്, മധ്യപ്രദേശ്, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലൂടെ സഞ്ചരിച്ച് ശക്തി ക്ഷയിച്ച് ഇല്ലാതായി.

2019ലെ കേരളത്തിലെ പ്രകൃതിക്ഷോഭത്തിലേക്ക് നയിച്ചത് ഈ ദിവസങ്ങളിൽ പെയ്ത മഴയാണ്. ഓഗസ്റ്റ് 6 മുതൽ 11 വരെയുള്ള ദിവസങ്ങളിൽ 91 സ്റ്റേഷനുകളിലാണ് ആകെ അതിശക്തമായതോ അതിതീവ്രമായതോ ആയ മഴ രേഖപ്പെടുത്തപ്പെട്ടത്. ഓഗസ്റ്റ് 9 ന് മാത്രം കേരളത്തിലെ 40 സ്റ്റേഷനുകളിലും ഓഗസ്റ്റ് 10 ന് രാവിലെ രേഖപ്പെടുത്തപ്പെട്ട കണക്കനുസരിച്ച് 21 സ്റ്റേഷനുകളിലും 115 മില്ലിമീറ്ററിൽ കൂടുതൽ മഴ രേഖപ്പെടുത്തുന്ന സ്ഥിതിയുണ്ടായി. ഓഗസ്റ്റ് 9ന് വയനാട് ജില്ലയിലെ മാനന്തവാടി, പാലക്കാട് ജില്ലയിലെ വിവിധ സ്റ്റേഷനുകളിലും 300 മില്ലിമീറ്ററിന് മുകളിൽ 24 മണിക്കൂറിൽ മഴ ലഭിക്കുന്ന സാഹചര്യമുണ്ടായി. ഓഗസ്റ്റ് മാസത്തിൽ കേരളത്തിലെ ആകെ മഴയുടെ ശരാശരിയിൽ 123% വർധനവാണ് 2019 ഓഗസ്റ്റിൽ രേഖപ്പെടുത്തപ്പെട്ടത്. 2018 ലെ ഓഗസ്റ്റ് മാസമാകെ എടുത്താൽ 96% അധിക മഴയായിരുന്നു എന്ന് കൂടി ഓർക്കുക. വടക്കൻ കേരളത്തിലെയും മധ്യകേരളത്തിലെയും ജില്ലകളിലാണ് പ്രധാനമായും അതിതീവ്ര മഴ കേന്ദ്രീകരിച്ചത്. കോഴിക്കോട് ജില്ലയിൽ ദീർഘകാല ശരാശരിയേക്കാൾ 176% അധിക മഴ ലഭിച്ചപ്പോൾ വയനാട് (110%), മലപ്പുറം (176%), പാലക്കാട് (217%), തൃശ്ശൂർ (127%), എറണാകുളം (140%) എന്നീ ജില്ലകളിൽ ദീർഘകാല

ശരാശരിയേക്കാൾ ഇരട്ടിയിൽ അധികം മഴ രേഖപ്പെടുത്തപ്പെട്ട ഓഗസ്റ്റ് മാസമായിരുന്നു 2019 ലേത്. ഓഗസ്റ്റിൽ 932 മില്ലിമീറ്റർ മഴ ലഭിച്ചതിൽ ഓഗസ്റ്റ് 6 മുതൽ 14 വരെയുള്ള ദിവസങ്ങളിലായിരുന്നു മഴ അതിൻറെ മൂർത്തഭാവം പൂണ്ടത്. ഇക്കാലയളവിൽ ശരാശരി 602.2 മില്ലിമീറ്റർ മഴയാണ് കേരളത്തിൽ ആകെ ലഭിച്ചത്. ദീർഘകാല ശരാശരിയായ 122 മില്ലിമീറ്റർ മഴയെക്കാൾ 394% അധിക മഴയാണിത്! ഈ ദിവസങ്ങളിൽ കേരളത്തിലെ മുഴുവൻ ജില്ലകളിലും 300% അധിക മഴയാണ് ലഭിച്ചത്. കേന്ദ്ര കാലാവസ്ഥ വകുപ്പ് അതിതീവ്ര മഴയെന്ന് നിർവചിച്ചിരിക്കുന്ന 24 മണിക്കൂറിൽ 200 മില്ലിമീറ്ററിൽ കൂടുതൽ മഴ ലഭിക്കുന്ന ഇവെന്റുകൾ സംഭവിക്കുകയുണ്ടായി. കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ വൈത്തിരി (വയനാട്), വടകര (കോഴിക്കോട്), ഒറ്റപ്പാലം (പാലക്കാട്) എന്നീ സ്റ്റേഷനുകളിൽ കേവലം 6 ദിവസം കൊണ്ട് 1000 മില്ലിമീറ്റർ മഴയാണ് ലഭിച്ചത്. ഓഗസ്റ്റ് മാസം മാത്രം 14 ൽ 7 ജില്ലകളിലും 1000 മില്ലിമീറ്ററിന് മുകളിൽ ശരാശരി മഴ ലഭിച്ചു.

| ഓഗസ്റ്റ് മഴ - 2019 | | | |
|---|---|---|---|
| **ജില്ല** | **സാധാരണ മഴ (ദീർഘകാല ശരാശരി) മില്ലി മീറ്ററിൽ (mm)** | **ലഭിച്ച മഴ മില്ലി മീറ്ററിൽ (mm)** | **അധിക മഴ ശതമാനത്തിൽ (%)** |
| കാസർകോട് | 658.9 | 1194.5 | 81 |
| കണ്ണൂർ | 554 | 1107.2 | 100 |
| കോഴിക്കോട് | 510.8 | 1407.8 | 176 |
| വയനാട് | 568.3 | 1190.8 | 110 |
| മലപ്പുറം | 392.7 | 1084.2 | 176 |
| പാലക്കാട് | 324.8 | 1030.6 | 217 |
| തൃശൂർ | 467.9 | 1062 | 127 |
| എറണാകുളം | 398.5 | 957.7 | 140 |
| ആലപ്പുഴ | 339.1 | 676.1 | 99 |
| കോട്ടയം | 375.7 | 763 | 103 |
| ഇടുക്കി | 590.5 | 979.4 | 66 |
| പത്തനംതിട്ട | 333.6 | 717.7 | 115 |
| കൊല്ലം | 258.2 | 549.3 | 113 |
| തിരുവനന്തപുരം | 144 | 325 | 126 |
| **കേരളം** | **426.7** | **951.4** | **123** |



MONSOON CALAMITY 2019 - KERALA
Rainfall Departure Map
N
Km
0 30 60 120
75°0'0"E
76°0'0"E
77°0'0"E
13°0'0"N
12°0'0"N
11°0'0"N
10°0'0"N
9°0'0"N
Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
Legend
Rainfall Dep.(%)
High : 340
Low : -2
District boundary
Map prepared and published by Kerala State Disaster Management Authority







2018 ലെ ഓഗസ്റ്റ് മഴയുമായി താരതമ്യപ്പെടുത്തുമ്പോൾ അതിതീവ്ര മഴ ദിനങ്ങളുടെ എണ്ണം 2019 ഓഗസ്റ്റിൽ കുറവായിരുന്നു. എന്നാൽ മഴ ദിനങ്ങളുടെ എണ്ണത്തിൽ 2019 ഓഗസ്റ്റ് മാസം 2018 നേക്കാൾ മുന്നിലായിരുന്നു. 14 ൽ 10 ജില്ലകളിലും 2018 ഓഗസ്റ്റിൽ ലഭിച്ചതിനേക്കാൾ അധികം മഴ 2019 ഓഗസ്റ്റ് മാസം ലഭിച്ചു.




| | 1-Aug | 2-Aug | 3-Aug | 4-Aug | 5-Aug | 6-Aug | 7-Aug | 8-Aug | 9-Aug | 10-Aug | 11-Aug | 12-Aug | 13-Aug | 14-Aug | 15-Aug | 16-Aug |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Normal | 21.0 | 19.9 | 16.6 | 16.6 | 14.8 | 14.3 | 16.2 | 14.7 | 14.4 | 15.7 | 16.7 | 15.6 | 15.5 | 13.2 | 13.4 | 15.5 |
| 2018 | 31.8 | 6.1 | 11.6 | 6.6 | 4.0 | 5.0 | 10.6 | 56.7 | 63.2 | 32.7 | 20.4 | 15.8 | 32.7 | 36.9 | 126. | 136. |
| 2019 | 1.2 | 1.1 | 4.0 | 6.1 | 21.8 | 33.0 | 69.5 | 66.9 | 153. | 93.4 | 81.2 | 24.2 | 25.6 | 59.4 | 23.6 | 5.7 |

| | 17-Aug | 18-Aug | 19-Aug | 20-Aug | 21-Aug | 22-Aug | 23-Aug | 24-Aug | 25-Aug | 26-Aug | 27-Aug | 28-Aug | 29-Aug | 30-Aug | 31-Aug |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Normal | 16.2 | 14.3 | 13.6 | 12.3 | 10.2 | 12.0 | 11.5 | 13.1 | 11.4 | 10.6 | 10.8 | 9.4 | 9.1 | 8.9 | 9.2 |
| 2018 | 71.0 | 35.6 | 19.7 | 9.4 | 6.5 | 5.9 | 3.9 | 1.0 | 0.4 | 0.1 | 1.9 | 12.0 | 11.3 | 1.7 | 2.2 |
| 2019 | 6.3 | 1.2 | 8.4 | 3.9 | 14.0 | 18.4 | 24.0 | 12.9 | 11.1 | 25.1 | 42.1 | 16.6 | 15.1 | 37.9 | 14.5 |

കേരളത്തിൽ മാത്രമല്ല, തമിഴ്നാട്ടിലെ നീലഗിരി കുന്നുകളിലും അഭൂതപൂർവ്വമായ പേമാരിയാണ് 2019 ഓഗസ്റ്റിൽ പെയ്തിറങ്ങിയത്. നീലഗിരി തമിഴ്നാട്ടിൽ ആണെങ്കിലും അത് വയനാട്, മലപ്പുറം ജില്ലകളിലെ കിഴക്കൻ മേഖലയുമായി അതിർത്തി പങ്കിടുന്ന സങ്കീർണ്ണമായ ഭൂപ്രദേശമാണ്. പ്രതിദിന മഴ 900 മില്ലിമീറ്ററിലും ഉയർന്ന നീലഗിരി കുന്നുകളിലെ അതിതീവ്ര മഴയുടെ കൂടി സ്വാധീനത്താൽ പശ്ചിമഘട്ടത്തിൽ വിവിധയിടങ്ങളിൽ ഉരുൾപൊട്ടലുണ്ടായി. മിക്കയിടത്തും സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി ആളുകളെ മാറ്റിയിരുന്നത് കൊണ്ട് ദുരന്തത്തിന്റെ ആഘാതം ലഘൂകരിക്കാനായി. പക്ഷെ കവളപ്പാറയിലും പത്തുമലയിലുമുണ്ടായ വലിയ ഉരുൾപൊട്ടലുകളിൽ നിരവധി ആളുകൾക്ക് ജീവൻ നഷ്ടപ്പെടുന്ന നിർഭാഗ്യകരമായ സംഭവവുമുണ്ടായി.

### 1.18.4 2019-ലെ പ്രളയ ദുരന്തം

നാഷണൽ റിമോട്ട് സെൻസിങ് സെൻറർ ലഭ്യമാക്കിയ ഉപഗ്രഹാധിഷ്ഠിതമായ ഭൂപടം പ്രകാരം കേരളത്തിലെ 581 ചതുരശ്ര കിലോമീറ്റർ പ്രദേശം പ്രളയജലത്തിൽ മുങ്ങി. 13 ജില്ലകളിലും പ്രളയമോ, ഉരുൾപൊട്ടലോ ഉണ്ടായി. 1038 വില്ലേജുകൾ GO (P) No. 6/2018/DMD dated 3-10-2018 (https://sdma.kerala.gov.in/wp-content/uploads/2019/08/GO-Flood-Landslide-Notification-2019-1.pdf) പ്രകാരം പ്രളയബാധിതമായി പ്രഖ്യാപിച്ചു.


MONSOON CALAMITY 2019 - KERALA
Flood Inundation Map
N
Km
0 30 60 120
75°0'0"E
76°0'0"E
77°0'0"E
13°0'0"N
12°0'0"N
11°0'0"N
10°0'0"N
9°0'0"N
Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
Legend
Flood Inundated Villages
District Boundary
Village Boundary
Map prepared and published by Kerala State Disaster Management Authority
Source: NRSC


MONSOON CALAMITY 2019 - KERALA
Notified Flood/Landslide affected Villages
N
Km
0
30
60
120
Kasargod
Kannur
Wayanad
Kozhikode
Malappuram
Palakkad
Thrissur
Ernakulam
Idukki
Kottayam
Alappuzha
Pathanamthita
Kollam
Thiruvananthapuram
TOTAL NO OF FLOOD /LANDLIDE AFFECTED VILLAGES
1038
Legend
Flood/Landslide Affected Villages
District Boundary
Village Boundary
Map prepared and published by Kerala State Disaster Management Authority

ചിത്രം 1: 2019 ലെ വെള്ളപ്പൊക്കവും മണ്ണിടിച്ചിലും ബാധിച്ച നോട്ടിഫൈഡ് വില്ലേജുകളുടെ ഭൂപടം.




അതിതീവ്ര മഴയെ തുടർന്നുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം, മലവെള്ളപ്പാച്ചിൽ, ശക്തമായ കാറ്റിലും മഴയിലും മരം

വീണും മതിലുകൾ ഇടിഞ്ഞുമെല്ലാം 125 പേരുടെ ജീവൻ നഷ്ടപ്പെടുന്ന സ്ഥിതിയാണ് സംസ്ഥാനത്ത് ഉണ്ടായത്. 42 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. വലിയ നാശനഷ്ടങ്ങൾ സൃഷ്ടിച്ച കവളപ്പാറയിലെ ഉരുൾപൊട്ടൽ ഉൾപ്പെടെ സംഭവിച്ച മലപ്പുറം ജില്ലയിൽ മാത്രം 60 പേരുടെ ജീവനാണ് നഷ്ടമായത്. 2,16,257 വീടുകൾക്ക് ഭാഗികമായി കേടുപാടുകൾ സംഭവിക്കുകയും 21,264 വീടുകൾ പൂർണ്ണമായി നശിക്കുകയും ചെയ്തു. 31,014.6 ഹെക്ടർ ഭൂമിയിലെ കൃഷി നശിച്ചു. സർവ്വ മേഖലകളിലും വലിയ നഷ്ടങ്ങൾ സമ്മാനിച്ചിട്ടാണ് തുടർച്ചയായ രണ്ടാം വർഷവും ഓഗസ്റ്റ് മാസത്തിലെ അതിതീവ്ര മഴ ദിനങ്ങൾ കടന്നു പോയത്.

| **തകർന്ന വീടുകൾ സംബന്ധിച്ച വിവരങ്ങൾ** | | |
|---|---|---|
| **ജില്ല** | **പൂർണ്ണമായും തകർന്ന വീടുകൾ (75% ത്തിന് മുകളിൽ കേടുപാട് സംഭവിച്ചവ)** | **ഭാഗികമായി തകർന്ന വീടുകൾ** |
| തിരുവനന്തപുരം | 205 | 2 |
| കൊല്ലം | 431 | 484 |
| പത്തനംതിട്ട | 127 | 3929 |
| ആലപ്പുഴ | 452 | 15758 |
| കോട്ടയം | 226 | 26496 |
| ഇടുക്കി | 709 | 245 |
| എറണാകുളം | 377 | 14064 |
| തൃശൂർ | 769 | 23144 |
| പാലക്കാട് | 2229 | 7179 |
| മലപ്പുറം | 4204 | 48012 |
| കോഴിക്കോട് | 1168 | 47534 |
| വയനാട് | 7702 | 9079 |
| കണ്ണൂർ | 2159 | 15185 |
| കാസർകോട് | 506 | 5146 |
| **ആകെ** | **21,264** | **2,16,257** |

- GO (Ms) No. 26/2019/DMD dated 24-8-2019 പ്രകാരം പൂർണ്ണമായി തകർന്നതോ 75% അധികം തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാകുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് 4 ലക്ഷം രൂപ എന്ന് നിജപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ മലയോര മേഖലയിൽ 1,01,900 രൂപയാണ് (സമതലത്തിൽ 95,100 രൂപ) ഇതിനായി അനുവദിച്ചിട്ടുള്ളത്. ആകെ നൽകുന്ന 4 ലക്ഷത്തിൽ ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് നൽകുന്നത്. Minimum Relief Code അനുസരിച്ച് സംസ്ഥാനത്തെ ദുരന്തങ്ങളിൽ തകരുന്ന വീടുകൾക്ക് നേരിട്ടിട്ടുള്ള നാശനഷ്ടത്തിൻറെ തോതനുസരിച്ച് കുറഞ്ഞത് 15%, 16-29%,

30-59%, 60-74%, 75%ത്തിനു മേലെ എന്നിങ്ങനെ അഞ്ചു വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായനിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്.

- GO (Ms) No. 25/2019/DMD dated 23-8-2019 പ്രകാരം പൂർണ്ണമായും സ്ഥലം ഒഴുകി പോയവർക്ക് സ്വന്തമായി കേരളത്തിൽ സ്ഥലം ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീടു നിർമ്മാണത്തിന് അനുയോജ്യം അല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ, ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. രാജ്യത്ത് സ്ഥലം ദുരന്തത്തിൽ ഒഴുകി പോയ ദുരന്ത ബാധിതർക്ക് വീടു വയ്ക്കാൻ സ്ഥലം വാങ്ങുന്നതിന് ഇത്രയും ഉയർന്ന അളവിൽ ദുരിതാശ്വാസ സഹായം അനുവദിക്കുന്ന മറ്റൊരു സംസ്ഥാനവും ഇല്ല. ദുരന്ത സാധ്യതാ അനുബന്ധിയായ ഇത്തരം ഒരു സ്ഥലം മാറ്റി താമസിപ്പിക്കൽ സ്കീം മറ്റ് ഒരു സംസ്ഥാനത്തും ഇല്ല.

| **ജില്ല** | **കൃഷി നാശം ഹെക്ടറിൽ** | **NDRF മാനദണ്ഡ പ്രകാരം കണക്കാക്കിയ നഷ്ടം (ലക്ഷം രൂപയിൽ)** |
|---|---|---|
| തിരുവനന്തപുരം | 629.11 | 80.267 |
| കൊല്ലം | 278.76 | 34.495 |
| ആലപ്പുഴ | 3644.13 | 485.96 |
| പത്തനംതിട്ട | 335.89 | 43.663 |
| കോട്ടയം | 2862.05 | 383.967 |
| ഇടുക്കി | 999.28 | 159.514 |
| എറണാകുളം | 1294.21 | 160.966 |
| തൃശൂർ | 2653.42 | 391.11 |
| പാലക്കാട് | 10885.86 | 1459.833 |
| മലപ്പുറം | 1611.3 | 201.222 |
| കോഴിക്കോട് | 274.8 | 39.408 |
| വയനാട് | 3661.18 | 483.379 |
| കണ്ണൂർ | 1496.37 | 208.513 |
| കാസർകോട് | 388.26 | 56.984 |
| **ആകെ** | **31014.62** | **4189.281** |

ദുരന്തഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന രക്ഷാസേനകളുടേയും സന്നദ്ധ പ്രവർത്തരുടേയും നേതൃത്വത്തിൽ സത്വരമായ രക്ഷാപ്രവർത്തനങ്ങൾ സ്വീകരിക്കാനായി. ദുരന്ത സമയത്തെ സഹായ അഭ്യർത്ഥനകൾക്ക് കേന്ദ്ര-സംസ്ഥാന രക്ഷാസേനകൾ നല്ല രീതിയിൽ പ്രതികരിക്കുകയും ദേശീയ ദുരന്ത നിവാരണ സേനയുടെ 13 ടീമുകളും, ആർമിയുടെ 16 കോളം, 1 ഹെലികോപ്റ്റർ, എയർ ഫോഴ്സിന്റെ 2 വിമാനങ്ങൾ, 1 ഹെലികോപ്റ്റർ, കോസ്റ്റ് ഗാർഡിന്റെ 15 ടീമുകൾ, 13662 പോലീസ് സേന അംഗങ്ങൾ, അഗ്നി

ശമന സേനയുടെ 100 ടീം എന്നിവർ രക്ഷാ ദൗത്യങ്ങളിൽ പങ്കെടുക്കുകയും ചെയ്തു.

2018ലെ അനുഭവ പരിചയവും ഓറഞ്ച് പുസ്തകത്തിലൂടെ മുൻകൂർ ആയി നൽകപ്പെട്ട നിർദേശങ്ങളുടെയും സഹായത്താൽ ഏറ്റവും അപകട സാധ്യത കൂടിയ പ്രദേശങ്ങളിൽ നിന്നും വൾനറബിൾ ആയ സമൂഹങ്ങളെയും പലയിടങ്ങളിലും മുൻകൂറായി മാറ്റി താമസിപ്പിക്കാൻ സാധിച്ചത് മരണ സംഖ്യയും ദുരന്തത്തിൻറെ ആഘാതവും ഗണ്യമായി കുറക്കുന്നതിന് സഹായകരമായി. ന്യൂനമർദ സാധ്യത SEOCക്ക് മുൻകൂറായി കണക്കാക്കാൻ സാധിച്ചത് കൊണ്ട് തന്നെ മുഴുവൻ ജില്ലാ ഭരണകൂടങ്ങളോടും കാലേക്കൂട്ടി തയ്യാറെടുപ്പുകൾ നടത്താനും ആളുകളെ മാറ്റി താമസിപ്പിക്കാൻ ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിക്കാനും നിർദേശം നൽകിയിരുന്നു. ലക്ഷക്കണക്കിന് ആളുകളെ ക്യാമ്പുകളിലേക്കും ബന്ധുവീടുകളിലേക്കും മാറ്റി താമസിപ്പിക്കാൻ സാധിച്ചു. ദുരന്തഘട്ടത്തിൻറെ പാരമ്യത്തിൽ 1852 ദുരിതാശ്വാസ ക്യാമ്പുകളിലായി 97409 കുടുംബങ്ങളിലെ 3,26,417 ആളുകൾ വരെ താമസിക്കുന്ന സ്ഥിതിയുണ്ടായിരുന്നു. സംസ്ഥാനത്തുടനീളം 6.12 ലക്ഷം ആളുകളെ 3151 ദുരിതാശ്വാസ ക്യാമ്പുകളിലായി പാർപ്പിച്ചു. എല്ലാ ക്യാമ്പുകളിലും ഗുണനിലവാരം ഉള്ള ഭക്ഷണവും ശുചിത്വവും ഉറപ്പുവരുത്തി. മിക്ക സ്ഥലങ്ങളിലും ബയോ- ശുചിമുറികൾ, കെമിക്കൽ ശുചിമുറികൾ എന്നിവ സജ്ജീകരിച്ചു. കായൽ പ്രദേശങ്ങളിൽ ഹൗസ് ബോട്ടുകളിലെ ശുചിമുറികൾ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു. ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനത്തിനായി 245.1 കോടി രൂപ ചിലവഴിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും ജനപ്രതിനിധികളും ഉൾപ്പെടെ ക്യാമ്പുകൾ സന്ദർശിക്കുകയും അവിടെ ഒരുക്കിയിരുന്ന സൗകര്യങ്ങളിൽ മതിപ്പ് പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. റെവന്യൂ വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൊതുജനങ്ങളും സന്നദ്ധ സംഘടനകളും എല്ലാം കൈകോർത്ത് മികച്ച രീതിയിലാണ് 2019 ലെ കെടുതിയുടെ നാളുകളിൽ സംസ്ഥാനത്ത് റിലീഫ് ക്യാമ്പുകൾ നടത്തിയത്. ദുരന്തം ബാധിക്കാത്ത ജില്ലകളിലുള്ളവരും സംസ്ഥാനത്തിന് പുറത്തുള്ള സുമനസ്സുകളുമെല്ലാം ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സക്രിയമായ പങ്ക് വഹിച്ചു. ദുരിതം കാര്യമായി ബാധിക്കാതിരുന്ന തിരുവനന്തപുരത്ത് നിന്ന് ദുരിതാശ്വാസ സാമഗ്രികളും വഹിച്ച് വയനാടൻ മല കയറിയോടിയ വാഹനങ്ങൾ കേരളത്തിൻറെ ഐക്യത്തിന്റെയും സന്നദ്ധ പ്രവർത്തനത്തിൻറെയും പ്രതിബിംബമായി സ്മരിക്കപ്പെട്ടു. ഇത്തരത്തിൽ കേരളത്തിൻറെ അകത്തും പുറത്തുമായുള്ള നിരവധി മനുഷ്യരുടെയും സന്നദ്ധ പ്രവർത്തകരുടെയും വലിയ സഹായം 2019 ലും സംസ്ഥാനത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഊർജ്ജമേകി.

| ജില്ല | ദുരിതാശ്വാസ ക്യാമ്പുകളുടെ എണ്ണം | മാറ്റി താമസിപ്പിച്ച കുടുംബങ്ങളുടെ എണ്ണം | മാറ്റി താമസിപ്പിച്ച ആളുകളുടെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 8 | 160 | 666 |
| കൊല്ലം | 5 | 483 | 1249 |
| പത്തനംതിട്ട | 97 | 2672 | 9272 |
| ആലപ്പുഴ | 132 | 8898 | 28561 |
| കോട്ടയം | 181 | 7624 | 23968 |
| ഇടുക്കി | 20 | 259 | 734 |
| എറണാകുളം | 132 | 6837 | 23686 |
| തൃശൂർ | 257 | 16050 | 48523 |
| പാലക്കാട് | 81 | 2335 | 8269 |
| മലപ്പുറം | 240 | 16500 | 59351 |
| കോഴിക്കോട് | 317 | 18825 | 60343 |
| വയനാട് | 214 | 10077 | 35878 |
| കണ്ണൂർ | 137 | 5510 | 21981 |
| കാസർകോട് | 31 | 1179 | 3936 |
| **ആകെ** | **1852** | **97409** | **326417** |

### 1.18.5 മെമ്മോറാണ്ടം 2019

തുടർച്ചയായ രണ്ടാം വർഷവും സംഭവിച്ച മഴ കെടുതിയിൽ സർവ്വ മേഖലകളും വലിയ തോതിലുള്ള നാശനഷ്ടങ്ങൾ നേരിടേണ്ടി വന്നു. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്മോറാണ്ടം തയ്യാറാക്കുകയും കേന്ദ്ര ധന സഹായം ആവശ്യപ്പെടുകയും ചെയ്തു. ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 2101.9 കോടി രൂപയുടെ ധനസഹായമാണ് കേരളം ആവശ്യപ്പെട്ടത്. കേന്ദ്ര സർക്കാരിന്റെ ഉന്നതതല സംഘം സെപ്റ്റംബർ 16 മുതൽ 20 വരെ സംസ്ഥാനത്തെ പ്രളയ ബാധിത മേഖലകൾ സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തി. 125 പേരുടെ ജീവനെടുത്ത 2019 ഓഗസ്റ്റ് 1 മുതൽ ഓഗസ്റ്റ് 31 വരെ സംസ്ഥാനത്ത് ഉണ്ടായ വെള്ളപ്പൊക്കത്തിന്റെയും ഉരുൾപൊട്ടലിന്റെയും തീവ്രത കാരണം 219600 കുടുംബങ്ങൾക്ക് ഉപജീവനമാർഗം നഷ്ടപ്പെട്ടു, നിരവധി പേർക്ക് ഗുരുതരമായി പരിക്കേറ്റു. 2019 ലെ കേരളത്തിലെ വെള്ളപ്പൊക്കത്തിനും ഉരുൾപൊട്ടലിനും നഷ്ടപരിഹാര തുകയായി കേന്ദ്ര സർക്കാർ NDRF-ൽ നിന്ന് ഒരു ഫണ്ടും ഇതുവരെ അനുവദിച്ചിട്ടില്ല. മെമ്മോറാണ്ടത്തിൻറെ പകർപ്പ് https://sdma.kerala.gov.in/wp-content/uploads/2020/03/Memorandum-pages-deleted-Copy-compressed.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.19 ദുരന്ത സാധ്യതാ മേഘലയിൽ നിന്നുള്ള പുനരധിവാസം

2018 ലെ മഹാപ്രളയത്തിന് ശേഷം 2019-ൽ വീണ്ടും കേരളം രൂക്ഷമായ വെള്ളപ്പൊക്കവും ഉരുൾപൊട്ടലും നേരിട്ടു. സംസ്ഥാനത്ത് നിരവധി ഉരുൾപൊട്ടലുകളും മണ്ണിടിച്ചിലുകളുമുണ്ടായി. ഉരുൾപൊട്ടൽ സാധ്യത പ്രദേശങ്ങൾ, അവിടങ്ങളിൽ രൂപപ്പെട്ടിട്ടുള്ള വിള്ളലുകൾ, അവശിഷ്ടങ്ങൾ ഒഴുകുന്ന പ്രദേശങ്ങൾ എന്നിവിടങ്ങളിൽ സുരക്ഷയെക്കുറിച്ചുള്ള ഒരു ദ്രുത പരിശോധനയും വിലയിരുത്തലും അനിവാര്യതയായി തീർന്നു. അതുകൊണ്ട് മൈനിംഗ് ആൻഡ് ജിയോളജി, ഭൂഗർഭ ജല, മണ്ണ് സംരക്ഷണ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ 49 ടീമുകളായി തിരിച്ച് ഉരുൾപൊട്ടൽ വിദഗ്ദരുടെയും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെയും സഹായത്തോടെ കെഎസ്ഡിഎംഎ പരിശീലനം നൽകി. ഓരോ ടീമിലും ഒരു ജിയോളജിസ്റ്റും ഒരു സോയിൽ കൺസർവേഷൻ ഓഫീസറും ഉണ്ടായിരുന്നു. 19-8-2019-ലെ GO (Rt) നമ്പർ 520/2019/DMD പ്രകാരം 9 ജില്ലകളിലായി ടീമുകളെ വിന്യസിച്ചു കൊണ്ട് പരിശോധന നടത്തി.

ആകെ 719 സ്ഥലങ്ങൾ പരിശോധിച്ചു. സൈറ്റ് സ്പെസിഫിക്ക് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ, 411 സ്ഥലങ്ങളിൽ താമസിക്കുന്നവരെ സ്ഥിരമായി തന്നെ മാറ്റി പാർപ്പിക്കാൻ ടീമുകൾ ശുപാർശ ചെയ്തു. GO (Ms) നമ്പർ 25/2019/DMD തീയതി 23-8-2019 പ്രകാരം അന്വേഷണ സംഘം ദുരന്ത സാദ്ധ്യതയുള്ള സ്ഥലം എന്ന് കണ്ടെത്തിയ പ്രദേശങ്ങളീ താമസ യൂണിറ്റുകൾക്ക് ദുർബലതയുമായി ബന്ധപ്പെട്ട പുനഃസ്ഥാപിക്കൽ പദ്ധതി ബാധകമാക്കി. ഇവിടങ്ങളിൽ നിലവിൽ താമസിക്കുന്നവർക്ക് മാറി താമസിക്കാൻ സ്ഥലം മേടിക്കാനും വീട് വെക്കാനും ധനസഹായം അനുവദിക്കും. 2019-ലെ KSDMA രൂപീകരിച്ച സംഘങ്ങളുടെ അന്വേഷണ സംഗ്രഹം, ലാൻഡ്സ്ലൈഡ് വൾനറബിലിറ്റി ലിങ്ക്ഡ് റീലൊക്കേഷൻ ആവശ്യമായ വാസസ്ഥലങ്ങളുള്ള സൈറ്റുകളുടെ മാപ്പ് (KSDMA ടീം – പ്രളയാനന്തര 2019 സർവേ) എന്നിവ https://sdma.kerala.gov.in/landslides-2019 എന്ന ലിങ്ക് വഴി വെബ്സൈറ്റിൽ ലഭ്യമാക്കി.

## 1.20 ദുരന്ത ലഘൂകരണം: വയോജനങ്ങൾക്കും സാന്ത്വന ചികിത്സയിലുള്ളവർക്കും - ഏകദിന ശില്പശാല, 15 ജൂൺ 2019

KSDMA യും, Pallium India യും Indian Association of Palliative Care (Kerala) യും സംയുക്തമായി 2019 ജൂൺ 15 ന് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ വെച്ച് ഏകദിന ശില്പശാല സംഘടിപ്പിച്ചു. "Addressing the needs of the Elderly and People under Palliative Care in Disaster related Emergencies" എന്നതായിരുന്നു പ്രമേയം. പ്രസ്തുത പരിപാടിയിൽ വിവിധ NGO പ്രതിനിധികളും, പാലിയേറ്റിവ് കെയർ സംഘടനാ പ്രതിനിധികളും പങ്കെടുത്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Report-Palliative-Care-

Consultation-cum-Workshop.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



## 1.21 അമേരിക്ക വിത്ത് കേരള

### 1.21.1 അമേരിക്ക വിത്ത് കേരള - ത്രിദിന ശില്പശാല, 2019 ജൂൺ 24-26

Centre for Public Policy Research (CPPR), കൊച്ചി, സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ചെന്നൈയിലെ US കോൺസുലേറ്റും ചേർന്ന് 2019 ജൂൺ 24 മുതൽ 26 വരെ തിരുവനന്തപുരം അപ്പോളോ ഡിമോറയിൽ വച്ച് "America with Kerala: Uniting for a Disaster Resilient Kerala" എന്ന വിഷയത്തിൽ 3 ദിവസം നീണ്ടുനിൽക്കുന്ന ശില്പശാല സംഘടിപ്പിച്ചു. "Curriculum on Disaster Management for Higher Education" എന്ന വിഷയത്തിലും "Disaster Management, Preparedness and Resilience" എന്ന വിഷയത്തിലും ചർച്ചകൾ നടന്നു. ഉന്നത വിദ്യഭ്യാസ മന്ത്രി ഡോ. കെ.ടി ജലീൽ ഉദ്ഘാടനം നിർവഹിച്ച പരിപാടിയിൽ, സംസ്ഥാന ചീഫ് സെക്രട്ടറി ടോം ജോസ്, ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. വി. വേണു, യു.എസ് കോൺസുലേറ്റ് പ്രതിനിധികൾ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/America-with-Kerala-TVM-report.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



### 1.21.2 അമേരിക്ക വിത്ത് കേരള - പോളിസി പ്ലാനിങ് & ഇൻഫ്രാ സ്ട്രക്ച്ചർ ശില്പശാല, 2019 ജൂലൈ 23-25





കൊച്ചി ആസ്ഥാനമായുള്ള Centre for Public Policy Research (CPPR), ചെന്നൈ US കോൺസുലേറ്റും സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ചേർന്ന് 2019 ജൂലൈ 23 മുതൽ 25 വരെ 3 ദിവസങ്ങളിലായി കൊച്ചിയിൽ വച്ച് ശില്പശാല സംഘടിപ്പിച്ചു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ ദുരന്തനിവാരണവുമായി ബന്ധപ്പെട്ട അവബോധം സൃഷ്ടിക്കുന്നതിനായിരുന്നു 3 ദിവസത്തെ ശില്പശാലയുടെ മുഖ്യ ഉദ്ദേശം. ജൂലൈ 23 മുതൽ 24 വരെ ദുരന്തനിവാരണ പോളിസികളെ പറ്റിയും അതിന്റെ ആസൂത്രണങ്ങളെ പറ്റിയും "Policy Planning and Infrastructure Development Workshop" എന്ന വിഷയത്തിലും ജൂലൈ 25 ന് "workshop and training program on Disaster Management, Preparedness and Resilience" എന്ന വിഷയത്തിലും ചർച്ചകളും അവബോധ ക്ലാസ്സുകളും നടന്നു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/AWK-Kochi_Event-Report.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.21.3 അമേരിക്ക വിത്ത് കേരള - സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണ ശില്പശാല, 2019 ഒക്ടോബർ 22-24

കൊച്ചി ആസ്ഥാനമായുള്ള Centre for Public Policy Research (CPPR) ഉം ചെന്നൈ U.S. Consulate General ഉം സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും ചേർന്ന് 2019 ഒക്ടോബർ 22-24 വരെ കോഴിക്കോട് ഹോട്ടൽ മലബാർ പാലസിൽ വച്ച് ഒരു ത്രിദിന ശില്പശാല നടത്തി. പ്രസ്തുത പരിപാടിയിൽ ആദ്യ രണ്ടു ദിവസങ്ങളിൽ "Community-Based Disaster Risk Management" എന്ന വിഷയത്തിലും മൂന്നാം ദിവസം "Community Empowerment, and Breakout Events" എന്ന വിഷയത്തിലും ചർച്ചകളും ക്ലാസ്സുകളും നടന്നു. ആരോഗ്യ വകുപ്പ് മന്ത്രി ശ്രീമതി. കെ.കെ ശൈലജ ടീച്ചർ, പ്രതിപക്ഷ ഉപനേതാവ് ഡോ. എം.കെ മുനീർ, യു.എസ് കോൺസുലേറ്റ് പ്രതിനിധികൾ തുടങ്ങിയ പ്രമുഖർ പങ്കെടുത്ത പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-



content/uploads/2020/10/America-with-Kerala-KOZ-report.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.22 ആശുപത്രി സുരക്ഷ (ഹോസ്പിറ്റൽ സേഫ്റ്റി) ക്യാമ്പയിൻ

### 1.22.1 ആശുപത്രി സുരക്ഷ - സംസ്ഥാനതല ആലോചന യോഗം, ജൂലൈ 2019

KSDMAയും UNDPയും സംയുക്തമായി സംസ്ഥാനത്തെ 14 ജില്ലകളിലെയും ഓരോ ആശുപതികളെ കേന്ദ്രികരിച്ചു "Comprehensive Plan for Hospital Safety and Disaster Management" എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയുണ്ടായി. അതിനോടനുബന്ധിച്ചു 2019 ജൂലൈ 20 ന് തിരുവനന്തപുരം KSIHFW വച്ച് ഒരു സംസ്ഥാനതല അവലോകനയോഗം ചേർന്നു. ജില്ലാ ആശുപത്രികാലിലെ പ്രതിനിധികൾ, ആരോഗ്യവകുപ്പിലെ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയിലെ അംഗങ്ങൾ തുടങ്ങിയവരായിരുന്നു പ്രധാനമായും പങ്കെടുത്തത്. 52 ആളുകളാണ് ആകെ പരിപാടിയിൽ പങ്കെടുത്തത്. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2019/08/Report-on-State-Level-Consultation-on-Hospital-Safety.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.22.2 സംസ്ഥാനത കൺസൽട്ടേഷൻ - ആശുപത്രി സുരക്ഷയും ദുരന്ത നിവാരണവും, 2019 നവംബർ 14




ആശുപത്രി സുരക്ഷയും ദുരന്തനിവാരണവും സംബന്ധിച്ച സംസ്ഥാനതല കൺസൽട്ടേഷൻ 2019 നവംബർ 14 ന് തിരുവനന്തപുരം അപ്പോളോ ഡിമോറോ ഇത് വച്ച് നടന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും NCRMP യും ചേർന്നാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്.

ആരോഗ്യമേഖലയിലെ വിവിധ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി വിവിധ ദുരന്ത സമയങ്ങളിൽ ശ്രദ്ധിക്കേണ്ട ആശുപത്രി സുരക്ഷകളെപ്പറ്റിയും അനുബന്ധ വിഷയങ്ങളും ചർച്ച ചെയ്യുകയുണ്ടായി. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2019/11/Concept-Note_Hospital-Safety.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.22.3 ആശുപത്രി സുരക്ഷാ ആസൂത്രണം - പരിശീലകർക്കുള്ള പരിശീലനം, നവംബർ 2019

ആശുപത്രി സുരക്ഷയും ദുരന്തനിവാരണവും സംബന്ധിച്ച് പരിശീലകർക്കുള്ള ഒരു പരിശീലന പരിപാടി 2019 നവംബർ 26 മുതൽ 28 വരെ തിരുവനന്തപുരത്തു വച്ച് നടന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും UNDP യും Geohazards Society India യും ചേർന്നാണ് പരിപാടി നടത്തിയത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിലെ ഉദ്യോഗസ്ഥർക്കായാണ് പരിപാടി നടന്നത്.




ആശുപത്രികളിലെ ദുരന്തസാഹചര്യങ്ങളെയും അവയെ അഭിമുഖീകരിക്കാൻ ആശുപത്രി അധികൃതരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതായിരുന്നു പരിപാടിയുടെ ഉദ്ദേശങ്ങൾ. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Final-ToT-Report-112020.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.23 ദുരന്ത നിവാരണ പ്ലാനുകൾ തയ്യാറാക്കൽ

### 1.23.1 ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ - ദ്വിദിന പരിശീലനവും പങ്കാളിത്ത ദുരന്ത നിവാരണ പ്ലാൻ ആലോചനയോഗവും, 2019 ജൂലൈ



ജില്ലാദുരന്തനിവാരണ പ്ലാനുകളുമായി ബന്ധപ്പെട്ടു 2019 ജൂലൈ 29, 30 തീയതികളിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ വച്ച് ദ്വിദിന പരിശീലന പരിപാടിയും കൂടിയാലോചനയും നടന്നു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും Sphere India യും ചേർന്ന് "Post Flood Coordination for System

Strengthening in revision of DDMPs in seven priority districts of Kerala" എന്ന വിഷയത്തിൽ ചർച്ചകളും നടന്നു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2019/12/DDMP-consultation-2930-July-2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

| Sl. No | Name of District | Nodal officer consultation meeting date | No of Nodal Department attended |
|---|---|---|---|
| 1 | Trivandrum | 10 October 2019 | 23 |
| 2 | Kollam | 17 October 2019 | 45 |
| | | 23 October 2019 | 48 |
| 3 | Alapuzha | 26 August 2019 | 54 |
| 4 | Pathanamthitta | 31 October | 27 |
| 5 | Kottayam | 17 October 2019 | 50 |
| 6 | Idukki | 18 October 2019 | 42 |
| 7 | Ernakulam | 28 October 2019 | 34 |
| 8 | Thrissur | 09 October 2019 | 48 |
| 9 | Palakkad | 11 October 2019 | 35 |
| 10 | Malappuram | 11 October 2019 | 52 |
| 11 | Kozhikode | 06 November 2019 | 40 |
| 12 | Wayanad | 23 October 2019 | 40 |
| 13 | Kannur | 13 November 2019 | 51 |
| 14 | Kasargod | 01 November 2019 | 36 |

### 1.23.2 ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ പുനരവലോകനം - ജില്ലാതല കൺസൾട്ടേഷൻ യോഗങ്ങൾ, ഓഗസ്റ്റ്-നവംബർ 2019

ജില്ലാ ദുരന്ത നിവാരണ പദ്ധതി പുനരവലോകനവുമായി ബന്ധപ്പെട്ട്



ജില്ലാതല നോഡൽ ഓഫീസർ കൺസൾട്ടേഷൻ യോഗം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടന്നു. യോഗത്തിൽ അതാത് ജില്ലാ കളക്ടർ/ ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്), അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, വിവിധ വകുപ്പുകളിലെ നോഡൽ ഓഫീസർമാർ എന്നിവർ പങ്കെടുത്തു. ജില്ലാ ദുരന്ത നിവാരണ പദ്ധതിയുടെ പുനരവലോകനവും അതിലൂടെ പ്രതീക്ഷിക്കുന്ന ഫലങ്ങളും ചർച്ച ചെയ്യുന്നതായിരുന്നു പ്രസ്തുത പരിപാടി. പരിപാടികളുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/01/report-Nodal-officer-consultation-meeting-DDMP-revision-Copy.pdf
എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.23.3 ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾ പുനരവലോകനം - സിവിൽ സൊസൈറ്റി ജില്ലാതല കൺസൾട്ടേഷൻ യോഗങ്ങൾ, ഒക്ടോബർ-നവംബർ 2019

ജില്ലാ ദുരന്ത നിവാരണ പദ്ധതി പുനരവലോകനവുമായി ബന്ധപ്പെട്ട് ജില്ലാതല സിവിൽ സൊസൈറ്റി കൺസൾട്ടേഷൻ യോഗം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ഒക്ടോബർ-നവംബർ മാസങ്ങളിൽ നടന്നു. യോഗത്തിൽ അതാത് ജില്ലാ കളക്ടർ/ ഡെപ്യൂട്ടി കളക്ടർ (ഡിസാസ്റ്റർ മാനേജ്മെന്റ്), അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ്, സർക്കാരിതര സംഘടന പ്രതിനിധികൾ, കമ്മ്യൂണിറ്റി

| Sl. No | Name of District | Civil society consultation meeting date | No of Civil society organisations attended |
|---|---|---|---|
| 1 | Trivandrum | 07 November 2019 | 75 |
| 2 | Kollam | 16 November 2019 | 38 |
| 3 | Alapuzha | 15 October 2019 | 19 |
| 4 | Pathanamthitta | 14 November 2019 | 16 |
| 5 | Kottayam | 02 November 2019 | 32 |
| 6 | Idukki | 15 October 2019 | 29 |
| 7 | Ernakulam | 23 November 2019 | 24 |
| 8 | Thrissur | 22 October 2019 | 35 |
| 9 | Palakkad | 18 October 2019 | 17 |
| 10 | Malappuram | 29 October 2019 | 53 |
| 11 | Kozhikode | 07 November 2019 | 56 |
| 12 | Wayanad | 22 October 2019 | 34 |
| 13 | Kannur | 13 November 2019 | 35 |
| 14 | Kasargod | 02 November 2019 | 35 |

അടിസ്ഥാനമാക്കിയുള്ള സംഘടന പ്രതിനിധികൾ, മാധ്യമ പ്രതിനിധികൾ, യുവജനങ്ങൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, ട്രേഡ് യൂണിയൻ പ്രതിനിധികൾ എന്നിവർ പങ്കെടുത്തു. പരിപാടികളുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/01/Report-Civil-society-consultation-Meeting-DDMP-revision-converted-1-1.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.






### 1.23.4 ജില്ലാ ദുരന്ത നിവാരണ പ്ലാൻ തയ്യാറാക്കൽ - കൂടിയാലോചനയും എഴുത്തുകളരിയും, ഡിസംബർ 2019 & ഫെബ്രുവരി 2020

ജില്ലാ ഹസാഡ് അനലിസ്റ്റുമാർക്കും Sphere India ജില്ലാ കോർഡിനേറ്റർമാരുടെയും കൂടിയാലോചന യോഗം 2019 ഡിസംബർ 5 മുതൽ 7 വരെ തിരുവനന്തപുരത്ത് KSMDA യിൽ വെച്ച് നടന്നു. 2020 ഫെബ്രുവരി 3 മുതൽ 6 വരെയായിരുന്നു ആദ്യഘട്ട എഴുത്തുകളരി. ജില്ലാ ദുരന്ത നിവാരണ പ്ലാനുകൾക്ക് ഏകികൃത രൂപം നൽകി കൊണ്ടുള്ള എഴുത്ത് പരിപാടി, തയ്യാറാക്കിയ കരട് പ്ലാനുകൾ റിവ്യൂ ചെയ്യൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമായി നടന്നു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/Report_Write-shop-Dec2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.



### 1.23.5 ജില്ല ദുരന്ത നിവാരണ പ്ലാനുകളുടെ പുനരവലോകനം - സംസ്ഥാനതല ഉപദേശകസമിതി യോഗം

ജില്ല ദുരന്ത നിവാരണ പ്ലാനുകൾ പുനരവലോകനം ചെയ്ത് സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള ഉപദേശക സമിതിയുടെ ആദ്യ യോഗം 2020 ഫെബ്രുവരി 05-ന് തിരുവനന്തപുരം ഹോട്ടൽ പ്രശാന്തിൽ വെച്ച് നടന്നു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-

content/uploads/2019/12/Advisory-committee-Feb-5-2020.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.24 സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി (Virtual Cadre) ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

8 വകുപ്പുകളുടെ സാങ്കല്പിക ഉദ്യോഗസ്ഥ ശ്രേണിയിലെ (വെർച്യുൽ കേഡർ) ഉദ്യോഗസ്ഥർക്കായി നടത്താനുള്ള ബൃഹത്തായ പരിശീലന പരിപാടിക്ക് മുന്നോടിയായി Training Needs Assessment നായുള്ള സംസ്ഥാനതല കൺസൾറ്റഷൻ സംഘടിപ്പിച്ചു. KSDMA-ൽ വെച്ച് 2019 മെയ് 3 ന് സംഘടിപ്പിച്ച പരിപാടിയിൽ വിവിധ വകുപ്പുകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ ഉൾപ്പെടെ 24 പേര് പങ്കെടുത്തു. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Report-of-TNA-03052019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

കൃഷി, മൃഗസംരക്ഷണം, മൈനിങ് ആൻഡ് ജിയോളജി, മൈനർ ഇറിഗേഷൻ, ആരോഗ്യം, ജലവിഭവം, റെവന്യൂ, മണ്ണ് സംരക്ഷണം എന്നീ 8 വകുപ്പുകളിലാണ് ആദ്യഘട്ടത്തിൽ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണി രൂപീകരിക്കാനും പരിശീലനം നൽകാനുമുള്ള പദ്ധതി തയ്യാറാക്കിയത്. 2019 ഓഗസ്റ്റ് മാസത്തോടെ ഇത് സംബന്ധിച്ച് തയ്യാറാക്കിയ 2 റിപോർട്ടുകൾ KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. https://sdma.kerala.gov.in/wp-content/uploads/2020/11/TNA-inception-report.pdf, https://sdma.kerala.gov.in/wp-content/uploads/2019/12/TNA-report-final-28022020.pdf എന്ന ലിങ്കുകളിൽ അവ ലഭ്യമാണ്. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി UNDP യുടെയും SEEDS Technical Services Pvt. Lt ൻറെയും സഹകരണത്തോടെയാണ് പരിശീലന പരിപാടി സംഘടിപ്പിച്ചത്.

കേരളത്തിലെ വിവിധ സർക്കാർ വകുപ്പുകളിലെ സാങ്കൽപ്പിക ഉദ്യോഗസ്ഥ ശ്രേണിയിലെ ഉദ്യോഗസ്ഥർക്കായുള്ള ദുരന്തനിവാരണ പരിശീലന പരിപാടി 2019 നവംബറിൽ തിരുവന്തപുരത്തു വച്ച് സംഘടിപ്പിച്ചു. 3 ബാച്ചുകളായി തിരിച്ചാണ് പരിശീലനം പൂർത്തിയാക്കിയത്. നവംബർ 11 മുതൽ 13 വരെ ജലസേചനം, വാട്ടർ അതോറിറ്റി, കൃഷി എന്നീ വകുപ്പുകൾ അടങ്ങിയ ആദ്യ ബാച്ചിൻറെ പരിശീലനം പൂർത്തീകരിച്ചു. നവംബർ 14 മുതൽ 16 വരെ ആയിരുന്നു റെവന്യൂ, മൈനിങ് ആൻഡ് ജിയോളജി, മാൻ സംരക്ഷണ വകുപ്പുകളുടെ പരിശീലനം. നവംബർ 18 മുതൽ 20 വരെ നടന്ന അവസാന ബാച്ചിൽ മൃഗ സംരക്ഷണം, ആരോഗ്യ വകുപ്പുകളിൽ ഉദ്യോഗസ്ഥർ ആയിരുന്നു. ആകെ 96 ഉദ്യോഗസ്ഥരാണ് പരിശീലനം നേടിയത്. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/Virtual-Cadre-Training-Report-Final.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.




## 1.25 ആപത മിത്ര

2019 മാർച്ച് 23 നു പരിശീലനം പൂർത്തീകരിച്ച 200 സന്നദ്ധ പ്രവർത്തകർ ആണ് കോട്ടയം ജില്ലയിൽ ഉള്ളത്. കേരള അഗ്നിശമന സേനയുടെ സഹകരണത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി ജില്ലയിലെ 8 ഫയർ സ്റ്റേഷനുകളുടെ കീഴിലായി അതതു പ്രദേശത്തെ ആപത മിത്ര പ്രവർത്തകരെ അണിനിരത്തിയിട്ടുണ്ട്. നിരവധി ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് കേരളം ആപ്ത മിത്ര വോളണ്ടിയർമാരുടെ സേവനം പ്രയോജനപ്പെടുത്തി. 2019 ലെ വെള്ളപ്പൊക്കവും കാലവർഷ കെടുതികളുടെ വേളയിൽ ഉണ്ടായ സമയങ്ങളിൽ, പ്രാദേശിക ദുരന്ത പ്രതികരണത്തിൽ ആപത മിത്ര വോളന്റിയർമാർ സജീവമായി ഏർപ്പെട്ടിരുന്നു. ആപ്പിൾ കഴിക്കുന്ന വേളയിൽ ശ്വസന നാളത്തിൽ കുടുങ്ങിയ ഒരു കുട്ടിയുടെ ജീവൻ ഒരു ആപത മിത്ര സന്നദ്ധപ്രവർത്തകൻ സമയോജിതമായി ഇടപെട്ട് രക്ഷപ്പെടുത്തി എന്നുള്ള വാർത്ത പരിശീലനം കഴിഞ്ഞു ഉടൻ കേൾക്കാൻ സാധിച്ചു. പരിശീലന വേളയിൽ താൻ പഠിച്ച പ്രഥമ ശുശ്രൂഷയും അടിസ്ഥാന ജീവൻ രക്ഷ



പ്രവർത്തനവും ആ സമയത്ത് ഉപകരിച്ചു എന്ന് ഈ പ്രവർത്തകൻ പിന്നീട് സാക്ഷ്യപ്പെടുത്തി. അടിയന്തിര സാഹചര്യങ്ങൾ വരുമ്പോൾ പ്രതികരണ സേനയെ സഹായിക്കുവാൻ പരിശീലനം നേടിയ സന്നദ്ധ പ്രവർത്തകർക്ക് സാധിക്കും എന്നതിലുപരി പ്രാദേശിക ദുരന്ത സാഹചര്യങ്ങളിൽ ആദ്യ പ്രതികർത്താക്കൾ എന്ന നിലയിൽ സമയബന്ധിതമായും ദുരന്ത സാഹചര്യം മനസ്സിലാക്കിയും ദുരന്ത നിവാരണത്തിന്റെ കാഴ്ചപ്പാട് ഉൾക്കൊണ്ടും പ്രവർത്തിക്കുവാൻ സാധിക്കുന്നു എന്നുള്ളതാണ്.

കോവിഡ് മഹാമാരി വ്യാപന ഘട്ടങ്ങളിൽ അതിന്റെ വ്യാപനം തടയുന്നതിനും അവർ മുൻനിരയിലായിരുന്നു. പൊതു ദുരന്ത പ്രതികരണത്തിൽ മാത്രമല്ല, സമൂഹത്തിലെ ദരിദ്രരും വൃദ്ധരും ശാരീരിക വൈകല്യമുള്ളവരുമായ വിഭാഗങ്ങൾക്കിടയിലും അവർ സജീവമായിരുന്നു. കൊവിഡ് ബാധിച്ച് മരിച്ചവരുടെ ശവസംസ്കാര ചടങ്ങുകളും സന്നദ്ധപ്രവർത്തകർ കൈകാര്യം ചെയ്തു. കോവിഡ് വ്യാപന സാഹചര്യത്തിൽ ആരോഗ്യ വകുപ്പിനുള്ള അവരുടെ വിലയേറിയ സഹകരണം ശ്രദ്ധേയമാണ്. റെയിൽവേ സ്റ്റേഷൻ, സ്കൂളുകൾ, മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള ആരോഗ്യ സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, ഫയർ സ്റ്റേഷനുകൾ, പോലീസ് സ്റ്റേഷനുകൾ തുടങ്ങിയവയാണ് അവർ സേവനങ്ങൾ നൽകിയ പ്രധാന കേന്ദ്രങ്ങൾ.

ആപത മിത്ര പ്രവർത്തകരുടെ സേവന മനോഭാവം കണക്കിലെടുത്തും അവരുടെ സേവനം ഭാവിയിലേക്ക് ഉറപ്പ് വരുത്തുന്നതിനുമായും നിശ്ചിത ഇടവേളകളിൽ അഗ്നിശമന രക്ഷാസേനയുടെയും ജില്ല ദുരന്ത നിവാരണ അതോറിറ്റിയുടെയും സഹകരണത്തോടെ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസ്തുത ജില്ലയിൽ റിഫ്രഷർ പരിശീലനങ്ങൾ നടത്തിവരുന്നു. കോവിഡ് മഹാമാരിയുടെ കാലഘട്ടങ്ങളിൽ അംഗങ്ങൾക്കായി ഓൺലൈൻ പരിശീലന ക്ലാസുകളും സംഘടിപ്പിച്ചിട്ടുണ്ട്.

### 1.25.1 ആപത മിത്ര വളണ്ടിയർമാർക്കുള്ള പരിശീലനം - ജൂലൈ 2019

ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ പരിശീലനം സിദ്ധിച്ച സന്നദ്ധപ്രവർത്തകരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ദുരന്ത നിവാരണ അതോറിറ്റി വിഭാവനം ചെയ്ത പദ്ധതിയാണ് 'ആപ്ദാ മിത്ര'. കേരളത്തിൽ ആദ്യഘട്ടത്തിൽ കോട്ടയം ജില്ലയിൽ നടപ്പിലാക്കാൻ തീരുമാനിച്ച പദ്ധതിയിൽ 200 സന്നദ്ധ



പ്രവർത്തകരെയാണ് തെരെഞ്ഞെടുത്തത്. ഇവർക്കായി അഗ്നിശമന രക്ഷാസേനയുടെ നേതൃത്വത്തിൽ പരിശീലനം നല്കാൻ വേണ്ടിയുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കോട്ടയം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും UNDP യും സംയുക്തമായി 2019 ജൂലൈ 9 മുതൽ 12 വരെ സംഘടിപ്പിച്ച പരിപാടിയിൽ കോട്ടയം ജില്ലയിലെ കോട്ടയം, ചങ്ങനാശ്ശേരി, പാമ്പാടി, കാഞ്ഞിരപ്പള്ളി, പാലാ, ഈരാറ്റുപേട്ട, കടുത്തുരുത്തി, വൈക്കം എന്നീ ഫയർ സ്റ്റേഷനുകളുടെ പരിധിയിലുള്ള പ്രവർത്തകരാണ് പങ്കെടുത്തത്. അഗ്നിശമന രക്ഷാ സേനയുമായുള്ള പരിചയപ്പെടലും ഇഴകിചേരലുമായിരുന്നു പരിപാടിയുടെ മുഖ്യലക്ഷ്യം. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Familiarisation-Aapdamitra-2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.26 ക്ലൈമറ്റ് ലീഡർഷിപ് പ്രോഗ്രാം - 2019 ജൂലൈ 9-14

പരിസ്ഥിതി സംരക്ഷണ സംഘടനയായ ഏട്രീയും, സുസ്തേരയും, കേരളസംസ്ഥാന ദുരന്ത നിവാരണ അതോറിറ്റയുമായി ചേർന്ന് യുവജനങ്ങൾക്കായി കാലാവസ്ഥ വ്യതിയാനങ്ങളെപ്പറ്റിയും ദുരന്തനിവാരണത്തെ പറ്റിയും പഠിക്കുവാനും പ്രവർത്തിക്കുവാനുമുള്ള വേദിയൊരുക്കി. 20നും 35നും ഇടയിൽ പ്രായമുള്ള മേൽ പറഞ്ഞ വിഷയങ്ങളിൽ താലപര്യവും അവഗാഹവുമുള്ള തെരെഞ്ഞെടുക്കപ്പെട്ട 15 പേർക്കാണ് 6 ദിവസം നീണ്ടു നിന്ന പരിപാടി സംഘടിപ്പിച്ചത്. ആദ്യ 4 ദിവസം ആലപ്പുഴയിലും അവസാന 2 ദിവസം തിരുവനന്തപുരം വേളി



ഹോസ്റ്റലിലുമായാണ് ലീഡർഷിപ്പ് പ്രോഗ്രാ നടന്നത്. ഫീൽഡ് വിസിറ്റുകളും പ്രമുഖരുമായുള്ള ഇന്ററൊക്ഷനുകളും സംഘടിപ്പിക്കപ്പെട്ടിരുന്നു. പരിപാടിയുടെ വിശദമായ റിപ്പോർട്ടുകൾ https://sdma.kerala.gov.in/wp-content/uploads/2019/09/CLP_report-2019.pdf, https://sdma.kerala.gov.in/climate-leadership-programme/, എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.27 സിവിൽ ഡിഫൻസ് സേന

സർക്കാർ ഉത്തരവ് നം. 132/2019/ആഭ്യന്തരം, തീയതി 30-08-2019 പ്രകാരമാണ് കേരളത്തിൽ സിവിൽ ഡിഫൻസ് രൂപീകൃതമായിരിക്കുന്നത്.

കേരള അഗ്നി ശമന രക്ഷാസേന വിഭാഗത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന ദുരന്ത പ്രതികരണ സന്നദ്ധ പ്രവർത്തകരാണ് സിവിൽ ഡിഫൻസ് എന്നറിയപ്പെടുന്നത്. നിലവിൽ കേരളത്തിലെ 124 ഫയർ സ്റ്റേഷനുകളുടെ കീഴിൽ 50 സിവിൽ ഡിഫൻസ് വോളന്റീയർമ്മാരേ വീതം നിലനിർത്തികൊണ്ട് ആകെ 6200 പ്രവർത്തകർ ഈ സേനയിൽ അംഗങ്ങൾ ആയി പ്രവർത്തിച്ചു വരുന്നു. ദുരന്ത നിവാരണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ സിവിൽ ഡിഫൻസ് കാഴ്ചവെക്കുന്നു. സിവിൽ ഡിഫൻസിന്റെ പരിശീലനങ്ങൾക്കും മറ്റ് പ്രവർത്തനങ്ങൾക്കുമായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് GO (Rt) No. 492/2020/DMD dated 3-6-2020 പ്രകാരം 2 കോടി രൂപ അനുവദിച്ച് നല്കിയിട്ടുണ്ട്.

## 1.28 സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണം - സംസ്ഥാനതല ആലോചനായോഗം, 2019 ജൂലൈ 16

സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും UNDP യും സംയുക്തമായി കമ്മ്യൂണിറ്റി ബേസ്ഡ് ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് (CBDRM) സംബന്ധിച്ച് 2019 ജൂലൈ 16 ന് തിരുവനന്തപുരം അപ്പോളോ ഡിമോറോയിൽ വെച്ച് ഒരു കൺസൾറ്റഷൻ മീറ്റിംഗ് ചേർന്നു. CBDRM പ്രോഗ്രാം വഴി അതാത് സമൂഹങ്ങൾ അവരുടെ സ്വന്തം അപകട സാധ്യതകളെ അടിസ്ഥാനമാക്കി കാര്യങ്ങൾ വിലയിരുത്തുകയും പ്രാദേശിക സമൂഹത്തെ പ്രാപ്തരാക്കുകയും ചെയ്യുന്നു. അതിന് പുറമെ പ്രാദേശിക സമൂഹം പദ്ധതികളും തീരുമാനങ്ങളും സൃഷ്ടിക്കുന്നതിന് അവ നടപ്പിലാക്കുന്നതിലും മുഖ്യ പങ്കാളികളായി തീരുന്നു. വിവിധ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് 40 പേരാണ് ആലോചന യോഗത്തിൽ പങ്കെടുത്തത്. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2019/08/16072019-CBDRM-Consultation_-Report.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.29 ദുരന്ത പ്രതികരണത്തിൽ കമ്മ്യൂണിറ്റി റേഡിയോയുടെ പങ്ക് - ആലോചനക്കും ആസൂത്രണത്തിനുമായുള്ള യോഗം, 2019 ജൂലൈ 29



സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും UNESCO IPDC യും Ideosync Media Combine ഉം ചേർന്ന് 2019 ജൂലൈ 29ന് തിരുവനന്തപുരം അപ്പോളോ ഡിമോറോയിൽ വച്ച് ശില്പശാല സംഘടിപ്പിച്ചു. ദുരന്ത പ്രതികരണ പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി റേഡിയോകളുടെ പങ്ക് മുഖ്യ ചർച്ചാ വിഷയമായി. ദുരന്ത പ്രതികരണ പ്ലാനുകളിൽ ഉൾപ്പെടുത്തുന്നതിനായുള്ള

ഒരു പദ്ധതിരേഖ നിർമിക്കുന്നതിനായിരുന്നു ശില്പശാലയിൽ പ്രധാനമായും ഊന്നൽ നൽകിയത്. പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Unesco-Ksdma-meeting-on-CR-stations-1.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.30 തദ്ദേശസ്ഥാപനതല ദുരന്ത നിവാരണ പ്ലാനുകൾക്കായുള്ള എഴുത്തുകളരി - 2019 സെപ്റ്റംബർ 18-19

തദ്ദേശസ്ഥാപനതല ദുരന്തനിവാരണ പ്ലാനുകൾ തയ്യാറാക്കുന്നതിനായി 2 ദിവസത്തെ എഴുത്തുകളരി (write shop) 2019 സെപ്റ്റംബർ 18, 19 തീയതികളിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ വച്ച് സംഘടിപ്പിച്ചു. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, KILA, UNDP, UNICEF, Sphere India എന്നിവിടങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥർ പരിപാടിയിൽ പങ്കെടുത്തു. LSG തലത്തിൽ തയ്യാറാക്കേണ്ട ദുരന്ത നിവാരണ പ്ലാനുകൾക്കു ഒരു കരട് രൂപം ഉണ്ടാക്കുക എന്നതായിരുന്നു പരിപാടിയുടെ മുഖ്യലക്ഷ്യം. തീരുമാനങ്ങൾ https://sdma.kerala.gov.in/wp-content/uploads/2020/10/Minutes-of-the-writeshop.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.31 കൊച്ചി നഗരത്തിലെ വെള്ളക്കെട്ടും ഓപ്പറേഷൻ ബ്രേക്ക്ത്രൂവും - ഒക്ടോബർ 2019

21-10-2019 ന് പൊടുന്നനെയുണ്ടായ അതിതീവ്ര മഴയിൽ കൊച്ചി നഗരത്തിൽ വലിയ വെള്ളക്കെട്ട് രൂപപ്പെടുന്ന സ്ഥിതിവിശേഷമുണ്ടായി. നഗരത്തിലെ ഡ്രൈനേജ് സംവിധാനത്തിൻറെ അപര്യാപ്തതയും ഓടകളും മറ്റും മണ്ണും മാലിന്യങ്ങളും അടിഞ്ഞു കൂടി ഒഴുക്ക് നിലച്ച അവസ്ഥയിലായിരുന്നതും വെള്ളക്കെട്ടിന് ആക്കം കൂട്ടി. പ്രധാന പവർസ്റ്റേഷനുകളിലും റോഡുകളിലും ഉൾപ്പെടെ വെള്ളക്കെട്ട് രൂപപ്പെട്ടിരുന്നു. ജില്ലാ കളക്ടർ നേരിട്ട് പ്രതികരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു.

തിരുവനന്തപുരം നഗരത്തിൽ വിജയകരമായി നടപ്പിലാക്കിയ ഓപ്പറേഷൻ അനന്തയുടെ മാതൃക പിന്തുടർന്ന് ഒരു നഗര വെള്ളപ്പൊക്ക ലഘൂകരണ പദ്ധതി കൊച്ചിക്ക് വേണ്ടി ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഇതിനായി ഒരു പദ്ധതി 'ഓപ്പറേഷൻ ബ്രേക്ക്ത്രൂ' എന്ന പേരിൽ തയ്യാറാക്കുകയും GO (Ms) നമ്പർ 35/2019/DMD തീയതി 11-11-2019 വഴി സർക്കാർ അത് അംഗീകരിക്കുകയും ചെയ്തു.

## 1.32 ന്യൂനമർദങ്ങളും ചുഴലിക്കാറ്റുകളും

ഉത്തര ഇന്ത്യൻ മഹാസമുദ്രത്തിലെ (North Indian Ocean- Arabian Sea and Bay of Bengal) ന്യൂനമർദങ്ങളും ചുഴലിക്കാറ്റുകളും കേരളത്തിലെ ദിനാന്തരീക്ഷാവസ്ഥയെ പലപ്പോഴും സാരമായി തന്നെ സ്വാധീനിക്കാറുണ്ട്.

ഇത്തരത്തിലുള്ള സിസ്റ്റംസ് കേരളത്തിൽ അതിതീവ്ര മഴക്ക് കാരണമാകാറുണ്ട്. അറബിക്കടലിൽ രൂപപ്പെടുന്ന ന്യൂനമർദങ്ങളും അവ ശക്തി പ്രാപിച്ചുണ്ടാവുന്ന ചുഴലിക്കാറ്റുകളും കേരളത്തിലെ ദിനാന്തരീസക്ഷാവസ്ഥയെ സ്വാധീനിക്കുക മാത്രമല്ല മേഖലയിലെ മൽസ്യ ബന്ധനത്തെ സാരമായി ബാധിക്കാറുണ്ട്. ഓഖി ചുഴക്കാറ്റിന്റെ കൂടി അനുഭവ പശ്ചാത്തലത്തിൽ ഇത്തരം സിസ്റ്റംസ് രൂപപ്പെടുന്നത് സദാ നിരീക്ഷിക്കുകയും കർശനമായ നടപടികൾ സ്വീകരിക്കുകയും ചെയ്യു. ഇതിനായി കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെയും മറ്റ് അന്തരാഷ്ട്ര കാലാവസ്ഥ മോഡലുകളുടെയും കാറ്റ് സംബന്ധിച്ചും ചുഴലിക്കാറ്റ് സാധ്യത വിശകലനങ്ങളും സംസ്ഥാന അടിയന്തരഘട്ട കാര്യനിർവഹണ കേന്ദ്രം 24 മണിക്കൂറും നിരീക്ഷിക്കുകയും അതുവഴി ഇത്തരം സാഹചര്യങ്ങൾ കാലേക്കൂട്ടി മനസ്സിലാക്കാനും അതനുസരിച്ചു വേണ്ട തയ്യാറെടുപ്പുകൾ നടത്താനും സാധിച്ചു. SEOC യിലെ കാലാവസ്ഥ വിദഗ്ദർ നൽകുന്ന ഇത്തരം അനുമാനങ്ങൾ അടിസ്ഥാനപ്പെടുത്തി വളരെ മുൻകൂട്ടി തന്നെ സംസ്ഥാന സർക്കാരിനും ബന്ധപ്പെട്ട വകുപ്പുകൾക്കും തയ്യാറെടുപ്പുകൾ ആരംഭിക്കാൻ സാധിച്ചു. കാലാവസ്ഥ വകുപ്പിൻറെ ഔദ്യോഗിക മുന്നറിയിപ്പുകൾ ലഭിക്കുന്ന മുറക്ക് അത് പൊതുജനങ്ങൾക്കും മാധ്യമങ്ങൾക്കും നൽകുകയും ചെയ്യു.

2019-20 സാമ്പത്തിക വർഷത്തിൽ അറബിക്കടലിലും ബംഗാൾ ഉൾക്കടലിലുമായി 7 ചുഴലിക്കാറ്റുകൾ ആണ് രൂപം കൊണ്ടത്. ഇവ കൂടാതെ ഓഗസ്റ്റ് മാസത്തിൽ കേരളത്തിൽ അതിതീവ്ര മഴയിലേക്ക് നയിച്ച ബംഗാൾ ഉൾക്കടലിലെ അതിതീവ്ര ന്യൂനമർദവും ഡിസംബറിൽ അറബിക്കടലിൽ രൂപപ്പെട്ട 2 തീവ്ര ന്യൂനമർദങ്ങളും സീസണിൽ രൂപം കൊണ്ടു. ഇവയിൽ കേരളത്തിൻറെ ദിനാന്തരീക്ഷവസ്ഥയിൽ ഏതെങ്കിലും തരത്തിൽ സ്വാധീനം ചെലുത്തിയത് ന്യൂനമർദങ്ങൾക്ക് പുറമെ അതിതീവ്ര ചുഴലിക്കാറ്റായി മാറിയ 'ഫോനി' (Extremely Severe Cyclonic Storm Fani), അതിശക്ത ചുഴലിക്കാറ്റ് ആയി മാറിയ 'ഹിക്ക' (Very Severe Cyclonic Storm Hikaa), സൂപ്പർ സൈക്ലോൺ ക്യാർ (Super Kyaar), അതിതീവ്ര ചുഴലിക്കാറ്റായി മാറിയ 'മഹാ' (Extremely Severe Cyclonic Storm Maha) എന്നീ ചുഴലിക്കാറ്റുകളായിരുന്നു. ഇവയുടെ രൂപീകരണത്തിൻറെ ആദ്യഘട്ടത്തിലോ (ന്യൂനമർദം ആയിരിക്കുമ്പോൾ) അല്ലെങ്കിൽ അവ വലിയ ഭീമാകാരമായ സിസ്റ്റം ആയ ഘട്ടത്തിലോ ഒക്കെയായി കേരളത്തിൻറെ ദിനാവസ്ഥയിലും മൽസ്യബന്ധന മേഖലയിലും തീരദേശത്തെ കടലാക്രമണത്തിൻറെ രൂപത്തിലും കേരളത്തെ സ്വാധീനിച്ചിരുന്നു. ഇത്തരം ഘട്ടങ്ങളിലെല്ലാം മുൻകൂട്ടി സർക്കാരിനെയും ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളെയും ഉദ്യോഗസ്ഥ സംവിധാനത്തെയും പൊതുജനങ്ങളെയും

മൽസ്യതൊഴിലാളികളെയുമെല്ലാം മുൻകൂട്ടി മുന്നറിയിപ്പും ആവശ്യമായ മുൻകരുതൽ നിർദേശങ്ങളും നല്കാൻ ബന്ധപ്പെട്ട ഹസാഡ് അനലിസ്റ്റുമാർക്കും KSEOC ക്കും സാധിച്ചു.

2019 ഏപ്രിൽ മാസം അവസാനത്തോടെ രൂപപ്പെട്ട ഫോനി ചുഴലിക്കാറ്റ് ഒഡീഷ-ബംഗാൾ തീരത്ത് തീരപതനമുണ്ടാക്കുകയും 89 മരണത്തിലേക്കും വലിയ നാശ നഷ്ടങ്ങളിലേക്കും നയിച്ചു. ഫോനി ചുഴലിക്കാറ്റിൽ നാശം വിതച്ച ഒഡീഷയിലേക്ക് KSEB പ്രത്യേക സംഘത്തെ അയക്കാൻ തയ്യാറായത് ശ്ലാഘനീയമായി. ചുഴലിക്കാറ്റ് ബാധിച്ച പ്രദേശങ്ങളിൽ ഏതെങ്കിലും മലയാളികൾ പെട്ട് പോയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനും അവരുടെ സഹായത്തിനുമായി പ്രത്യേക കൺട്രോൾ റൂം ആയി SEOC പ്രവർത്തിച്ചു. ഇതിനായി ഒഡീഷ, പശ്ചിമ ബംഗാൾ സംസ്ഥാനങ്ങളിലെ കൺട്രോൾ റൂമുകളുമായി നിരന്തര സമ്പർക്കം പുലർത്തി.

ജൂണിൽ അറബിക്കടലിൽ രൂപം കൊണ്ട വായു ചുഴലിക്കാറ്റ് (Very Severe Cyclonic Storm Vayu) മൺസൂൺ കാറ്റ് കേരളത്തിൽ എത്തുന്നത് വൈകിപ്പിച്ചു. സാധാരണ നമുക്ക് നല്ല മഴ ലഭിക്കുന്ന ജൂൺ മാസത്തിൽ അതുകൊണ്ട് തന്നെ മഴ കുറവ് രേഖപ്പെടുത്തി. അറബിക്കടലിൽ സെപ്റ്റംബറിൽ രൂപം കൊണ്ട ഹിക ചുഴലിക്കാറ്റും ഒക്ടോബറിൽ രൂപം കൊണ്ട 'ക്യാറും' 'മഹാ' ചുഴലിക്കാറ്റും കേരളത്തിൽ മഴ ദിനങ്ങളും കാറ്റും കടൽക്ഷോഭവും ശക്തിപ്പെടുവാനും മൽസ്യബന്ധനം തടസ്സപ്പെടുത്തുന്നതിലേക്കും നയിച്ചു. എന്നാൽ കൃത്യമായ നടപടികൾ വഴി ഒരു മൽസ്യതൊഴിലാളി പോലും ഈ ഘട്ടങ്ങളിൽ ഒന്നും അപകടത്തിൽ പെടാതെ സംരക്ഷിക്കാൻ കേരളത്തിന് സാധിച്ചു. കടലാക്രമണം രൂക്ഷമായ ഘട്ടത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായെങ്കിലും ആളുകളെ മുൻകൂട്ടി മാറ്റി താമസിപ്പിക്കാനും ആഘാതം ലഘൂകരിക്കാനും സാധിച്ചു. ചുഴലിക്കാറ്റ് സാധ്യതയുടെ ആദ്യ സൂചന കാലാവസ്ഥ മോഡലുകളിൽ നിന്ന് ലഭ്യമാകുന്ന മുറക്ക് തന്നെ KSEOC യിലെ കാലാവസ്ഥ വിഭാഗം അത് ബന്ധപ്പെട്ടവരെ അറിയിക്കുകയും അത് മുതൽ തന്നെ ലഭ്യമായ എല്ലാ സ്രോതസ്സുകളും ഉപയോഗിച്ച് കൊണ്ട് ചുഴലിക്കാറ്റ് രൂപീകരണവും സഞ്ചാരപഥവും ഉൾപ്പെടെയുള്ളവ സസൂക്ഷ്മം നിരീക്ഷിക്കുകയും സർക്കാരിനെ അറിയിക്കുകയും ചെയ്തു. ആവശ്യമായ മുൻകരുതൽ നടപടികൾ കൂടിയാലോചനകളിലൂടെ രൂപപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും ബന്ധപ്പെട്ട മറ്റു വകുപ്പുകൾക്കും സമയോചിതമായി നൽകാനും SEOC ക്ക് സാധിച്ചു.

2019 ഒക്ടോബർ 21 ന് അറബിക്കടലിൽ രൂപപ്പെട്ട ന്യൂനമർദത്തിന്റെ സ്വാധീനം മൂലം സംസ്ഥാനത്ത് കനത്ത മഴ തുടരുന്ന സാഹചര്യം വിലയിരുത്താൻ സംസ്ഥാന മുഖ്യമന്ത്രി നേരിട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓഫീസിലെത്തി. ന്യൂനമർദ്ദം മൂലം മഴ കനക്കുമെന്ന കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ സ്ഥിതിഗതികൾ നേരിട്ട് മനസിലാക്കുന്നതിനാണ് എത്തിയത്. മഴ സംബന്ധിച്ച വിവരങ്ങളും തുടർ നടപടികളും ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. അടിയന്തിരമായി സ്വീകരിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. എല്ലാ ജില്ലകളിലും ഇതുവരെ സ്വീകരിച്ച നടപടികൾ വിശകലനം ചെയ്തു. അടിയന്തിര സാഹചര്യം ഉണ്ടായാൽ നേരിടാനുള്ള മുൻകരുതലുകൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. രാത്രി വൈകി SEOC യിലെത്തിയ മുഖ്യമന്ത്രിയുടെ സന്ദർശന വീഡിയോ അദ്ദേഹത്തിൻറെ ഫേസ്ബുക്ക് പേജിലൂടെ സംപ്രേക്ഷണം ചെയ്തത് https://fb.watch/hUQXYyYffp/ എന്ന ലിങ്കിൽ കാണാം.



### 1.33 മലയാള വാരാഘോഷം - നവംബർ 1-7, 2019

മലയാള ഭാഷാ വാരാഘോഷത്തിന്റെ ഉദ്ഘാടനം കേരളപ്പിറവി ദിനത്തിൽ 2019 നവംബർ 1 ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയിൽ വച്ച് നടന്നു. പ്രസ്തുത പരിപാടിയിൽ ടി ഓഫീസിലെ മുഴുവൻ ഉദ്യോഗസ്ഥരും പങ്കെടുത്തു. ദുരന്തനിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ കുര്യാക്കോസ് ഉൽഘാടനം ചെയ്യുകയും മലയാള ഭാഷ പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. 7 ദിവസം നീണ്ടുനിന്ന പരിപാടി നവംബർ 7 ന് അവസാനിച്ചു. പരിപാടിയുടെ



വിശദമായ റിപ്പോർട്ട് https://shorturl.at/dek39 എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.




## 1.34 KSDMA-UNICEF സംഘത്തിൻറെ ദുരന്ത ബാധിത പ്രദേശങ്ങളിലെ സന്ദർശനം - 2019 നവംബർ 21-22

കവളപ്പാറ-പത്തുമല ദുരന്തം നടന്ന പ്രദേശങ്ങളിൽ 2019 നവംബർ 21, 22 തീയതികളിൽ യൂണിസെഫ് DRR consultant ഡോ. കെ ബി വത്സലകുമാരി, യൂണിസെഫ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. പ്രതീഷ് സി മാമൻ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ഹസാഡ് ആൻഡ് റിസ്ക് അനലിസ്റ്റ് ശ്രീ. പ്രദീപ് ജി സ് എന്നിവർ അടങ്ങിയ സംഘം സന്ദർശനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. സംഘം തയ്യാറാക്കിയ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/12/Visit-Final-Report-Kavalappara-Puthumala-Report-NOTES-ON-VISIT-OF-UNICEF.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.35 ദ്വിദിന ശില്പശാല - ശിശു കേന്ദ്രീകൃത റിസ്ക് ഇൻഫോംഡ് പ്രോഗ്രാമിങ്, 16-17 ഡിസംബർ 2019

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി യൂണിസെഫുമായി ചേർന്ന് 'ശിശു കേന്ദ്രീകൃത റിസ്ക് ഇൻഫോംഡ് പ്രോഗ്രാമിങ്' മുഖ്യ പ്രമേയമാക്കി ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. 2019 ഡിസംബർ 16-17 തീയതികളിൽ തിരുവനന്തപുരത്ത് ഹോട്ടൽ സെൻട്രൽ റെസിഡൻസിയിൽ വെച്ച് നടന്ന പരിപാടിയിൽ ഉന്നത ഉദ്യോഗസ്ഥരും പ്രമുഖ വ്യക്തിത്വങ്ങളും ഉൾപ്പെടെ പങ്കെടുത്തു.





സംസ്ഥാന ചീഫ് സെക്രെട്ടറി ശ്രീ. ടോം ജോസ് ഐ.എ.എസ് ഉദ്ഘാടനം നിർവ്വഹിച്ചു.

ശിൽപശാലയിൽ പങ്കെടുത്തവരിൽ സാമൂഹിക നീതി വകുപ്പ് സെക്രട്ടറി ഇൻ ചാർജ് ഡോ. ബിജു പ്രഭാകർ ഐഎഎസ്, ജലവകുപ്പ് സെക്രട്ടറി ഡോ.ബി.അശോക് ഐ.എ.എസ്, ലാൻഡ് റവന്യൂ കമ്മീഷണർ ശ്രീമതി ലത IAS, എസ്സി വികസനം ഡയറക്ടർ ഡോ. പി പുഗഴേന്തി ഐഎഫ്എസ്, സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗം ഡോ. എം പി ആന്റണി, സെക്രട്ടറി ശ്രീമതി. അനിതാ ദാമോദരൻ തുടങ്ങിയ പ്രമുഖരും ഉൾപ്പെടുന്നു. കൂടാതെ സാമൂഹ്യനീതി, പട്ടികജാതി വികസനം, പട്ടികവർഗ വികസനം, വനിതാ ശിശുക്ഷേമം, പൊതുവിദ്യാഭ്യാസം, ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, UNICEF, UNDP, SPHERE, NGO-കൾ, വിദ്യാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.




പരിപാടിയുടെ വിശദമായ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/10/CCRIP-KERALA-16-17-Dec-2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.36 സന്നദ്ധ സേന

2018 ലെ മഹാപ്രളയം സംസ്ഥാനത്തെ ഗ്രസിച്ചപ്പോൾ ലോകത്തെ തന്നെ അമ്പരിപ്പിച്ചു കൊണ്ട് രക്ഷാപ്രവർത്തനത്തിലും ദുരിതാശ്വാസ പ്രവർത്തനത്തിലും സജീവമായ സന്നദ്ധ പ്രവർത്തകരെ സംസ്ഥാനത്തിൻറെ സേനയാക്കി മാറ്റണമെന്ന മുഖ്യമന്ത്രിയുടെ കാഴ്ചപ്പാടും നിർദേശവും പ്രകാരം ആവശ്യമായ നടപടി സ്വീകരിച്ചു. GO (Ms) No. 1/2020/GAD dated 1-1-2020 എന്ന സർക്കാർ ഉത്തരവിലൂടെ സന്നദ്ധസേനക്കായി പ്രത്യേകമായി ഒരു ഡയറക്ടറേറ്റ് രൂപീകരിച്ചു. 25-2-2020 ന് KSDMA https://sannadham.kerala.gov.in/ വെബ്സൈറ്റ് ഉണ്ടാക്കുകയും എല്ലാ മേഖലയിലും പെട്ട പൊതുജനങ്ങൾക്കും സന്നദ്ധ സംഘടനകൾക്കും രെജിസ്റ്റർ ചെയ്യാനുള്ള സൗകര്യമൊരുക്കി. 31-3-2020 സാമൂഹിക സന്നദ്ധ സേന ഡയറക്ടറേറ്റിന് വെബ്സൈറ്റ് കൈമാറി. 3 ലക്ഷം അംഗങ്ങളുടെ സന്നദ്ധ സേന രൂപീകരിക്കുകയും ആവശ്യമായ പരിശീലനം നൽകുകയും ചെയ്തു. അതിനായി KSEOCയിലെ വിദഗ്ദരുടെ സഹായത്തോടെ വീഡിയോകളും മറ്റ് പരിശീലന മെറ്റീരിയലുകളും തയ്യാറാക്കി. കോവിഡ് ലോക്ക്ഡൌൺ ഘട്ടത്തിൽ ഉൾപ്പെടെ ഇവരുടെ പ്രവർത്തനം പ്രശംസനീയമായിരുന്നു.

## 1.37 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

### 1.37.1 കോവിഡ്19 – പ്രാഥമിക ഘട്ടം

മാനവരാശിയെയാകെ പിടിച്ചു കുലുക്കിയ കോവിഡ് മഹാമാരിയുടെ പ്രാരംഭ ഘട്ടത്തിൽ തന്നെ മികച്ച ഇടപെടലുകൾ നടത്താൻ കേരളത്തിനെ സജ്ജമാക്കിയതിൽ ദുരന്ത നിവാരണ അതോറിറ്റിക്ക് സ്തുത്യർഹമായ പങ്കുണ്ട്.

**ജനുവരി 2020**

*19-01-2020:* ലോകാരോഗ്യ സംഘടന ചൈനയിലെ വുഹാനിൽ കൊറോണ വൈറസ് പടരുന്നതായി സ്ഥിരീകരിച്ചതിനെ തുടർന്ന് ആരോഗ്യ വകുപ്പിന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇ-മെയിൽ മുഖാന്തരം ജാഗ്രത നിർദേശം നൽകി (അനുബന്ധം 4). പ്രസ്തുത ജാഗ്രതാ നിർദേശം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു.

ഇന്ത്യയിൽ ആദ്യമായി കേരളം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിക്കുകയും എയർപോർട്ട് സർവെയ്ലൻസ് സ്ഥാപിക്കുകയും ചെയ്തത് കേരളത്തിൽ ആണ്. ചൈനയിൽ നിന്ന് കേരളത്തിൽ എത്തിയ ആദ്യ കോവിഡ് ബാധിതരെ തന്നെ കണ്ടെത്താനും അവർക്ക് മികച്ച ചികിത്സ നൽകാനും അനിയന്ത്രിതമായ വ്യാപനം ആദ്യഘട്ടത്തിൽ തന്നെ തടയാനും കേരളത്തിനായി.

*27-1-2020:* നേരത്തെ തന്നെ കോവിഡ്19 സംബന്ധിച്ച ജാഗ്രത ഉണ്ടായത്തിന്റെ ഗുണഫലമെന്നോണം രാജ്യത്തെ ആദ്യത്തെ കോവിഡ് കേസ് തൃശ്ശൂർ ജില്ലാ ആശുപത്രിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടു. ചൈനയിലെ വുഹാൻ നഗരത്തിൽ നിന്ന് 23-1-2020ന് കോവിഡ്19 പൊട്ടിപ്പുറപ്പെട്ട സാഹചര്യം കാരണം കേരളത്തിലേക്ക് മടങ്ങിയ വ്യക്തിയാണ് കോവിഡ്19 ലക്ഷണങ്ങളോടെ എത്തിയത്. ജനുവരി 23നും 26നും ഇടയിൽ പ്രത്യേക ലക്ഷണമില്ലായിരുന്നു. 27-ാം തീയതി രാവിലെ ചെറിയ തൊണ്ടവേദനയും വരണ്ട ചുമയും അനുഭവപ്പെട്ടു. ചൈനയിലെ വുഹാൻ പ്രവിശ്യയിൽ നിന്ന് യാത്ര ചെയ്ത കേരള വംശജരായ മൂന്ന് വിദ്യാർത്ഥികളിൽ നിന്നാണ് ഇന്ത്യയിൽ കോവിഡ്19ന്റെ ആദ്യത്തെ പോസിറ്റീവ് കേസുകൾ റിപ്പോർട്ട് ചെയ്തത്. ഇവർ കേരളത്തിലെ തൃശൂർ, ആലപ്പുഴ, കാസർകോട് ജില്ലകളിൽ നിന്നുള്ളവരും രണ്ടുപേർ വുഹാനിലെ ഒരു സർവകലാശാലയിലെ മെഡിക്കൽ വിദ്യാർത്ഥികളുമാണ്.

*31-1-2020:* കോവിഡ്19 സംബന്ധിച്ച ഡെയിലി ബുള്ളറ്റിൻ ആരോഗ്യ വകുപ്പ് പ്രസിദ്ധീകരിക്കുവാൻ ആരംഭിച്ചു.

**ഫെബ്രുവരി 2020**

*02-02-2020:* കോവിഡ്19 വൈറസ് കാരണം ലോക്ക് ഡൗൺ പ്രാബല്യത്തിൽ വന്നപ്പോൾ നിരവധി മെഡിക്കൽ വിദ്യാർത്ഥികൾ ചൈനയിൽ കുടുങ്ങി. ചൈനയിലെ വിമാനത്താവളങ്ങളിൽ കുടുങ്ങിയ ഇവരെ ഒഴിപ്പിക്കുവാൻ

ആവശ്യമായ നടപടി സ്വീകരിക്കുവാൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചൈനയിലെ ഇന്ത്യൻ സ്ഥാനപതിയുടെ സഹായം അഭ്യർഥിച്ചു (Email No. SEOC/Misc/99/2012 dated 2-2-2020). ഇവരിൽ ചിലരെ ഒഴിപ്പിച്ച് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിക്കുകയും കൊച്ചി മെഡിക്കൽ കോളേജിലെ ഐസൊലേഷൻ വാർഡുകളിൽ ക്വോറന്റീൻ ചെയ്യുകയും ചെയ്തു.

*4-2-2020:* കോവിഡ്19 വൈറസ് വ്യാപനത്തെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു.

*10-2-2020:* വ്യക്തിഗത രോഗ പ്രതിരോധത്തിനായി ചെയ്യേണ്ടതും ചെയ്യരുതാത്തതും സംബന്ധിച്ച് ഇന്ത്യയിൽ ആദ്യമായി ആംഗ്യഭാഷയിൽ വീഡിയോ തയ്യാറാക്കി പ്രസിദ്ധീകരിച്ചു (https://youtu.be/3CUcZem8YDE?si=hJOZ2lRckLTz5ZGW).

### 1.37.2 കോവിഡ്19 – മാർച്ച് 2020 - ആദ്യ തരംഗം

*08-03-2020:* കേരളത്തിൽ നിന്ന് പുതിയ അഞ്ച് കൊറോണ കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. ഇറ്റലിയിൽ നിന്ന് കേരളത്തിലേക്ക് മടങ്ങിയ ദമ്പതികളും അവരുടെ 26 വയസ്സുള്ള മകനുമാണ് കൊറോണ ബാധ ഉണ്ടായിരുന്നത്. കുടുംബവുമായി ബന്ധം പുലർത്തിയ രണ്ടുപേർ കൂടി രോഗബാധിതരാണെന്ന് പരിശോധനയിൽ തെളിഞ്ഞു. തുടർന്ന് അവരെ പത്തനംതിട്ട ജനറൽ ആശുപത്രിയിൽ നിരീക്ഷണത്തിലാക്കി. കേരളത്തിൽ ചെലവഴിച്ച ഒരാഴ്ചയ്ക്കിടെ കുടുംബം ആരോഗ്യപരിശോധനയിൽ നിന്ന് രക്ഷപ്പെടുകയും മറ്റ് നിരവധി സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്തിരുന്നു. ഇതിനെത്തുടർന്ന് സർക്കാർ 'ഹൈ അലർട്ട്' പുറപ്പെടുവിച്ചു.

*09-03-2020:* ഇറ്റലിയിൽ നിന്ന് മടങ്ങിയെത്തിയ 3 വയസ്സുള്ള മറ്റൊരു കുട്ടിയെ പരിശോധനയിൽ പോസിറ്റീവ് ആയി കണ്ടെത്തി. കുട്ടിയേയും മാതാപിതാക്കളെയും എറണാകുളം മെഡിക്കൽ കോളേജിലെ ഐസോലേഷൻ വാർഡിലേക്ക് മാറ്റി. ദമ്പതികളുമായി ബന്ധപ്പെട്ട 6 വ്യക്തികൾക്കും ഇറ്റലിയിൽ നിന്ന് മടങ്ങിയെത്തിയ മകനും കൊറോണ വൈറസ് അണുബാധയുണ്ടെന്ന് മാർച്ച് 10-ന് സ്ഥിരീകരിച്ചു. ഇതോടെ ആകെ രോഗബാധയുടെ എണ്ണം 12 ആയി വർദ്ധിച്ചു. പുതിയ നാല് രോഗബാധിതരെ കോട്ടയം, കോഴഞ്ചേരി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചു. രോഗബാധിതരായ ദമ്പതികളുടെ മാതാപിതാക്കളാണ് രോഗബാധിതരായ 2 വ്യക്തികൾ. അവർ റാന്നി സന്ദർശിച്ച ഒരു കുടുംബത്തിൽ നിന്നുള്ള രണ്ട് പേരും വിമാനത്താവളത്തിൽ നിന്ന് ദമ്പതികളെ കൂട്ടിക്കൊണ്ടുപോയ രണ്ട് ബന്ധുക്കളുമാണ് നാലു പേർ.

*10-03-2020:*

- സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 2020 മാർച്ച് 11 മുതൽ 31 വരെ പഠന പ്രവർത്തനങ്ങൾ നിർത്തി വച്ചു. പ്രൊഫഷണൽ കോളേജുകൾ അടക്കമുള്ള കേളേജുകൾക്ക് മാർച്ച് മാസം അടച്ചിട്ടു.
- നിയന്ത്രണങ്ങളുടെ ഭാഗമായി ഒന്നു മുതൽ ഏഴു വരെയുള്ള ക്ലാസുകളിൽ മാർച്ച് മാസം പൂർണമായും അടച്ചിട്ടു.
- മാർച്ച് മാസം സ്പെഷ്യൽ ക്ലാസുകൾ, ട്യൂഷൻ ക്ലാസുകൾ തുടങ്ങിയവയെല്ലാം ഒഴിവാക്കണമെന്നും മദ്രസകൾ, അംഗൻവാടികൾ, ട്യൂട്ടോറിയലുകൾ തുടങ്ങിയവ മാർച്ച് 31 വരെ അടച്ചിട്ടു.
- സിനിമാ തീയേറ്ററുകൾ അടച്ചിട്ടു, വിവാഹം മാറ്റിവെക്കാൻ സാധിച്ചില്ലെങ്കിൽ വലിയ ആളുകൾ കൂടാത്ത തരത്തിൽ ചടങ്ങുകളായി മാത്രം നടത്തുവാൻ നിർദേശിച്ചു.
- ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട ആഘോഷങ്ങൾ ഒഴിവാക്കി ചടങ്ങുകൾ മാത്രമായി നടത്തുവാൻ തീരുമാനിച്ചു.
- ശബരിമലയിൽ ആവശ്യമായ പൂജകളും ചടങ്ങുകളും നടത്താം. എന്നാൽ ദർശനത്തിന് ആളുകൾ പോകാതിരിക്കുവാൻ അഭ്യർഥിച്ചു.
- സ്കൂളുകളിൽ വാർഷികങ്ങൾ, കലാപരിപാടികൾ, ആഘോഷങ്ങൾ എന്നിവ ഒഴിവാക്കുവാൻ നിർദേശിച്ചു.
- കോവിഡ്19 ലക്ഷണം ഉള്ളവരെയും ബാധിതരെയും താല്കാലികമായി പാർപ്പിക്കുവാൻ ജയിലുകളിൽ പ്രത്യേക സെല്ലുകൾ ഒരുക്കി

*11-03-2020:* മുതൽ കോവിഡ്19 ബാധിതരുടെ സ്ഥലം എവിടെയാണ് എന്നത് കൃത്യമായി അടയാളപ്പെടുത്തുകയും പ്രസ്തുത വിവരം വിവിധ വകുപ്പുകളുടെ ഉപയോഗത്തിനായി ഭൂപടങ്ങൾ ആയി തയ്യാറാക്കി ലഭ്യമാക്കി.

12-03-2020: ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കോവിഡ്19 പ്രതിരോധ, പ്രതികരണ നടപടികളുടെ സംസ്ഥാന തല അവലോകനം ആരംഭിച്ചു.

*16-03-2020:* Break the Chain ക്യാമ്പയിൻ ആരംഭിച്ചു.

*17-03-2020:* മുഖ്യമന്ത്രിയുടെ നിർദേശം അനുസരിച്ച് സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ സമിതി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുവാൻ ആരംഭിച്ചു.

*20-03-2020:* മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസ്എസ്എൽസി, ഹയർ സെക്കൻഡറി പരീക്ഷകൾ മാറ്റിവെക്കാൻ തീരുമാനിച്ചു. ഇത് വളരെ വിജയകരമായിരുന്നു.

*23-03-2020:* കേരളത്തിൽ സംസ്ഥാന സർക്കാർ ലോക്ക് ഡൌൺ പ്രഖ്യാപിച്ചു. സംസ്ഥാനത്ത് കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിൻ്റെ ഭാഗമായി 276 ഡോക്ടർമാരെ നിയമിച്ചു.

*25-3-2020:* മുതൽ ഇന്ത്യയൊട്ടാകെ ലോക്ക് ഡൌൺ പ്രഖ്യാപിച്ചു.













തുടർന്ന് സംസ്ഥാനത്തെ കോവിഡ് വ്യാപനത്തെ പ്രതിരോധിക്കുന്നതിനും സജ്ജമാക്കുന്നതിനുമായി സക്രിയമായ ഇടപെടലുകളാണ് ദുരന്ത നിവാരണ അതോറിറ്റി നടത്തിയത്.

| **കോവിഡ്19 ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട പ്രധാന ഉത്തരവുകൾ** | | |
|---|---|---|
| Sl. No | ഉത്തരവ് | വിഷയം |

| | | |
|---|---|---|
| 1 | GO (Ms) No. 3/2020/DMD dated 04-02-2020 (അനുബന്ധം 4) | കോവിഡ്19 വൈറസ് വ്യാപനത്തെ സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചു |
| 2 | GO (Rt) No. 321/2020/DMD dated 13-3-2020 | 7.18 കോടി രൂപ ആരോഗ്യ വകുപ്പിന് ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ചു |
| 3 | GO (Rt) No. 620/2020/LSGD dated 14-3-2020 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശം നൽകികൊണ്ടുള്ള ഉത്തരവ് |
| 4 | GO (Rt) No. 580/2020/H&FWD dated 16-3-2020 | Break the Chain ക്യാമ്പയിൻ ആരംഭിച്ചു |
| 5 | GO (Ms) No. 9/2020/DMD dated 17-3-2020 | കോവിഡ്19 വൈറസ് വ്യാപനത്തെ ദേശീയ തലത്തിൽ ദുരന്തംമായി പരിഗണിക്കുകയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ വാർഷിക ധനസഞ്ചയത്തിൽ നിന്നും 25% ക്വോറന്റീൻ പ്രവർത്തനനങ്ങൾക്കും, 10% അടിയന്തിര ഘട്ട ഉപകരണങ്ങൾ വാങ്ങുവാനും അനുമതി |
| 6 | Circular No. SS1/50/2020/GAD dated 18-3-2020 | സർക്കാർ ആഫീസുകളിൽ പാലിക്കേണ്ട മുൻകരുതൽ നടപടികൾ |
| 7 | GO (Ms) No. 49/2020/GAD dated 23-3-2020 | കേരളത്തിൽ ലോക്ക് ഡൌൺ പ്രഖ്യാപിച്ചു. ലോക്ക് ഡൌൺ നിയന്ത്രണങ്ങളും പ്രഖ്യാപിച്ചു |
| 8 | GO (Ms) No. 11/2020/DMD dated 24-3-2020 | കോവിഡ്19 ബാധിതർക്ക് ദുരിതാശ്വാസ സഹായം ആയി പലവ്യഞ്ജന വസ്തുക്കൾ വിതരണം ചെയ്യുവാൻ അനുമതി |
| 9 | GO (Rt) No. 395/2020/DMD dated 24-3-2020 | കോവിഡ്19 നിയന്ത്രണ നടപടികൾക്കായി ഓരോ ജില്ലകൾക്കും 50 ലക്ഷം രൂപ അനുവദിച്ചു |
| 10 | GO (Ms) No. 12/2020/DMD dated 26-3-2020 | കേരളം കോവിഡ്19 ബാധിതമായി പ്രഖ്യാപിച്ചു |
| 11 | GO (Ms) No. 13/2020/DMD dated 26-3-2020 | കോവിഡ്19 നിയന്ത്രണ നടപടികൾ പ്രഖ്യാപിച്ചു |

വിദേശത്ത് നിന്നെത്തുന്നവരെയും കോവിഡ് ലക്ഷണങ്ങളുള്ളവരെയുമെല്ലാം മാറ്റി താമസിപ്പിക്കാനും മറ്റും ആവശ്യമായ കെട്ടിടങ്ങൾ കണ്ടെത്തുന്ന പ്രവർത്തനം, ലോക്ക്ഡൌൺ ഘട്ടത്തിൽ ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങൾ, പ്രസ്തുത സാഹചര്യത്തിൽ ജനങ്ങളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കാൻ ആവശ്യമായ നടപടികൾ തുടങ്ങിയവ സംബന്ധിച്ചുള്ള നിർദേശങ്ങൾ അതോറിറ്റി സർക്കാരിന് തയ്യാറാക്കി നൽകി.

| കോവിഡ്19 ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് | കോവിഡ്19 ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് |
|---|---|

<table>
<tr><th>മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന തീയതികൾ</th><th>സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവഹണ സമിതി യോഗം ചേർന്ന തീയതികൾ</th></tr>
<tr><td>12-03-2020</td><td>-</td></tr>
<tr><td>13-03-2020</td><td>-</td></tr>
<tr><td>14-03-2020</td><td>-</td></tr>
<tr><td>16-03-2020</td><td>-</td></tr>
<tr><td colspan="2">17-03-2020</td></tr>
<tr><td colspan="2">18-03-2020</td></tr>
<tr><td colspan="2">19-03-2020</td></tr>
<tr><td>20-03-2020</td><td>-</td></tr>
<tr><td colspan="2">21-03-2020</td></tr>
<tr><td>23-03-2020</td><td>-</td></tr>
<tr><td colspan="2">24-03-2020</td></tr>
<tr><td>25-03-2020</td><td>-</td></tr>
<tr><td colspan="2">26-03-2020</td></tr>
<tr><td colspan="2">27-03-2020</td></tr>
<tr><td colspan="2">28-03-2020</td></tr>
<tr><td colspan="2">30-03-2020</td></tr>
<tr><td colspan="2">31-03-2020</td></tr>
</table>

### 1.37.3 കോവിഡ്19 പ്രവചന ഗണിതശാസ്ത്ര മാതൃക

കോവിഡ് ഉണ്ടാക്കിയ പുതിയ സാഹചര്യത്തെ നേരിടുവാൻ രാജ്യത്തിൽ തന്നെ മാർഗ്ഗരേഖകൾ ഇല്ലാത്തതിനാൽ ഇവ തയ്യാറാക്കുവാൻ ഉള്ള നടപടികൾ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി നടത്തണം എന്ന് ബഹു. മുഖ്യമന്ത്രി സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ കാര്യാലയത്തിനോട് മാർച്ച് 20ആം തീയതി നിർദേശിച്ചിരുന്നു.

ആയതിനാൽ കോവിഡുമായി ബന്ധപ്പെട്ട വിവിധ സാഹചര്യങ്ങൾ വിലയിരുത്തേണ്ടതും ഓരോ സാഹചര്യത്തിലും നടത്തേണ്ട പ്രതികരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാനായി ചില രോഗവ്യാപന സാധ്യതാ പരിശോധനകൾ നടത്തുവാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തീരുമാനിച്ചു. ഡോ. ശേഖർ എൽ. കുര്യാക്കോസ്, മെംബർ സെക്രട്ടറി, കെ.എസ്.ഡി.എം.എ, ഡോ. അനീഷ് ടി.എസ്, അസോസിയേറ്റ് പ്രൊഫസർ, കമ്യൂണിറ്റി മെഡിസിൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ്, ഡോ. രതീഷ് കെ.എച്ച്, അസോസിയേറ്റ് പ്രൊഫസർ, കമ്യൂണിറ്റി മെഡിസിൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ്, ബാർട്ടൻ ഹിൽ എൻജിനിയറിങ് കോളേജിലെ അസിസ്റ്റന്റ് പ്രൊഫെസർ ഡോ. ബീരൺജിത്ത് എസ്, തിരുവനന്തപുരം



മെഡിക്കൽ കോളേജിലെ കമ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ ഡോക്ടർമാരായ ബിരുദാനന്തര ബിരുദ വിദ്യാർഥികൾ എന്നിവർ ചേർന്ന് വിശദമായ ഒരു ഗണിതശാസ്ത്ര മാതൃക തയ്യാറാക്കി വിവരങ്ങൾ ശേഖരിച്ച് ഈ മാതൃകയിൽ ഉൾപ്പെടുത്തി പ്രവചനം സാധ്യമാക്കി.

അന്താരാഷ്ട്ര തലത്തിൽ Influenza Virus പ്രവചിക്കുവാൻ ഉപയോഗിക്കുന്ന Susceptible, Infected, Recovered (SIR) എന്ന പ്രവചന മോഡൽ ആണ് ഉപയോഗിക്കുവാനായി കണ്ടെത്തിയത്. ആദ്യഘട്ട പ്രവചനം 29-3-2024ന് ബഹു. മുഖ്യമന്ത്രിയുടെ മുന്നിൽ അവതരിപ്പിച്ചു. മേൽ പ്രവചനം നടത്തുന്ന സമയത്ത് വളരെ കുറച്ച് മാത്രം വിവരമാണ് കേരളത്തിലെ രോഗ വ്യാപനവും, രോഗികളും സംബന്ധിച്ച് ഉണ്ടായിരുന്നത്. കൂടുതൽ വിവരങ്ങൾ ശേഖരിച്ച് പുതിയ അനുമാനങ്ങളും ഉപയോഗിച്ച് പരിശോധന വിപുലപ്പെടുത്തി Crisis Management Committeeയുടെയും, ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ ആയ ബഹു. മുഖ്യമന്ത്രിയുടെയും മുന്നിൽ അവതരിപ്പിക്കുവാൻ ശ്രമം ആരംഭിച്ചു.

സർക്കാരിന്റെ നേതൃത്വത്തിൽ വളരെ നേരത്തെ തന്നെ തുടങ്ങിയ ബ്രേക് ദ ചെയിൻ, ശാരീരിക അകലം പാലിക്കൽ മാർഗങ്ങൾ ഇല്ലെങ്കിലുള്ള അവസ്ഥയാണ് പ്രവചനത്തിന്റെ ആദ്യഭാഗത്തു വിശകലനം ചെയ്തത്. പ്രതിരോധ മാർഗങ്ങൾ അവലംബിച്ചതിലൂടെ രോഗ സംക്രമണ സാധ്യത ഗണ്യമായ അളവിൽ കുറഞ്ഞിട്ടുണ്ട് എന്ന വസ്തുതയാണ് തുടർന്ന് വിശദീകരിച്ചിട്ടുള്ളത്. വിവിധ മാർഗങ്ങളുപയോഗിച്ച് ഇടപെടുന്നതിലൂടെ രോഗത്തിന്റെ തോത് എത്ര കണ്ട് താഴ്ത്തി കൊണ്ടു വരാമെന്നും സംസ്ഥാനത്ത് ഇപ്പോൾ നിലനിൽക്കുന്നതോ ശക്തിപ്പെടുത്താവുന്നതോ ആയ സംവിധാനങ്ങളിലൂടെ രോഗവ്യാപന സാധ്യതയെ എങ്ങനെ നേരിടാമെന്നുമുള്ള പരിശോധനയാണ് നടത്തിയത്. കൃത്യമായി ഇടപെടുകയാണെങ്കിൽ വലിയ രോഗസംക്രമണം നടക്കുകയില്ലെന്നും സംക്രമണസാധ്യതയുടെ പാരമ്യത്തിൽ പോലും കേരളത്തിന് കൈകാര്യം ചെയ്യാവുന്ന അളവിലുള്ള ആശുപത്രിവാസങ്ങളാണ് വേണ്ടി വരിക എന്നും സർക്കാർ ക്രിയാത്മകമായി ഇടപെടുന്നതിനാൽ വലിയ രോഗസംക്രമണ അവസ്ഥ കേരളത്തിലുണ്ടാകാനുള്ള സാധ്യത വിരളമാണെന്നും ഈ പരിശോധനയിൽ വ്യക്തമായിട്ടുണ്ട്.

സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ദുരന്തത്തെ തടയാൻ എത്രത്തോളം പര്യാപ്തമാണ് എന്നതിന്റെ ഗണിതശാസ്ത്രപരമായ വിശകലനം ആണ്. ദിനവും ലഭിക്കുന്ന പുതിയ വിവരങ്ങൾ ഉപയോഗിച്ച് ഈ പരിശോധനാ സംഘം അനുമാനങ്ങളും പ്രവചനങ്ങളും പുതുക്കുകയും ചെയ്യുന്നുണ്ട്.

കൃത്യമായ മുന്നൊരുക്കുങ്ങൾക്കും തയ്യാറെടുപ്പിനും ഗുരുതരമായ അവസ്ഥ ഒഴിവാക്കാൻ കഴിയുമെന്നാണ് ഈ പരിശോധനയുടെ വിലയിരുത്തൽ. സംസ്ഥാനാടിസ്ഥാനത്തിൽ നടത്തി വരുന്ന ക്രിയാത്മക പ്രവർത്തനങ്ങൾ കോവിഡ് നിയന്ത്രണത്തിൽ ഒരു വലിയ പങ്ക് വഹിക്കുന്നുണ്ട് എന്നാണ് ഈ പരിശോധന ചൂണ്ടിക്കാണിക്കുന്നത്.

ഗണിതശാസ്ത്രമാതൃകകൾ ഇത്തരത്തിലുള്ള അപകടസാധ്യതാനിർണയത്തിന് ലോകവ്യാപകമായി ഉപയോഗിക്കുന്ന സങ്കേതമാണ്. പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ച് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ രാജ്യത്ത് തന്നെ പുതുമയുള്ളതാണ്. രോഗപ്പകർച്ച കാര്യമായി റിപ്പോർട്ട് ചെയ്യുന്നതിനു മുമ്പ് തന്നെ വിവിധ സാധ്യതകൾ പരിശോധിച്ചുള്ള ഒരു ഗണിതശാസ്ത്രമാതൃകയുണ്ടാക്കുകയും അതനുസരിച്ച് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുക എന്നത് ഭാവിയിലും അനുവർത്തിക്കേണ്ട രീതിയാണ്.

ഗണിതശാസ്ത്രമാതൃകയുടെ സംക്ഷിപ്ത രൂപവും, ആദ്യ വിശകലനവും അനുബന്ധം 5 ആയി ചേർക്കുന്നു. ഈ പരിശോധനയുടെ അടിസ്ഥാനത്തിൽ ബഹു. മുഖ്യമന്ത്രിയുടെ നിർദേശം അനുസരിച്ച് വിവിധ സാഹചര്യങ്ങൾ നേരിടുവാൻ ആവശ്യമായ പദ്ധതിയും അതോറിറ്റി തയ്യാറാക്കിവരുന്നു.

## 1.38 പഠന-ഗവേഷണ പ്രവർത്തനങ്ങളും റിപ്പോർട്ടുകളും

### 1.38.1 തിരുമ്പാടി ഉരുൾപൊട്ടൽ പഠനം, ക്രൈസ്റ്റ് കോളേജ്, ഇരിഞ്ഞാലക്കുട

കോഴിക്കോട് തിരുവമ്പാടി പഞ്ചായത്ത് കേന്ദ്രീകരിച്ച് 'Landslide susceptibility assessment and preparedness strategies, Thiruvambadi Gramapanchayath, Kozhikode District Kerala' എന്ന വിഷയത്തിൽ ക്രൈസ്റ്റ് കോളേജ് ഇരിഞ്ഞാലക്കുട നടത്തിയ ഗവേഷണവുമായി KSDMA സഹകരിച്ചിരുന്നു. പ്രസ്തുത പഠനത്തിൻറെ റിപ്പോർട്ട് സമർപ്പിക്കുകയും അത് https://sdma.kerala.gov.in/wp-content/uploads/2020/11/KSDMA-REPORT.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.38.2 കുഴലീകൃത മണ്ണൊലിപ്പ്, NCESS പഠനം

സംസ്ഥാന സവിശേഷ ദുരന്തമായ കുഴലീകൃത മണ്ണൊലിപ്പ് സംബന്ധിച്ചുള്ള ഗവേഷണത്തിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന് (NCESS) സാമ്പത്തിക സഹായം നൽകിയിരുന്നു. NCESS സംസ്ഥാന അടിയന്തരഘട്ട കാര്യാ നിർവ്വഹണ കേന്ദ്രവും സംയുക്തമായി നടത്തിയ പഠന റിപ്പോർട്ട് 2020 ജനുവരിയിൽ സമർപ്പിച്ചു. പഠന റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2021/01/KSDMA-Land-Disturbance-Final-Report.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.38.3 ഇടുക്കിയിലെ ഉരുൾപൊട്ടൽ ബാധിത മേഖല സന്ദർശനം, 2019 ജൂൺ

KSDMA യുടെ നിർദേശ പ്രകാരം നെതർലാൻഡ്സിലെ പ്രശസ്തമായ ട്വൻറെ സർവ്വകലാശാല (ITC) പ്രൊഫെസ്സർ ആയ ഡോ. കേസ് വാൻ വെസ്റ്റൻ, കേരള യൂണിവേഴ്സിറ്റിയിലെ ജിയോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫെസ്സർ ഡോ. സജിൻ കുമാർ, ഇടുക്കി ജില്ലാ ഹസാഡ് അനലിസ്റ്റ് ശ്രീ. അജിൻ ആർ.എസ് എന്നിവരുടെ നേതൃത്വത്തിൽ ഇടുക്കിയിൽ 2018 ൽ ഉരുൾപൊട്ടൽ സംഭവിച്ച സ്ഥലങ്ങൾ സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. 2019 ജൂൺ 12, 13 തീയതികളിലായിരുന്നു സന്ദർശനം. റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/02/Landslide-Site-Visit-Idukki-2019.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.38.4 സാമൂഹിക മാധ്യമങ്ങളെ ദുരന്ത നിവാരണത്തിൽ മുഖ്യധാരാവൽക്കരിക്കുന്നതിനുള്ള നിർദേശങ്ങൾ

സാമൂഹിക മാധ്യമങ്ങളെ ദുരന്ത നിവാരണത്തിൽ ഉപയോഗപ്പെടുത്തുന്നതിനും KSDMA യുടെ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുന്നതിനും വേണ്ടിയുള്ള നിർദേശങ്ങൾ ഉൾപ്പെടുത്തി യുനെസ്കോയുടെ സഹകരണത്തോടെ Ideosync Media Combine തയ്യാറാക്കിയ റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/11/Final-Reccomendations-Kerala-DRR-2019-23012020-1.pdf എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### 1.38.5 വയനാട് ആദിവാസി സമൂഹത്തിനുള്ള ഗൃഹനിർമാണ മാതൃക - ഗവേഷണ റിപ്പോർട്ട്

വയനാട്ടിലെ ആദിവാസി സമൂഹത്തിൻറെ ശീലങ്ങൾക്കും ഭൂപ്രകൃതിക്കും അനുയോജ്യമായതും ദുരന്ത പ്രതിരോധ ശേഷിയുള്ളതുമായ ഭവന നിർമ്മാണ മാതൃകകൾ സംബന്ധിച്ചുള്ള പഠന ഗവേഷണം UNDP യുടെ സഹായത്തോടെ കോഴിക്കോട് NIT യിലെ Architecture and Planning ഡിപ്പാർട്മെന്റിൻറെ നേതൃത്വത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. അത് https://sdma.kerala.gov.in/wp-content/uploads/2020/11/TribalHousingReportUNDP.pdf, https://sdma.kerala.gov.in/wp-content/uploads/2020/11/TribalHousingIllustrations.pdf എന്നീ ലിങ്കുകൾ വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.39 മാർഗനിർദേശങ്ങളും (Guidelines) മറ്റു പ്രസിദ്ധീകരണങ്ങളും

a) സാറ്റലൈറ്റ് ഫോണുകൾ ഉപയോഗിക്കുന്നതിനും പരിപാലിക്കുന്നതിനും ആവശ്യമായ മാർഗനിർദേശങ്ങൾ - Maintenance and Management of Satellite Phones of Disaster Management

b) കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ 2019, http://sdma.kerala.gov.in/wp-content/uploads/2022/07/Orange-Book-of-Disaster-Management-2-2019.pdf
c) സ്കൂൾ സുരക്ഷ കൈപ്പുസ്തകം - Handbook on School Safety (Malayalam)
d) സുരക്ഷിത നിർമ്മാണ രീതികൾ - കൈപ്പുസ്തകം, Handbook on Safe Construction Practices – Floods & Landslides (Malayalam)
e) 2019 പ്രളയവും ഉരുൾപൊട്ടലും - ഗവണ്മെന്റ് ഓഫ് ഇന്ത്യക്ക് സമർപ്പിച്ച മെമ്മോറാണ്ടം, Govt. of Kerala, 2019. Memorandum – Kerala Floods 2019. 1st August to 31st August 2019. Department of Disaster Management, Govt. of Kerala. Contributors: Dr. V Venu, Kuriakose S.L, Pradeep G.S, Anupama N, Rajeev T.R, Nidhin Davis, Fahad Marzook, Anjali S. Ravi, Joe John George, Siji M. Thankachan. https://sdma.kerala.gov.in/wp-content/uploads/2020/03/Memorandum-pages-deleted-Copy-compressed.pdf
f) Sphere India-KSDMA പ്രോജക്റ്റ്, വാർഷിക റിപ്പോർട്ട് https://sdma.kerala.gov.in/wp-content/uploads/2020/12/Annual-report_KSDMA-Sphere-partnership-project-2019-2020-1-1-1.pdf

### 1.39.1 പത്രമാധ്യമങ്ങളിലും ആനുകാലികങ്ങളിലും KSDMA ഉദ്യോഗസ്ഥർ എഴുതി പ്രസിദ്ധീകരിച്ച ലേഖനങ്ങൾ

a) 'വേനലിൻ്റെ വെല്ലുവിളികൾ' മലയാള മനോരമ എഡിറ്റോറിയൽ 2019 മാർച്ച് 9, ഫഹദ് മർസൂക്ക്, ഹസാഡ് അനലിസ്റ്റ്, KSEOC, https://www.manoramaonline.com/news/editorial/2019/03/08/summer.html
b) 'അതിജീവന ശേഷിയുള്ള കേരളം' യുവത മാഗസിൻ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്, 2019 ഓഗസ്റ്റ് ലക്കം, ഫഹദ് മർസൂക്ക്, ഹസാഡ് അനലിസ്റ്റ്, KSEOC
c) 'കാലാവസ്ഥ വ്യതിയാനം: കേരളത്തിലെ ചുഴലിക്കാറ്റ് ദുരന്ത സാധ്യത വിശകലനം', 'അല' (Ala, an academic blog), ഫഹദ് മർസൂക്ക്, ഹസാഡ് അനലിസ്റ്റ്, KSEOC, http://ala.keralascholars.org/issues/15/kerala-hurricane-risk/
d) 'കാലാവസ്ഥ വ്യതിയാനവും കേരളത്തിൻറെ ദുരന്ത സാദ്ധ്യതകളും', കാഹളം മാഗസിൻ, 2019 ഡിസംബർ ലക്കം, ഫഹദ് മർസൂക്ക്, ഹസാഡ് അനലിസ്റ്റ്, KSEOC
e) 'കത്തി എരിയുന്ന കാടുകൾ. കാലം തെറ്റിയ കാലാവസ്ഥ', ആരണ്യം മാഗസിൻ, വനം വന്യജീവി വകുപ്പ്, കേരള സർക്കാർ, 2020 മാർച്ച് ലക്കം, ഫഹദ് മർസൂക്ക്, ഹസാഡ് അനലിസ്റ്റ്, KSEOC
f) 'വേനലിനെ നേരിടാൻ ഉഷ്ണകാല ദുരന്ത ലഘൂകരണ മാർഗരേഖ' സമകാലിക ജനപഥം മാഗസിൻ, ഐ&പിആർഡി, കേരള സർക്കാർ, 2020 മാർച്ച് ലക്കം, ഫഹദ് മർസൂക്ക്, ഹസാഡ് അനലിസ്റ്റ്, KSEOC

## 1.40 KSDMA-UNICEF സഹകരണം

ദുർബലജനവിഭാഗങ്ങളെ പരിഗണിച്ചുകൊണ്ടുള്ള, പ്രത്യേകിച്ച് കുട്ടികളുടെയും സ്ത്രീകളുടെയും ആവശ്യങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുള്ള ദുരന്തപ്രതിരോധ പ്രവത്തനങ്ങൾ മുഖ്യധാരാവൽക്കരിക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, യുനിസെഫ് സഹകരണത്തോടെ 2019 മുതൽ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വിദ്യാലയസുരക്ഷ, ദുരന്തനിവാരണപ്രവർത്തനങ്ങളുമായുള്ള ബന്ധത്തിൽ സർക്കാർ-സർക്കാരിതര ഏകോപനസംവിധാനം – IAG, ബാലജന കേന്ദ്രീകൃത ദുരന്തസാധ്യതാവലോകനവും നയസാധ്യതകളും, പ്രാദേശികതലത്തിലുള്ള ദുരന്തനിവാരണപദ്ധതികൾ തുടങ്ങി വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിലായി പല പ്രവർത്തനങ്ങളും നടത്തുകയുണ്ടായി.

വിദ്യാലയസുരക്ഷ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ വിഷയവിദഗ്ദ്ധരുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും ഒരു സമാലോചനയോഗവും അതിന്റെ അടിസ്ഥാനത്തിൽ 12 ജില്ലകളിൽ അധ്യാപകർക്കയുള്ള പരിശീലനവും നടത്തുകയുണ്ടായി. ആയിരത്തിലധികം അധ്യാപകർ ഈ പരിശീലനങ്ങളിൽ പങ്കെടുത്തു. വിവിധ ദുരന്തങ്ങളുമായുള്ള ബന്ധത്തിൽ ബാലജന കേന്ദ്രീകൃത ദുരന്താവലോകനം ഭാവിയിൽ ദുരന്തപ്രതികരണ പ്രവർത്തനങ്ങൾക്ക് ഒരു മുതൽക്കൂട്ടാകും. ജില്ല തിരിച്ചുള്ള അവലോകനം നടത്തുകയും അവ അവതരിപ്പിക്കുന്നതിന് സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചു കൂട്ടുകയും അഭിപ്രായങ്ങൾ ആരായുകയും ചെയ്തു. പ്രസ്തുതയോഗം ചീഫ് സെക്രട്ടറി ഉത്ഘാടനം ചെയ്തു. പ്രസ്തുതകാലയളവിൽ സർക്കാർ-സർക്കാരിതര ഏകോപനം ശക്തിപ്പെടുത്തുന്നതിന് ഐ.എ.ജി സംവിധാനങ്ങളുടെ യോഗവും പരിശീലനവും നടത്തുകയുണ്ടായി. ഇതിനു പുറമേ വിവിധ ദുരന്തങ്ങളുമായുള്ള ബന്ധത്തിൽ സന്ദർശനങ്ങൾ നടത്തി. UNCEF-KSDMA പ്രോജക്റ്റ്, വാർഷിക റിപ്പോർട്ട് https://sdma.kerala.gov.in/unicef-2019/ എന്ന ലിങ്ക് വഴി KSDMA വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## 1.41 ജില്ലാ ദുരന്ത നിവാരണ അതോറിറ്റികളുടെ ശ്രദ്ധേയമായ ഇടപെടലുകൾ

### 1.41.1 കൊല്ലം ജില്ലാ എമെർജൻസി ഓപ്പറേഷൻസ് സെന്റർ (DEOC)

കൊല്ലം ജില്ലയിലെ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്റർ 04.12.2019 ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ബഹുമാനപ്പെട്ട കൊല്ലം കോർപ്പറേഷൻ മേയർ, ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ്, ജില്ലാ ദുരന്തനിവാരണ അതോറിറ്റി കോ-ചെയർപേഴ്സൺ, ബഹുമാനപ്പെട്ട ഇരവിപുരം എം.എൽ.എ., ജില്ലാ ദുരന്തനിവാരണ അതോറിറ്റി അംഗങ്ങൾ എന്നിവർ പങ്കെടുത്തു. ഡി.ഇ.ഒ.സിയുടെ ഉദ്ഘാടനത്തോടൊപ്പം, കൊല്ലത്ത് രണ്ട് ദുരന്ത സാധ്യത ലഘൂകരണ പദ്ധതികൾ - സ്റ്റുഡന്റ്സ് റാപ്പിഡ് റെസ്പോൺസ് ഫോഴ്സ്, ഡിആർആർ ട്രെയിനിംഗ് എന്നിവയും ബഹുമാനപ്പെട്ട റവന്യൂ മന്ത്രി ഉദ്ഘാടനം ചെയ്തു.

### 1.41.2 കൊല്ലം DDMA - ഡിപ്പാർട്ട്മെന്റൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ



മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ, മൃഗസംരക്ഷണം, ആരോഗ്യം, പിഡബ്ല്യുഡി, പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ, വിദ്യാഭ്യാസം, പഞ്ചായത്ത്, കേരള വാട്ടർ അതോറിറ്റി, ഫിഷറീസ്, കെഎസ്ഇബി വകുപ്പുകളിലെ ദുരന്ത നിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിനായുള്ള പരിശീലനം നൽകി.

### 1.41.3 കൊല്ലം DDMA - വിദ്യാർത്ഥികളുടെ ദ്രുത പ്രതികരണ സേന

കോളേജ്/സ്കൂൾ അഡ്മിനിസ്ട്രേഷനുമായി ഏകോപിപ്പിച്ച് 5 കോളേജുകളിൽ നിന്നും (എസ്എൻ കോളേജ് പുനലൂർ, എസ്എൻ കോളേജ് കൊല്ലം, എൻഎസ്എസ് കോളേജ് നിലമേൽ, ബേബി ജോൺ മെമ്മോറിയൽ കോളേജ് ചവറ, സെന്റ് സ്റ്റീഫൻസ് കോളേജ്) ഒരു ഹയർസെക്കൻഡറി സ്കൂളിൽ (ഗവ. മോഡൽ ബോയ്സ് എച്ച്എസ്എസ്, കൊല്ലം) 25 വിദ്യാർത്ഥികളെ തിരഞ്ഞെടുത്തു. ഡിസാസ്റ്റർ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ, ഡിഎം ഇൻ ഇന്ത്യ, ഐഎജി കോർഡിനേഷൻ, ഫ്ളഡ് 2018, 2019 എന്നീ അടിസ്ഥാന വിഷയങ്ങളിൽ അഞ്ചു കോളേജുകളിലെയും ഒരു സ്കൂളിലെയും 118 വിദ്യാർത്ഥികൾക്ക് 11.01.2020, 12.01.2020 തീയതികളിൽ 2 ദിവസത്തെ പരിശീലനം നടത്തി.

### 1.41.4 എറണാകുളം DDMA - ഓപ്പറേഷൻ ബ്രേക്ക്ത്രൂ

2019 ഒക്ടോബർ 21-ന് നഗരത്തിലെ വെള്ളക്കെട്ടിന് കാരണമായ വെള്ളക്കെട്ട് ഇല്ലാതാക്കുന്നതിനും വിവിധ വകുപ്പുകൾ തമ്മിലുള്ള മികച്ച ഏകോപനം ഉറപ്പാക്കുന്നതിനുമായി ജില്ലാ ഭരണകൂടം "ഓപ്പറേഷൻ ബ്രേക്ക്ത്രൂ" എന്ന പദ്ധതിക്ക് തുടക്കമിട്ടു.



### 1.41.5 എറണാകുളം DDMA - ഹോസ്പിറ്റൽ സേഫ്റ്റി



ഡിഡിഎംഎ എറണാകുളവും യുഎൻഡിപിയും ഡിഎംഒയും ചേർന്ന് ആശുപത്രി സുരക്ഷയ്ക്കായി സമഗ്രമായ ഒരു പരിപാടി ആരംഭിച്ചു. എറണാകുളം ജനറൽ ആശുപത്രി മാതൃകയിൽ താലൂക്ക് തല ആശുപത്രിയിൽ സമഗ്രമായ ദുരന്തനിവാരണ സംവിധാനം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയാണിത്. വിവിധ കൺസൾട്ടേഷനുകളും പരിശീലനങ്ങളും നടത്തി.

### 1.41.6 എറണാകുളം DDMA - ഭൂകമ്പ മോക്ക്ഡ്രിൽ

24.01.2020-ന് ജിവിഎച്ച്എസ്എസ് മാതിരപ്പിള്ളിയിൽ ഭൂകമ്പ മോക്ക്ഡ്രിൽ ഓറിയന്റേഷൻ പ്രോഗ്രാമും പരിശീലനവും നടത്തി. സ്കൂളിലെ എല്ലാ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പങ്കെടുപ്പിച്ചു കൊണ്ടാണ് മോക്ക് ഡ്രിൽ സംഘടിപ്പിച്ചത്. പോലീസ്, ഫയർ ആൻഡ് റെസ്ക്യൂ സെർവിസ്സ്, ഹെൽത്ത് ഡിപ്പാർട്ട്മെന്റ് എന്നിവർ ഡ്രില്ലിൽ പങ്കെടുക്കുകയുണ്ടായി.

### 1.41.7 വയനാട് DDMA - IDRR ദിനം – 2019

അന്താരാഷ്ട്ര ദുരന്ത ലഘൂകരണ ദിനത്തോടനുബന്ധിച്ചു ജില്ലയിലെ സ്കൂൾ കുട്ടികൾക്കായി പോസ്റ്റർ മത്സരവും സൈക്കിൾ റാലിയും സംഘടിപ്പിച്ചു. പോസ്റ്റർ മത്സരത്തിൽ വിജയികളായവർക്ക് ബഹുമാനപ്പെട്ട ജില്ലാ കളക്ടർ സമ്മാനങ്ങൾ വിതരണം ചെയ്തു.

## 1.42 മാധ്യമങ്ങളുമായുള്ള സഹകരണം

ദുരന്ത സാധ്യത മുന്നറിയിപ്പുകളും ജനങ്ങൾ സ്വീകരിക്കേണ്ട മുൻകരുതൽ നിർദേശങ്ങളും പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിൽ മുഖ്യധാരാ മാധ്യമങ്ങളുടെ സേവനം KSDMA ക്ക് ധാരാളമായി ലഭിച്ച കാലഘട്ടമായിരുന്നു 2019-20 സാമ്പത്തിക വർഷം. KSEOCയിൽ നിന്ന് എല്ലാ ദിവസവും പുറപ്പെടുവിക്കുന്ന വിവിധങ്ങളായ മുന്നറിയിപ്പുകളും വിവരങ്ങളും കേരളത്തിലെ മുഖ്യധാരാ മാധ്യമങ്ങളുടെ പ്രതിനിധകളെ ചേർത്ത് രൂപീകരിച്ച വാട്ട്സാപ്പ് ഗ്രൂപ്പിലേക്ക് ലഭ്യമാക്കി വരുന്നു. ആവശ്യപ്പെടുന്ന സമയങ്ങളിൽ ആവശ്യമായ വിശദീകരണങ്ങളും വിവരങ്ങളും KSEOC മാധ്യമങ്ങൾക്ക് ലഭ്യമാക്കി. പത്ര, ദൃശ്യ, ശ്രവ്യ മാധ്യമങ്ങൾ ഉപയോഗിച്ച് കൊണ്ട് ദുരന്ത സമയങ്ങളിൽ ജനങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കാൻ സാധിച്ചു. ഗ്രൗണ്ടിലെ വിവരങ്ങൾ ശേഖരിക്കാനും KSEOC മാധ്യമങ്ങളുടെ നെറ്റ്‌വർക്കിനെ ഉപയോഗപ്പെടുത്തി. ദൂരദർശനും ആകാശവാണിയും മറ്റ് മുഖ്യധാരാ ചാനലുകളും ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ മികച്ച സേവനമാണ് കാഴ്ച വെച്ചത്. വേനൽക്കാലത്തും ഓഗസ്റ്റിലെ അതിതീവ്ര മഴയിലും പൊതുജനങ്ങൾക്കുള്ള നിർദേശങ്ങൾ ക്യാമ്പയിൻ ആയി പ്രചരിപ്പിക്കാൻ മാധ്യമങ്ങളെ ഉപയോഗപ്പെടുത്തി. വാർത്താ ചാനലുകളിലും റേഡിയോകളിലും മുന്നറിയിപ്പുകളും മുൻകരുതൽ നിർദേശങ്ങളും നൽകാനും സംശയ നിവാരണത്തിനും സംവാദ ചർച്ചകളിലും KSDMAയെ പ്രതിനിധീകരിച്ച് മെമ്പർ സെക്രട്ടറിയും, ഹസാഡ് അനലിസ്റ്റ്മാരും പങ്കെടുത്തു. മാധ്യമങ്ങൾ ശ്രദ്ധയിൽ പെടുത്തിയ വിഷയങ്ങളിൽ നിയമാനുസൃതമായ നടപടികൾ വേഗത്തിൽ തന്നെ കൈക്കൊള്ളാനും സാധിച്ചു.

## 1.43 കോടതി കേസുകൾ

2019 - 20 വർഷത്തിൽ KSDMA യെ കക്ഷി ചേർത്ത മൊത്തം 6 കോടതി കേസുകളിൽ 5 എണ്ണം ബഹു. കേരള ഹൈകോടതി മുമ്പാകെ സമർപ്പിച്ച സിവിൽ റിറ്റ് പെറ്റീഷനുകളും ഒരെണ്ണം ബഹു. മനുഷ്യാവകാശ കമ്മീഷൻ മുന്പാകെ സമർപ്പിച്ചതുമാകുന്നു. മേൽ കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. WP(C)No.33192/ 2019: ശ്രീ. സജീവ് കുമാർ കെ എസ് , ബഹു. കേരള ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച സിവിൽ റിറ്റ് കെ.എസ് .ഡി.എം.എ മൂന്നാം എതിർ കക്ഷിയായി ചേർത്തിരിക്കുന്നു. മോൻറെറോസാ മെറ്റൽസ് & ഗ്രാനൈറ്റിസ് പരിസ്ഥിതി ലോല പ്രദേശത്തു നടത്തുന്ന ഖനന പ്രവർത്തികൾ നിർത്തലാക്കാൻ സമർപ്പിച്ച പരാതിയിന്മേൽ ഈ കാര്യാലയത്തിൽ നിന്നും കാര്യവിവരണ പത്രിക സമർപ്പിക്കുകയുണ്ടായി.
2. കറുകമന്ന മെറ്റൽസ് Pvt Ltd നടത്തുന്ന പ്രവർത്തനങ്ങൾക്ക് സ്റ്റേ നൽകണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശശീന്ദ്രൻ സമർപ്പിച്ച WP(C)27987/ 2019 നമ്പർ റിറ്റ് പെറ്റീഷൻ ,16/12/2019 തീയതിയിലെ വിധിയുടെ അടിസ്ഥാനത്തിൽ ബഹു.ഹൈ കോടതി തീർപ്പാക്കുകയും, ജഡ്ജ്മെന്ററിൽ നിഷ്കർഷിച്ച നടപടികൾ ഈ കാര്യാലയത്തിൽ നിന്നും നടപ്പാക്കുകയും ചെയ്തു.
3. ശ്രീമതി തെരേസ കെ. ജെ യുടെ റിറ്റ് പെറ്റീഷൻ No.23911/2019 ഓപറേഷൻ ബ്രേക് ത്രൂ പ്രകാരം മുല്ലശ്ശേരി കനാലിന്റെ പുനർനിർമാണം ആവശ്യപ്പെട്ടു കൊണ്ടുള്ളതും ആയതിന് പുറത്ത് SoF സമർപ്പിക്കുന്നതിലേക്കായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിലേക്ക് കൈമാറി
4. ടാങ്കർ ലോറി ഉടമയായ ശ്രീ. പി.കെ. സതീഷ് 2018 ൽ തിരുവണ്ടൂർ ഗ്രാമ പഞ്ചായത്തിൽ കുടിവെള്ളം വിതരണം ചെയ്ത എണ്ണത്തിൽ ധനസഹായം അഭ്യർഥിച്ചു കൊണ്ടുള്ള WPC No. 6639/2019 പരാതിയിന്മേൽ ദുരന്ത സമയങ്ങളിൽ കുടിവെള്ള വിതരണം SDRF പ്രകാരം അനുവദനീയമാണെന്ന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി
5. WP(C)No.31259 / 2019: ശ്രീ. രമേശ് കക്കടവത്ത് , ബഹു. മനുഷ്യാവകാശ കമ്മീഷന് മുമ്പാകെ സമർപ്പിച്ച പരാതിയിന്മേൽ കോവിഡ് പ്രതിരോധത്തിനായി ഹോം ക്വാറന്റൈൻറെ ആവശ്യകതയെ കുറിച്ചുള്ള റിപ്പോർട്ട് കെ.എസ് .ഡി.എം.എ സമർപ്പിക്കുകയുണ്ടായി.
6. ശ്രീ. ഹരിഹരൻ പി സമർപ്പിച്ച പൊതു താല്പര്യ ഹർജിയിൽ വയനാട് ജില്ലയിൽ ജെ.സി.ബി, പ്രൊക്ലയ്ൻസ്, മുതലായ എര്ത് മൂവേഴ്സ് ഉപയോഗിക്കുന്നതിലേക്കായി മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കാൻ ആവശ്യപ്പെടുകയും ആയതിന് പുറത്തു വിശദമായ കാര്യവിവരണ പത്രിക സമർപ്പിക്കാൻ ഡി.ഡി.എം.എ.ക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

## 1.44 കലണ്ടർ

കേരളത്തിലെ പ്രധാന ദുരന്തങ്ങളും, ദുരന്ത പ്രതികരണ, പ്രതിരോധ പ്രവർത്തനങ്ങളും, അത്യാവശ്യ സമയങ്ങളിൽ ഓരോ തലത്തിലും

ബന്ധപ്പെടേണ്ടുന്ന ഉദ്യോഗസ്ഥരുടെ വിവരവും അടങ്ങുന്ന പ്രത്യേക കലണ്ടർ തയ്യാറാക്കി പ്രസിദ്ധീകരിച്ചു. മൊത്തം 3000 കോപ്പി തയ്യാറാക്കി ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ ഉൾപ്പടെ ദുരന്ത നിവാരണം കൈകാര്യം ചെയുന്ന 59 കാര്യാലയങ്ങൾക്ക് വിതരണം ചെയ്തു.

## 1.45 ഫയലുകൾ, നിയമസഭ, പാർലമെന്റ് നടപടികൾക്കുള്ള വിവരം ലഭ്യമാക്കൽ

ദുരന്ത നിവാരണ അതോറിറ്റിയുടെ പൊതു ജീവനക്കാരുടെ എണ്ണം 2019-20 കാലഘട്ടത്തിലും വർധിച്ചില്ല. ആകെ 4 പൊതുജീവനക്കാർ മാത്രമാണ് അതോറിറ്റിയുടെ പ്രവർത്തനത്തിനായി ഉള്ളത്. 2019-20 കാലഘട്ടത്തിൽ 579 പുതിയ ഫയലുകൾ കൈകാര്യം ചെയ്തു; 1611 പഴയ ഫയലുകളും ഈ കാലയളവിൽ അതോറിറ്റി കൈകാര്യം ചെയ്തു.

2018, 2019 വർഷങ്ങളിൽ സംസ്ഥാനം നേരിട്ട വലിയ ദുരന്തങ്ങൾ കാരണവും KSDMA യുടെ പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടതിനാൽ നിയമസഭ, പാര്ലാമെന്റ് എന്നിവിടങ്ങളിൽ ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവര്ത്തനങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾ കൂടുതലായി വരുന്ന സ്ഥിതിയുണ്ടായി. ഒരു ചോദ്യം പോലും ബാക്കിവയ്ക്കാതെ കൃത്യമായ മറുപടികൾ നിയമസഭ, പാർലിമെന്റ് എന്നിവിടങ്ങളിലെ ബഹുമാന്യരായ ജനപ്രതിനിധികൾക്ക് നല്കുവാൻ സാധിച്ചു. മൊത്തം 191 ചോദ്യങ്ങൾക്ക് മറുപടി ഈ റിപ്പോര്ട്ടിന്റെ കാലയളവിൽ നല്കി. ആകെ 191 നിയമസഭാ ചോദ്യങ്ങളിൽ 20 നക്ഷത്രമിട്ട ചോദ്യങ്ങളും 169 നക്ഷത്രമിടാത്ത ചോദ്യങ്ങളും 2 സബ്മിഷനും ഉൾപ്പെടെ എല്ലാത്തിനും മറുപടി നൽകി.

## 1.46 ശബരിമല മഹോൽസവം - ഇ.ഓ.സികളുടെ പ്രവർത്തനങ്ങൾ

2019-20 ശബരിമല മണ്ഡലകാല മകരവിളക്കിനോടനുബന്ധിച്ച് സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ പത്തനംത്തിട്ട ജില്ല ദുരന്ത നിവാരണ അതോറിറ്റി മൂന്നിടങ്ങളിലായി എമെർജെൻസി ഓപ്പറേഷൻ കേന്ദ്രങ്ങൾ പ്രവർത്തിപ്പിച്ചു. നിലക്കൽ പാർക്കിങ്, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ ആവശ്യമായ സാങ്കേതിക സംവിധാനങ്ങൾ ഉൾപ്പെടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ ആണിവ. ഇടതടവില്ലാത്ത ടെലിഫോൺ, ഇന്റർനെറ്റ് സൗകര്യം, ആവശ്യമായ കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, വൈദ്യുത വിതരണ സംവിധാനം, അടിയന്തിര സാഹചര്യത്തിൽ വാർത്ത വിനിമയം നടത്തുവാൻ വിഎച്ച്എഫ് ഹാം റേഡിയോ സംവിധാനങ്ങൾ എല്ലാം ഉൾപ്പെടുന്നതാണീ പ്രവർത്തന കേന്ദ്രം.

24/09/2019-ലെ സ.ഉ (സാധാ) നം.646/2019/ഡി.എം.ഡി പ്രകാരം 10 ലക്ഷം രൂപ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്ലാൻ ഫണ്ടിൽ നിന്ന്

അനുവദിക്കുകയും ആയതിനു പുറമേ 26/03/2020-ലെ DM/909/2013/SDMA നമ്പർ നടപടിക്രമ പ്രകാരം 4,86,662/- രൂപയും അനുവദിക്കുകയുണ്ടായി.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ ദുരന്ത വിശകലന വിദഗ്ദർ ആയിരുന്നു പ്രസ്തുത കേന്ദ്രത്തിന്റെ നോഡൽ ഓഫീസർമാർ. ഇവരുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുതല ഉദ്യോഗസ്ഥർക്കും സേന വിഭാഗങ്ങൾക്കും പരിശീലന പരിപാടികളും അടിയന്തിര ഘട്ട പ്രവർത്തനവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങളും നല്കുന്നു.മൂന്നു കേന്ദ്രങ്ങളിലും പ്രവർത്തിക്കുന്ന കേന്ദ്രങ്ങൾ സംസ്ഥാന – ജില്ല അടിയന്തിര ഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളുമായി നിരന്തരം വിവര കൈമാറ്റം നടത്തി. ഏതെങ്കിലും അടിയന്തിര സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ തുടർ നടപടികൾ വേഗത്തിൽ കൈകൊള്ളുവാൻ ഇതുമൂലം സാധിച്ചു. ശബരിമല



സീസണോടനുബന്ധിച്ച് പ്രത്യേകം ദുരന്ത സാധ്യതാ മാപ്പുകൾ തയ്യാറാക്കി എല്ലാ ഇ.ഒ.സികളിലും പ്രദർശിപ്പിച്ചിരുന്നു. ലൈഫ് ജാക്കറ്റ്, ഫ്ലോട്ടിങ് റിങ്ങുകൾ എന്നിവയിൽ കുറച്ച് പമ്പാ നദിക്കരയിൽ ശബരിമല തീർഥാടനവുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന മുങ്ങിമരണത്തിന് പ്രതിരോധം എന്ന നിലയിൽ നൽകുകയുണ്ടായി. തീർഥാടനകാലത്ത് സ്നാന ഘട്ടിൽ ഇവ വാടകയ്ക്ക് നല്കുകയും അതുവഴി മുങ്ങി മരണ സാധ്യത കുറയ്ക്കുവാൻ വേണ്ട നടപടി സ്വീകരിക്കുകയും ചെയ്ട്ടുള്ളതതുമാണ്.

2019-20 കാലയളവിൽ മണ്ഡലകാല–മകരവിളക്കിനോടനുബന്ധിച്ച് സന്നിധാനം ഇഓസി യുടെ ആഭിമുഖ്യത്തിൽ തിക്കും-തിരക്കും മൂലമുള്ള അപകട സാഹചര്യങ്ങളുടെ മോക്ക് ഡ്രിൽ സംഘടിപ്പിക്കുകയുണ്ടായി. 2019 ഡിസംബർ 28 ന് ആയിരുന്നു മോക്ക്ഡ്രിൽ സംഘടിപ്പിച്ചത്. ജില്ല ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ പ്രസ്തുത പരിപാടിയിൽ പങ്കുകൊണ്ടു. എൻഡിആർഎഫ്, പോലീസ്, ഫയർ ഫോഴ്സ്, ആർമി, റാപിഡ് റെസ്പോൺസ് ടീം എന്നീ സേന വിഭാഗങ്ങളും, ദേവസ്വം ബോർഡ് അംഗങ്ങൾ, ജില്ല മെഡിക്കൽ ഓഫീസർ, ഇഓസി നോഡൽ ഓഫീസർ, ബന്ധപ്പെട്ട തഹസിൽദാർമ്മാർ, വില്ലേജ് ഓഫീസർമ്മാർ എന്നിവർ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു. ഡിസംബർ 27 ഇതുസംബന്ധിച്ചുള്ള ആസൂത്രണ യോഗവും ചേർന്നിരുന്നു.

ഭക്തരുടെ വരവ്, പോക്ക്, ഓരോ മണിക്കൂറിലും സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിൽ താമസിക്കുന്നവരുടെ എണ്ണം എന്നിവ കൃത്യമായി ഇഓസികൾ ശേഖരിച്ച് വട്സ്ആപ് ഗ്രൂപ്പ് വഴിയും ഇമെയിൽ വഴിയും ഫോൺ മുഖാന്തിരവും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും ജില്ല

കളക്ടർക്കും സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിലും കൃത്യമായ ഇടവേളകളിൽ അറിയിച്ചുകൊണ്ടിരുന്നു. സുരക്ഷിതമായ ശബരിമല തീർഥാടനം സാധ്യമാക്കുവാൻ ദുരന്ത നിവാരണ അതോറിറ്റിയുടെ ഈ പ്രവർത്തനവും സഹായകരമായി. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്ന് ഹസാഡ് അനലിസ്റ്റുമാരായ അരുൺ പീറ്റർ, സത്യകുമാർ സി.ജെ, റോണു മാത്യു, ഫഹദ് മർസൂക്ക്, രാജീവ് ടി. ആർ, അജിൻ.ആർ.എസ്, ഡോ. ആൻഡ്രൂ സ്പെൻസർ എന്നിവർ നോഡൽ ഓഫീസർമാരായി ശബരിമലയിൽ സേവനമനുഷ്ഠിച്ചു.

## 1.47 പ്രചാരണ പരിപാടികൾ

1. 20.07.2019 – സർക്കാർ നടപ്പിലാക്കിയ ദുരിതാശ്വാസ, പുനർ നിർമ്മാണ പ്രവർത്തനങ്ങൾ പൊതു സമൂഹത്തിൽ അറിയിക്കുന്നതിനായി ഒരു പൊതുജന സംഗമം എല്ലാ ജില്ലകളിലും ഒരേ സമയം ഒരേ കാര്യപരിപാടി നിർണ്ണയിച്ച് "ജനകീയം ഈ അതിജീവനം" എന്ന പേരിൽ പരസ്യം നൽകുകയുണ്ടായി.
2. കലാകൌമുദി പബ്ലിക്കേഷനിൽ ഓണപ്പതിപ്പിലേക്ക് എമർജൻസി കിറ്റിന്റെ പരസ്യം നല്കി
3. മംഗളം – Kannyaka Fortnighty Magazine - ഓണപ്പതിപ്പിലേക്ക് എമർജൻസി കിറ്റിന്റെ പരസ്യം നല്കി
4. ആശ്രയ മാതൃനാട് മാസികയുടെ ഓണപ്പതിപ്പിലേയ്ക്ക് എമർജൻസി കിറ്റിന്റെ പരസ്യം നല്കി
5. കേരള സെക്രട്ടറിയേറ്റ് സ്റ്റാഫ് അസോസിയേഷന്റെ മുഖപത്രമായ "സെക്രട്ടറിയേറ്റ് അഭിമുഖം" മാസികയിലേക്ക് ഓണപ്പതിപ്പിലേക്ക് എമർജൻസി കിറ്റിന്റെ പരസ്യം നല്കി
6. Business Plus Magazine-ന്റെ ഓണപ്പതിപ്പിലേക്ക് എമർജൻസി കിറ്റിന്റെ പരസ്യം നല്കി
7. 01.07.2019 – മാതൃഭൂമി, New India Express – SEOC യിലെ recruitment സംബന്ധിച്ച് പരസ്യം നൽകുകയുണ്ടായി.

## 1.48 അതോറിറ്റിയിലെ ഉദ്യോഗസ്ഥർ സംഘടിപ്പിച്ച/പങ്കെടുത്ത വിവിധ പരിശീലന/അവബോധ പരിപാടികൾ

| SL No | DATE | NAME OF THE OFFICER FROM KSDMA | DISTRICT | TRAINING PROGRAMME | VENUE |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | 02-04-19 | Dr. Andrew Spencer | Kottayam | Mainstreaming Disaster Management and Departmental DM Plans-Specifics to Jail Inmates | School Of legal Studies, Kottayam |
| 2 | 03-04-19 | Athulya Thomas | Thrissur | Disaster management & institutional mechanism Psychosocial care in disaster management Health & disasters Hospital safety | Aswani College of Nursing |
| 3 | 04-04-19 | Ronu Mathew | Ernakulam | Hospital Disaster Management Plan | Government Youth Hostel, Ernakulam |
| സഹായം ലഭിച്ച ക്ഷീര കർഷകർ | 50991 |
| ക്ഷീര കർഷകർക്ക് വിതരണം ചെയ്ത കാലിത്തീറ്റ (മെട്രിക് ടൺ) | 2488.4 |

### ഉപജീവന സഹായം

| | |
|---|---|
| കുടുംബശ്രീ കുടുംബസഹായ വായ്പ ലഭിച്ച വനിതകൾ | 165827 |
| കുടുംബശ്രീ കുടുംബസഹായ വായ്പയായി നൽകിയ തുക (കോടിയിൽ) | 1397.4 |
| 'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പ ലഭിച്ച ചെറുകിട വ്യവസായങ്ങളും കടകളും | 1223 |
| 'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പയായി നൽകിയ തുക (കോടിയിൽ) | 92.84 |

### വൈദ്യുതി

| | |
|---|---|
| പുനഃസ്ഥാപിച്ച വൈദ്യുതി കണക്ഷൻ | 965272 |
| പുനഃസ്ഥാപിച്ച ട്രാൻസ്ഫോർമർ | 880 |
| പുനഃസ്ഥാപിച്ച പോസ്റ്റുകൾ | 25906 |
| പുനഃസ്ഥാപിച്ച വൈദ്യുത കമ്പി (കിലോമീറ്റർ) | 3006 |
| വൈദ്യുതി പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) | 118.1 |

### ലഭിച്ചതും ചെലവഴിച്ചതുമായ തുക

| | |
|---|---|
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ലഭിച്ച തുക (കോടിയിൽ) | 4106.38 |
| മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതുവരെ ചെലവായ തുക (കോടിയിൽ) | 2041.34 |
| ദേശീയ ദുരന്ത പ്രതികരണ നിധിയിൽ ലഭിച്ച തുക (കോടിയിൽ) | 2904.85 |
| ദുരന്ത പ്രതികരണ നിധിയിൽ നിന്നും ഇതുവരെ ചെലവായ തുക (കോടിയിൽ) | 1542.9 |

Rebuild Kerala

## 4.2.1 കാർഷിക മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ




പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
വയനാട്
കാർഷികമേഖല
കൃഷി നാശം (ഹെക്ടറിൽ) 12400
ദുരിതാശ്വാസം ലഭിച്ച കർഷകർ 16914
വിള ഇൻഷുറൻസ് ലഭിച്ച കർഷകർ 1377
ചെളി നീക്കുവാൻ സഹായം ലഭിച്ച കർഷകർ 348
നെൽവിത്ത് സഹായമായി ലഭിച്ച കർഷകർ 2645
മണ്ണ് സംരക്ഷണ സഹായം ലഭിച്ച കർഷകർ 6223
ഹോർട്ടികൾച്ചർ പ്രളയ സ്പെഷ്യൽ പാക്കേജ് പ്രകാരം സഹായം ലഭിച്ച കർഷകർ 4940
കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ചെലവഴിച്ച തുക (കോടിയിൽ) 27.66
Rebuild Kerala


നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
860.68
23115
942
90
14954
3.23


പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
മലപ്പുറം
കാർഷികമേഖല
കൃഷി നാശം (ഹെക്ടറിൽ) 4762.18
ദുരിതാശ്വാസം ലഭിച്ച കർഷകർ 19078
വിള ഇൻഷുറൻസ് ലഭിച്ച കർഷകർ 1640
ചെളി നീക്കുവാൻ സഹായം ലഭിച്ച കർഷകർ 170
നെൽവിത്ത് സഹായമായി ലഭിച്ച കർഷകർ 2747
മണ്ണ് സംരക്ഷണ സഹായം ലഭിച്ച കർഷകർ 7250
കാർഷിക വായ്പകൾക്കുള്ള മൊറട്ടോറിയംവഴി ആശ്വാസം ലഭിച്ച കർഷകർ 2119
ഹോർട്ടികൾച്ചർ പ്രളയ സ്പെഷ്യൽ പാക്കേജ് പ്രകാരം സഹായം ലഭിച്ച കർഷകർ 12417
കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ചെലവഴിച്ച തുക (കോടിയിൽ) 33.27
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
തിരുവനന്തപുരം
കാർഷികമേഖല
കൃഷി നാശം (ഹെക്ടറിൽ) 1650.54
ദുരിതാശ്വാസം ലഭിച്ച കർഷകർ 32343
വിള ഇൻഷുറൻസ് ലഭിച്ച കർഷകർ 966
ഹോർട്ടികൾച്ചർ പ്രളയ സ്പെഷ്യൽ പാക്കേജ് പ്രകാരം സഹായം ലഭിച്ച കർഷകർ 8719
കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി ചെലവഴിച്ച തുക (കോടിയിൽ) 21.93
Rebuild Kerala

## 4.2.2 മൃഗ സംരക്ഷണ മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ




























പ്രളയം 2018
നമ്മൾ നമുക്കായി
ആലപ്പുഴ
മൃഗസംരക്ഷണം
ജനകീയം ഈ അതിജീവനം
സഹായം ലഭിച്ച കർഷകർ 23529
വിതരണം ചെയ്ത പശുക്കൾ 468
വിതരണം ചെയ്ത ആടുകൾ 1265
വിതരണം ചെയ്ത കാലിത്തീറ്റ (മെട്രിക് ടൺ) 94.37
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
പത്തനംതിട്ട
മൃഗസംരക്ഷണം
ജനകീയം ഈ അതിജീവനം
സഹായം ലഭിച്ച കർഷകർ 4587
വിതരണം ചെയ്ത ആടുകൾ 253
വിതരണം ചെയ്ത കാലിത്തീറ്റ (മെട്രിക് ടൺ) 141.38
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
കൊല്ലം
മൃഗസംരക്ഷണം
ജനകീയം ഈ അതിജീവനം
സഹായം ലഭിച്ച കർഷകർ 453
വിതരണം ചെയ്ത പശുക്കൾ 76
വിതരണം ചെയ്ത കാലിത്തീറ്റ (മെട്രിക് ടൺ) 6.685


പ്രളയം 2018
നമ്മൾ നമുക്കായി
തിരുവനന്തപുരം
മൃഗസംരക്ഷണം
ജനകീയം ഈ അതിജീവനം
സഹായം ലഭിച്ച കർഷകർ 99
വിതരണം ചെയ്ത കാലിത്തീറ്റ (മെട്രിക് ടൺ) 10.795
Rebuild Kerala

## 4.2.3 വിദ്യാഭാസ മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ



## 4.2.4 വൈദ്യുതി മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ




























പ്രളയം 2018
KSEB
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
ആലപ്പുഴ
വൈദ്യുതി പുനഃസ്ഥാപനം
പുനഃസ്ഥാപിച്ച വൈദ്യുതി കണക്ഷൻ 323451
വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 1.738343
പുനഃസ്ഥാപിച്ച ട്രാൻസ്ഫോമറുകൾ 106
ട്രാൻസ്ഫോമറുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 1.06
പുനഃസ്ഥാപിച്ച പോസ്റ്റുകൾ 1469
പോസ്റ്റുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.5876
പുനഃസ്ഥാപിച്ച വൈദ്യുത കമ്പി (കിലോമീറ്റർ) 179.62
വൈദ്യുത കമ്പി പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.8981
Rebuild Kerala

പ്രളയം 2018
KSEB
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
പത്തനംതിട്ട
വൈദ്യുതി പുനഃസ്ഥാപനം
പുനഃസ്ഥാപിച്ച വൈദ്യുതി കണക്ഷൻ 82656
വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 14.4648
പുനഃസ്ഥാപിച്ച ട്രാൻസ്ഫോമറുകൾ 228
ട്രാൻസ്ഫോമറുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 6.27
പുനഃസ്ഥാപിച്ച പോസ്റ്റുകൾ 3152
പോസ്റ്റുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 1.3802
പുനഃസ്ഥാപിച്ച വൈദ്യുത കമ്പി (കിലോമീറ്റർ) 507
വൈദ്യുത കമ്പി പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 18.6125
Rebuild Kerala

പ്രളയം 2018
KSEB
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
കൊല്ലം
വൈദ്യുതി പുനഃസ്ഥാപനം
പുനഃസ്ഥാപിച്ച വൈദ്യുതി കണക്ഷൻ 18042
വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 5.4126
പുനഃസ്ഥാപിച്ച ട്രാൻസ്ഫോമറുകൾ 35
ട്രാൻസ്ഫോമറുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.35
പുനഃസ്ഥാപിച്ച പോസ്റ്റുകൾ 1910
പോസ്റ്റുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.764
പുനഃസ്ഥാപിച്ച വൈദ്യുത കമ്പി (കിലോമീറ്റർ) 118
വൈദ്യുത കമ്പി പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.59
Rebuild Kerala

പ്രളയം 2018
KSEB
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
തിരുവനന്തപുരം
വൈദ്യുതി പുനഃസ്ഥാപനം
പുനഃസ്ഥാപിച്ച വൈദ്യുതി കണക്ഷൻ 42992
വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.42
പുനഃസ്ഥാപിച്ച ട്രാൻസ്ഫോമറുകൾ 24
ട്രാൻസ്ഫോമറുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.24
പുനഃസ്ഥാപിച്ച പോസ്റ്റുകൾ 3136
പോസ്റ്റുകൾ പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 1.2544
പുനഃസ്ഥാപിച്ച വൈദ്യുത കമ്പി (കിലോമീറ്റർ) 137
വൈദ്യുത കമ്പി പുനഃസ്ഥാപിക്കുവാൻ ചെലവായ തുക (കോടിയിൽ) 0.68
Rebuild Kerala

## 4.2.5 ആരോഗ്യ മേഖല - ജില്ല തിരിച്ചുള്ള കണക്കുകൾ




































## 4.2.6 വീടുകളുടെ പുനർനിർമ്മാണം - ജില്ല തിരിച്ചുള്ള കണക്കുകൾ




























പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
ആലപ്പുഴ
വീടുകളുടെ
പുനർനിർമ്മാണം
2516
788
62818
65239
380.26
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
പത്തനംതിട്ട
വീടുകളുടെ
പുനർനിർമ്മാണം
615
314
18372
18372
134.47
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
കൊല്ലം
വീടുകളുടെ
പുനർനിർമ്മാണം
180
108
3145
3138
17.94
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
തിരുവനന്തപുരം
വീടുകളുടെ
പുനർനിർമ്മാണം
310
119
3352
3136
25.92
Rebuild Kerala

## 4.2.7 ഉപജീവനം - ജില്ല തിരിച്ചുള്ള കണക്കുകൾ





പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
ആലപ്പുഴ
ഉപജീവനം
കുടുംബശ്രീ കുടുംബസഹായ വായ്പ ലഭിച്ച വനിതകൾ 40638
കുടുംബശ്രീ കുടുംബസഹായ വായ്പയായി നൽകിയ തുക (കോടിയിൽ) 348.65
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പ ലഭിച്ച ചെറുകിട വ്യവസായങ്ങളും കടകളും 122
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പയായി നൽകിയ തുക (കോടിയിൽ) 6.3653
Rebuild Kerala



പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
പത്തനംതിട്ട
ഉപജീവനം
കുടുംബശ്രീ കുടുംബസഹായ വായ്പ ലഭിച്ച വനിതകൾ 8495
കുടുംബശ്രീ കുടുംബസഹായ വായ്പയായി നൽകിയ തുക (കോടിയിൽ) 77.81
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പ ലഭിച്ച ചെറുകിട വ്യവസായങ്ങളും കടകളും 186
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പയായി നൽകിയ തുക (കോടിയിൽ) 11.834
Rebuild Kerala



പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
കൊല്ലം
ഉപജീവനം
കുടുംബശ്രീ കുടുംബസഹായ വായ്പ ലഭിച്ച വനിതകൾ 432
കുടുംബശ്രീ കുടുംബസഹായ വായ്പയായി നൽകിയ തുക (കോടിയിൽ) 3.55
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പ ലഭിച്ച ചെറുകിട വ്യവസായങ്ങളും കടകളും 6
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പയായി നൽകിയ തുക (കോടിയിൽ) 0.425
Rebuild Kerala



പ്രളയം 2018
നമ്മൾ നമുക്കായി
ജനകീയം ഈ അതിജീവനം
തിരുവനന്തപുരം
ഉപജീവനം
കുടുംബശ്രീ കുടുംബസഹായ വായ്പ ലഭിച്ച വനിതകൾ 459
കുടുംബശ്രീ കുടുംബസഹായ വായ്പയായി നൽകിയ തുക (കോടിയിൽ) 3.95
'ഉജ്ജീവന' സഹായ പദ്ധതിയിലൂടെ വായ്പയായി നൽകിയ തുക (കോടിയിൽ) 0.19
Rebuild Kerala

## 4.2.8 റോഡ് പുനർനിർമാണം - ജില്ല തിരിച്ചുള്ള കണക്കുകൾ




























പ്രളയം 2018
നമ്മൾ നമുക്കായി
ആലപ്പുഴ
റോഡ് പുനർനിർമ്മാണം
ജനകീയം ഈ അതിജീവനം
പുനർനിർമ്മിച്ച റോഡ് (കിലോമീറ്റർ) 430.93
പുനർനിർമ്മിച്ച പാലങ്ങളും കലുങ്കുകളും 20
ചെലവായ തുക (കോടിയിൽ) 32.44
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
പത്തനംതിട്ട
റോഡ് പുനർനിർമ്മാണം
ജനകീയം ഈ അതിജീവനം
പുനർനിർമ്മിച്ച റോഡ് (കിലോമീറ്റർ) 880.97
പുനർനിർമ്മിച്ച പാലങ്ങളും കലുങ്കുകളും 3
ചെലവായ തുക (കോടിയിൽ) 91.02
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
കൊല്ലം
റോഡ് പുനർനിർമ്മാണം
ജനകീയം ഈ അതിജീവനം
പുനർനിർമ്മിച്ച റോഡ് (കിലോമീറ്റർ) 304.16
ചെലവായ തുക (കോടിയിൽ) 25.39
Rebuild Kerala


പ്രളയം 2018
നമ്മൾ നമുക്കായി
തിരുവനന്തപുരം
റോഡ് പുനർനിർമ്മാണം
ജനകീയം ഈ അതിജീവനം
പുനർനിർമ്മിച്ച റോഡ് (കിലോമീറ്റർ) 31.45
ചെലവായ തുക (കോടിയിൽ) 3.65
Rebuild Kerala

## 4.2.9 അവശ്യ രേഖ അദാലത്തുകൾ - ജില്ല തിരിച്ചുള്ള കണക്കുകൾ



























## 4.3 അനുബന്ധം 3: 2019-20 വർഷത്തിൽ ദുരന്ത സാഹചര്യം അതിജീവിക്കുന്നതിനും, പൊതു സമൂഹത്തിന്റെ ആത്മവിശ്വാസം വളർത്തുന്നതിനും ബഹു. മുഖ്യമന്ത്രി സാമൂഹിക മാധ്യമങ്ങൾ വഴി പങ്കുവെച്ച കുറിപ്പുകൾ

**April 26, 2019**

കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിച്ചതുപോലെ തെക്കൻ ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം ചുഴലിക്കാറ്റായി രൂപപ്പെട്ടിട്ടുണ്ട് . അതിനോട് അനുബന്ധിച്ചു കേരളത്തിൽ വ്യാപകമായി മഴ ലഭിക്കുവാൻ സാധ്യതയുണ്ട് .

28 -4-2019, 29-4-2019 ദിവസങ്ങളിൽ കേരളത്തില് ശക്തമായ് കാറ്റ് (മണിക്കൂറില് 40 - 50 കിമി വരെ വേഗത്തില് ) വീശുവാന് സാധ്യത ഉണ്ട്.

കേരളത്തിൽ ചില സ്ഥലങ്ങളിൽ 2019 ഏപ്രിൽ 29,30 തീയതികളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്നും 29 /04 /2019 ന് എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട് ( (ശക്തമായ മഴ) എന്നി ജില്ലകളിൽ മഞ്ഞ അലേർട്ട് (Yellow Alert) പ്രഖ്യാപിച്ചിരിക്കുന്നു.

30/ 04/ 2019 ന് കോട്ടയം ,എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം , കോഴിക്കോട് , വയനാട് (ശക്തമായ മഴ) എന്നി ജില്ലകളിൽ മഞ്ഞ അലേർട്ട് (Yellow Alert) പ്രഖ്യാപിച്ചിരിക്കുന്നു.

*ആയതു പരിഗണിച്ചുകൊണ്ട് പൊതുജനങ്ങൾ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പാലിക്കുക*

1. കോട്ടയം , എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, പത്തനംതിട്ട, വയനാട്, കോഴിക്കോട്, പാലക്കാട്,കണ്ണൂർ എന്നി ജില്ലകളിൽ ഉരുള്പൊട്ടല് സാധ്യത ഉള്ളതിനാല് രാത്രി സമയത്ത് (7 pm to 7 am) മലയോരമേഖലയിലേക്കുള്ള യാത്ര പരമാവധി ഒഴുവാക്കണമെന്നു പൊതുജനങ്ങളോട് അഭ്യർത്ഥിക്കുന്നു

2. മലയോര മേഖലയിലെ റോഡുകള്ക്ക് കുറുകെ ഉള്ള ചെറിയ ചാലുകളിലൂടെ മലവെള്ള പാച്ചിലും ഉരുള്പൊട്ടലും ഉണ്ടാകുവാന് സാധ്യതയുണ്ട് എന്നതിനാല് ഇത്തരം ചാലുകളുടെ അരികില് വാഹനങ്ങള് നിർത്തരുത് .

3. മലയോര മേഖലയിലും ബീച്ചുകളിലും വിനോദ സഞ്ചാരത്തിന് പോകാതിരിക്കുക.

4.കൃത്യമായ അറിയിപ്പുകൾ ലഭിക്കുന്നതിനായി മുഖ്യമന്ത്രിയുടെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെയും ഫേസ്ബുക്ക് പേജുകൾ ശ്രദ്ധിക്കുക. സമൂഹ മാധ്യമങ്ങളിലൂടെ തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കരുത്.

5 . ഒരു കാരണവശാലും നദികള്, ചാലുകള് എന്നിവ മുറിച്ചു കടക്കരുത്

6 . പാലങ്ങളിലും, നദിക്കരയിലും മറ്റും കയറി സെല്ഫി എടുക്കല് ഒഴിവാക്കുക.

7. പുഴകളിലും തോടുകളിലും ജല നിരപ്പ് ഉയരുവാന് സാധ്യതയുണ്ട്. പുഴകളിലും, ചാലുകളിലും, വെള്ളക്കെട്ടിലും മഴയത്ത് ഇറങ്ങാതിരിക്കണം പ്രത്യേകിച്ച് കുട്ടികൾ ഇറങ്ങുന്നില്ല എന്ന് മുതിർന്നവർ ഉറപ്പുവരുത്തണം. നദിയില് കുളിക്കുന്നതും, തുണി നനയ്ക്കുന്നതും, കളിക്കുന്നതും ഒഴിവാക്കുക

8. നദിക്കരയോട് ചേർന്ന് താമസിക്കുന്നവരും മുൻകാലങ്ങളിൽ വെള്ളം കയറിയ പ്രദേശങ്ങളിൽ ഉള്ളവരും ഒരു എമർജൻസി കിറ്റ് ഉണ്ടാക്കി സൂക്ഷിക്കുക.

*ഈ കിറ്റില് ഉണ്ടാകേണ്ട വസ്തുക്കൾ (ഒരു വ്യക്തിക്ക് എന്ന കണക്കിൽ):*

- ടോര്ച്ച്
- റേഡിയോ
- 1 L വെള്ളം
- ORS ഒരു പാക്കറ്റ്

- അത്യാവശ്യം വേണ്ടുന്ന മരുന്ന്
- മുറിവിന് പുരട്ടാവുന്ന മരുന്ന്
- ഒരു ചെറിയ കുപ്പി ആന്റി സെപ്റ്റിക് ലോഷന്
- 100 ഗ്രാം കപ്പലണ്ടി
- 100 ഗ്രാം ഉണക്ക മുന്തിരി അല്ലെങ്കില് ഈന്തപ്പഴം
- ബിസ്ക്കറ്റോ റസ്ക്കോ പോലുള്ള Dry Snacks
- ചെറിയ ഒരു കത്തി
- 10 ക്ലോറിന് ടാബ്ലെറ്റ്
- ഒരു ബാറ്ററി ബാങ്ക് അല്ലെങ്കില് ടോർച്ചില് ഇടാവുന്ന ബാറ്ററി
- ബാറ്ററിയും, കാള് പ്ലാനും ചാര്ജ് ചെയ്ത ഒരു സാധാരണ മൊബൈൽ ഫോണ്
- തീപ്പെട്ടിയോ ലൈറ്ററോ
- അത്യാവശ്യം കുറച്ച് പണം

9. പ്രധാനപ്പെട്ട രേഖകൾ സർട്ടിഫിക്കറ്റുകൾ, ആഭരണങ്ങൾ പോലെ വിലപിടിപ്പുള്ള സാധനങ്ങൾ വെള്ളം കയറാത്തതും എളുപ്പം എടുക്കാൻ പറ്റുന്നതുമായ ഉയര്ന്ന സ്ഥലത്തു സൂക്ഷിക്കുക.

10. ഔദ്യോഗികമായി ലഭിക്കുന്ന വിവരങ്ങളെല്ലാം വീട്ടിൽ എല്ലാവരോടും പറയുക. അടിയന്തിര സാഹചര്യത്തിൽ നിങ്ങൾ പുറത്താണെങ്കിൽ നിങ്ങളെ കാത്തുനിൽക്കേണ്ടതില്ല എന്ന് വീട്ടിലുള്ളവർക്ക് നിര്ദേശം നല്കുക.

11. ടിവിയിലും റേഡിയോയിലും വരുന്ന മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക. ആകാശവാണിയുടെ ഈ നിലയങ്ങൾ ശ്രദ്ധിക്കുക

1. Trivandrum തിരുവനന്തപുരം MW (AM Channel): 1161 kHz
2. Alappuzha ആലപ്പുഴ MW (AM Channel): 576 kHz
3. Thrissur തൃശൂര് MW (AM Channel): 630 kHz
4. Calicut കോഴിക്കോട് MW (AM Channel): 684 kHz

12 . ജില്ലാ എമര്ജന്സി ഓപ്പറേഷന്സ് സെന്റര് നമ്പരുകള് 1077 എന്നതാണ്. ജില്ലയ്ക്ക് പുറത്തുനിന്നാണ് വിളിക്കുന്നതെങ്കില് STD code ചേര്ക്കുക

13 . പഞ്ചായത്ത് അധികാരികളുടെ ഫോണ് നമ്പര് കയ്യില് സൂക്ഷിക്കുക.

14. വീട്ടിൽ അസുഖമുള്ളവരോ, അംഗപരിമിതരോ, ഭിന്നശേഷിക്കാരോ, പ്രായമായവരോ കുട്ടികളോ ഒക്കെയുള്ളവർ അവരെ പ്രത്യേകം ശ്രദ്ധിക്കുക. വെള്ളപ്പൊക്കം ഉണ്ടായാല് അവരെ ആദ്യം മാറ്റാൻ ശ്രമിക്കുക. പ്രത്യേക സഹായം ആവശ്യമാണെങ്കില്, ഇവരെ സംബന്ധിച്ച വിവരം സാമൂഹിക നീതി വകുപ്പിലെ ഉദ്യോഗസ്ഥരെ അറിയിക്കുക.

15. വളർത്തു മൃഗങ്ങളെ സുരക്ഷിത സ്ഥാനത്തേക്ക് മാറ്റുകയോ അതിനു പറ്റാത്ത അവസ്ഥയിൽ കെട്ടഴിച്ചു വിടുകയോ ചെയ്യുക.

പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ, മേല് മുന്നറിയിപ്പ് പൊതുജനങ്ങള്ക്കായി പ്രസിദ്ധീകരിക്കുക. കൂടാതെ, തുടർ അറിയിപ്പുകൾ ശ്രദ്ധിക്കുകയും, പ്രസിദ്ധീകരിക്കുകയും ചെയ്യുക

**May 10, 2019**

(4) Watch | Facebook

വെള്ളപ്പൊക്കത്തെ മറികടക്കാനുള്ള ഡച്ച് മാതൃക നേരിട്ട് വിലയിരുത്തി. നൂർവാർഡിലെ റൂം ഫോർ റിവർ പദ്ധതി മേഖലയിലായിരുന്നു സന്ദർശനം.

നദിക്ക് കൂടുതൽ വിസ്തൃതി നൽകുന്നതിലൂടെ വെള്ളപ്പൊക്ക വേളയിൽ ജലനിരപ്പ് ഉയരുന്നത് നിയന്ത്രിക്കാനും ഇതിന് സമീപം താമസിക്കുന്നവരുടെ സുരക്ഷ ഉറപ്പാക്കുനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതിയാണിത്. കുട്ടനാട് ഉൾപ്പെടെ സംസ്ഥാനത്തെ താഴ്ന്ന പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കാനാകുമോ എന്ന് പരിശോധിക്കുന്നതിന്റെ ഭാഗമായിരുന്നു സന്ദർശനം. ജലവിഭവ - ജലമാനേജ്മെന്റ് രംഗത്തെ വിദഗ്ദ്ധരുമായും ചർച്ചകൾ നടത്തി. ഫലപ്രദമായ ജലമാനേജ്മെൻറിനുള്ള വിവിധ മാർഗങ്ങൾ വിദഗ്ദ്ധർ ഞങ്ങൾക്ക് മുന്നിൽ അവതരിപ്പിച്ചു.

**May 13, 2019**

ജനീവയിൽ അന്താരാഷ്ട്ര പുനർനിർമാണ സമ്മേളനത്തിൽ മുഖ്യമന്ത്രി സംസാരിക്കുന്നു.

https://www.facebook.com/watch/?ref=saved&v=812824675747027

**May 29, 2019**

പ്രളയാനന്തരകാലത്തെ കെ. എഫ്. സിയുടെ പ്രവർത്തനം മാതൃകാപരമാണ്. മാസ്കറ്റ് ഹോട്ടലിൽ സംഘടിപ്പിച്ച കെ. എഫ്. സി വാർഷിക കോൺക്ലേവ് ഉദ്ഘാടനം ചെയ്തു.

പ്രളയാനന്തര ഇടപെടൽ കെ. എഫ്. സിയുടെ മനുഷ്യത്വ മുഖത്തിന് പ്രത്യക്ഷ തെളിവാണ്. ഇത് ഇടപാടുകാരല്ലാത്ത വലിയൊരു വിഭാഗത്തിലും മാറ്റം പ്രതിഫലിപ്പിച്ചു. പലിശയുടെ കാര്യത്തിൽ വലിയ കുറവ് വരുത്താൻ കെ. എഫ്. സിക്ക് സാധിച്ചു. കെ. എഫ്. സിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുകയെന്നതാണ് പ്രധാനം. പരസ്പരബന്ധം വളർത്താനായാൽ തന്നെ വലിയ മാറ്റം വരും. മികച്ച വ്യവസായികൾക്കുള്ള അവാർഡുകളും വിതരണം ചെയ്തു.



**July 2, 2019**
മുംബൈ പ്രളയ ദുരന്തത്തിൽ പെട്ടവർക്ക് പരമാവധി സഹായ സഹകരണങ്ങൾ നൽകാൻ മുംബൈ കേരള ഹൗസിനും നോർക്ക ഓഫീസിനും നിർദേശം നൽകി. അഞ്ചു ദിവസമായി മുംബൈയിൽ പെയ്യുന്ന മഴയിൽ ഇരുപതിലേറെ മരണമാണുണ്ടായത്. അര നൂറ്റാണ്ടിനിടയിലെ ഏറ്റവും കനത്ത മഴയാണ് അവിടെ പെയ്യുന്നത്. മുംബൈ മലയാളി സമാജങ്ങളും മലയാളി സമൂഹം ഒന്നാകെയും പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഇറങ്ങുമെന്ന് പ്രതീക്ഷിക്കുന്നു.

**July 16, 2019**
ജൂലൈ 18, 19, 20 തീയതികളിൽ കേരളത്തിൽ വിവിധ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം റെഡ്', ഓറഞ്ച്' അലർട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ജൂലൈ 18 ന് ഇടുക്കി, മലപ്പുറം എന്നീ ജില്ലകളിലും ജൂലൈ 19 ന് ഇടുക്കി, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ ജില്ലകളിലും, ജൂലൈ 20 ന് ഇടുക്കി, എറണാകുളം, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിലുമാണ് റെഡ് അലർട്ട് പ്രഖ്യാപിച്ചത്. റെഡ് അലർട്ട് പ്രഖ്യാപിക്കപ്പെട്ട ജില്ലകളിൽ അതിതീവ്ര (Extremely Heavy 24 മണിക്കൂറിൽ 204 mm ൽ കൂടുതൽ മഴ) മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. തുടർച്ചയായ ദിവസങ്ങളിൽ അതിതീവ്ര മഴ പെയ്യുന്ന സാഹചര്യത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യത വർധിക്കും. മഴ കനക്കുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ ജാഗ്രത പാലിക്കണം. ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പുകൾക്കും നിർദ്ദേശം നൽകി. താലൂക്ക് തലത്തിൽ കൺട്രോൾ റൂമുകൾ തുറക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ച ജില്ലകൾ
ജൂലൈ 17 ഇടുക്കി
ജൂലൈ 18 കോട്ടയം
ജൂലൈ 19 എറണാകുളം, പാലക്കാട്
ജൂലൈ 20 പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ
ഓറഞ്ച് പ്രഖ്യാപിക്കപ്പെട്ട ജില്ലകളിൽ ഒറ്റപ്പെട്ടയിടങ്ങളിൽ ശക്തമായതോ (115 mm വരെ മഴ) അതിശക്തമായതോ (115 mm മുതൽ 204.5 mm വരെ മഴ) ആയ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്.
യെലോ അലർട്ട് (മഞ്ഞ അലർട്ട്) പ്രഖ്യാപിച്ച ജില്ലകൾ
ജൂലൈ 16 ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ
ജൂലൈ 17 കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ
ജൂലൈ 18 തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, തൃശൂർ , പാലക്കാട്,കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്
ജൂലൈ 19 തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശൂർ , കോഴിക്കോട് , കാസർഗോഡ്
ജൂലൈ 20 തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, കാസർഗോഡ്
സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും ജില്ലാ ഭരണകൂടവും നൽകുന്ന മുന്നറിയിപ്പുകൾ എല്ലാവരും പിന്തുടരണം.

**July 23, 2019**
പ്രളയത്തിൽ ജീവിതോപാധികൾ നഷ്ടപ്പെട്ടവരെ
കൈപിടിച്ചുയർത്താൻ വ്യത്യസ്തമായ പദ്ധതികളാണ് സർക്കാരും ഉദ്യോഗസ്ഥരും വിവിധ സംഘടനകളും നടപ്പാക്കിയത്. വയനാട് ജില്ലയിൽ നടപ്പാക്കിയ ഡൊണേറ്റ് എ

കൗ പദ്ധതി ഇത്തരത്തിലുള്ള ഒരു ചുവടുവെപ്പാണ്. എല്ലാം നഷ്ടപ്പെട്ട് ജീവിതം പ്രതിസന്ധിയിലായ മുന്നൂറോളം ക്ഷീരകർഷകരാണ് പദ്ധതിയിലൂടെ ജീവിതത്തിലേക്ക് തിരിച്ചു വന്നത്.

https://www.facebook.com/watch/?ref=saved&v=1314379702063953

**July 22, 2019**
പ്രളയാനന്തര പുനർനിർമ്മാണങ്ങളിൽ സഹകരണമേഖല വഹിക്കുന്ന പങ്ക് എടുത്തു പറയേണ്ടതാണ്. വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്നതിനായി കെയർ ഹോം പദ്ധതി ആവിഷ്ക്കരിച്ച സഹകരണവകുപ്പ് ദുരിതബാധിതർക്ക് കൈത്താങ്ങായി. 1500 ഓളം വീടുകൾ പൂർത്തിയാക്കി കഴിഞ്ഞു. രണ്ടാം ഘട്ടത്തിൽ ഭവനസമുച്ചയം നിർമ്മിക്കാനുള്ള പദ്ധതിയും സഹകരണവകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

**July 27, 2019**
മലവെള്ളപ്പാച്ചിലിൽ ഒലിച്ചു പോയവ, പൂർണ്ണമായും തകർന്നു പോയവ, ഗതാഗതം ദുഷ്ക്കരമായവ. പ്രളയാനന്തര കേരളത്തിലെ റോഡുകളുടെ ചിത്രം ഇങ്ങനെ ആയിരുന്നു. ഒരു വർഷം പിന്നിടുമ്പോഴേക്കും റോഡുകളുടെ മുഖഛായ മാറ്റുന്ന പദ്ധതികൾ നടപ്പാക്കാൻ പൊതുമരാമത്ത് വകുപ്പിന് സാധിച്ചിരിക്കുന്നു. അതിന്റെ ഭാഗമായി 16,954 കി.മി. റോഡിന്റെ കേടുപാടു തീർത്തു. 7,602 കി.മി. റോഡ് പുനരുദ്ധരിച്ചു. 656 കലുങ്കുകളും 127 പാലങ്ങളും പൊതുമരാമത്ത് വകുപ്പ് സഞ്ചാരയോഗ്യമാക്കി.

**August 11, 2019**
Press Meet
https://www.facebook.com/CMOKerala/videos/1520616464748052/

**August 12, 2019**
മുഖ്യമന്ത്രി തിരുവനന്തപുരം കോർപ്പറേഷനു കീഴിലുള്ള ദുരിതാശ്വാസ ശേഖരണ കേന്ദ്രം സന്ദർശിക്കുന്നു.

https://www.facebook.com/CMOKerala/videos/380611002642325/

**August 13, 2019**
"സംസ്ഥാനത്ത് ഈ വർഷത്തെ കാലവർഷക്കെടുതിയിൽ വലിയ ദുരന്തങ്ങളുണ്ടായത് വയനാട് ജില്ലയിലെ മേപ്പാടി പുത്തുമലയിലും മലപ്പുറം ജില്ലയിലെ കവളപ്പാറ ഭൂദാനത്തുമാണ്. ഉരുൾപൊട്ടലിൽ കൂട്ടമരണം സംഭവിച്ച രണ്ടു സ്ഥലങ്ങളിലും ദുരന്തത്തിന്‌റെ നടുക്കം വിട്ടുമാറാതെ ക്യാംപുകളിൽ കഴിയുന്നവരെ ഇന്ന് നേരിൽ ചെന്ന് കണ്ടു. ദുരിതബാധിതർക്കും മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്കും ആകാവുന്ന എല്ലാ ആശ്വാസവും നൽകാൻ ശ്രമിക്കുകയാണ്. ഇന്ന് രാത്രിവരെ സംസ്ഥാനത്താകെ 92 മരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 1,206 ദുരിതാശ്വാസ ക്യാമ്പുകളിൽ 2,21,286 പേർ ഇപ്പോൾ കഴിയുന്നുണ്ട്. മഹാപ്രളയത്തിന് ഒരു വർഷം തികയുമ്പോൾ ഉണ്ടായ ഈ കെടുതി നമ്മെ ഗുരുതരമായി ബാധിക്കുന്നതാണ്. ഇതിൽ നിന്ന് കരകയറാൻ ഒത്തൊരുമിച്ചുള്ള ഇടപെടലാണ് ആവശ്യം. കേരളത്തിന് ഈ ഘട്ടത്തിൽ ലഭിക്കുന്ന എന്ത് സഹായവും അധികമാകില്ല. കഴിഞ്ഞ വർഷത്തെ പ്രളയത്തിൽ സംസ്ഥാനത്തിന് കരകയറാൻ മുപ്പത്തി ഒന്നായിരം കോടി

രൂപയെങ്കിലും വേണം എന്നാണ് യു എൻ ഏജൻസികൾ കണക്കാക്കിയത്. ഈ ഘട്ടത്തിൽ സഹായ ഹസ്തം നീട്ടുന്നവർ ഒട്ടേറെയാണ്.
സവിശേഷമായ ചില അനുഭവങ്ങൾ ഇന്നലെ ചൂണ്ടിക്കാട്ടിയിരുന്നു. കേരളത്തിന് ഒന്നും കൊടുക്കേണ്ടതില്ല എന്ന ദുഷ്പ്രചാരണം നടത്തുന്നവരെ നിരാശപ്പെടുത്തുന്ന അനുഭവമാണത്. ഇക്കാര്യത്തിൽ നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ നടത്തുന്ന ഇടപെടൽ പ്രശംസനീയമാണ്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയെക്കുറിച്ചു നടത്തിയ വ്യാജ പ്രചാരണങ്ങളെ തുറന്നുകാട്ടാൻ മാധ്യമങ്ങൾ ഏറെക്കുറെ ഒറ്റക്കെട്ടായി തന്നെ രംഗത്തു വന്നു. നേരിയ അപവാദമേ അതിനുള്ളൂ. ദുരിതാശ്വാസ ക്യാമ്പുകളിലേക്കുള്ള സഹായ ശേഖരണം മുടക്കാനുള്ള ശ്രമങ്ങളെയും മാധ്യമങ്ങൾ ശക്തമായി എതിർത്തു. വാർത്തകളിലൂടെ മാത്രമല്ല, മാധ്യമ പ്രവർത്തകർ വ്യക്തിപരമായി വളണ്ടിയർമാരായി രംഗത്തിറങ്ങിയും നടത്തിയ ഇടപെടൽ നാടിനെ സ്നേഹിക്കുന്ന എല്ലാവരെയും ആവേശഭരിതരാക്കുന്നതാണ്. തിരുവനന്തപുരം നഗരസഭയിലെ കലക്ഷൻ സെന്ററിൽ നിരവധി മാധ്യമ പ്രവർത്തകരെ കാണാനിടയായി. തലസ്ഥാനത്തെ പ്രസ്സ് ക്ലബ് നടത്തിയ ഇടപെടലും ശ്രദ്ധേയമാണ്.
ഒരുതരത്തിലുള്ള വ്യാജ പ്രചാരണങ്ങൾക്കും തകർക്കാനാവാത്തതാണ് അതിജീവനത്തിനുള്ള നിശ്ചയദാർഢ്യം എന്ന് ആത്മവിശ്വാസത്തോടെ പറയാനാകുന്ന അവസ്ഥയാണിത്. ദുരിതമഴയെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ഇപ്പോഴും നമ്മുടെ മുന്നിലുണ്ട്. അതീവ ജാഗ്രതയോടെ നാം നിൽക്കുകയാണ്. കൈകോർത്തു നാം അതിജീവിക്കും ഈ പ്രതിസന്ധിയെ."
- മുഖ്യമന്ത്രി പിണറായി വിജയൻ

"This year, the major monsoon disasters in Kerala occurred at Puthumala, Meppadi in Wayanad district and in Bhoodanam, Kavalappara in Malappuram district. Today, I personally met those from both these places, who are yet to recover from the shock of the many deaths caused by the landslides, and are currently in relief camps.
The government is trying to provide whatever relief is possible, to those in distress, and to the family members of the deceased. Across the state, 92 deaths have been reported till this evening. 2,21,286 people are currently being catered to, in 1,206 relief camps.
This disaster that has befallen us as we are completing a year since the historic floods, will affect us severely. UN agencies have estimated that the state will require at least Rs. 31,000 Cr to tide over the losses caused by last year's floods. Our united intervention will be required to overcome this. Any amount of help that Kerala receives at this juncture will not be too much.



There are many who are extending help at this point. I had pointed to a few touching experiences yesterday. This is disheartening to those who spearheaded the malicious campaign that no help needs to be provided to Kerala.
The interventions by our media in this regard have been exemplary. The media came our more or less in unison to expose the false campaigns against the CMDRF, barring minor exceptions. The efforts to prevent relief material from being collected and handed over to camps have also been thwarted by the media.
Journalists intervened not only by carrying news reports, but also at their individual level by volunteering on the ground. That has been an encouragement for all those

who love our land. I was able to see many friends from the media at the Thiruvananthapuram Corporation's collection centre."
- Chief Minister Pinarayi Vijayan

**August 14, 2019**

മുഖ്യമന്ത്രിയുടെ വാർത്താ സമ്മേളനം

https://www.facebook.com/CMOKerala/videos/646181549226318/

**August 17, 2019**

ഉരുൾപൊട്ടലിൽ ഏറ്റവുമധികം നാശനഷ്ടമുണ്ടായ പുത്തുമല മേഖലയിലെ മുണ്ടക്കൈ, അപ്പമല, ചൂരൽമല, വില്ലജ്, എക്സ്ചേഞ്ച്, ഏലവയൽ എന്നീ ട്രാൻസ്ഫോർമറുകളിലും ബന്ധപ്പെട്ട ഉപഭോക്താക്കൾക്കും വൈദ്യുതി പുനഃസ്ഥാപിച്ചു. പ്രകൃതി സംഹാര താണ്ഡവമാടിയ പുത്തു മലയിൽ ആറു കിലോമീറ്ററോളം 11 kV ലൈൻ പുതുക്കി പണിത് ഒരു കിലോമീറ്റർ പുതിയ ലൈനും കേവലം മൂന്ന് ദിവസം കൊണ്ട് പൂർത്തീകരിച്ചത് കോൺട്രാക്ടർമാരുടേയും, കെ എസ് ഇ ബി എൽ ജീവനക്കാരുടേയും ആശ്രാന്ത പരിശ്രമം മൂലമാണ്. പ്രളയത്തിൽ മുങ്ങിയ വീടുകളിലെ വയറിംഗ് പരിശോധന കെ എസ് ഇ ബി എൽ, ഇലക്ട്രിക്കൽ ഇൻസ്പക്ടറേറ്റ്, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ദ്രുത ഗതിയിൽ നടന്നു വരുന്നു.




**August 21, 2019**

പ്രളയം മനുഷ്യരെ മാത്രമല്ല, നമ്മുടെ സഹജീവികളേയും ദുരിതത്തിലാക്കി. വളർത്തു മൃഗങ്ങൾക്ക് ഉണ്ടായ നഷ്ടവും ചെറുതല്ല. മൃഗസംരക്ഷണമേഖലയും പ്രളയത്തെ അതിജീവിക്കാനുള്ള തീവ്രശ്രമത്തിലാണ്. മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ കന്നുകാലികൾക്ക് അടിയന്തര ചികിത്സക്ക് 342 മൃഗചികിത്സാക്യാമ്പ് സംഘടിപ്പിച്ചു. 1.5 കോടിരൂപയുടെ കാലിതീറ്റയാണ് വകുപ്പ് വിതരണം ചെയ്തത്. കേരള ഫീഡ്സ് വഴി 250 മെട്രിക് ടണ്ണും മിൽമ വഴി 50 മെട്രിക് ടൺ കാലിതീറ്റയും വിതരണം ചെയ്തു.

ക്ഷീര വികസനവകുപ്പിന്റെ നേതൃത്വത്തിൽ 1.47 കോടി രൂപയുടെ കാലിത്തീറ്റയും വിതരണം ചെയ്തു. 614.48 ടൺപച്ചപ്പുല്ലും 161.4 ടൺ ഉണക്കപ്പുല്ലും 243.6 ടൺ കാലിത്തീറ്റ മിശ്രിതവും ക്ഷീരവികസനവകുപ്പ് വിതരണം ചെയ്തു. പ്രളയക്കെടുത് രൂക്ഷമായിരുന്ന വയനാട്, നിലമ്പൂർ, അട്ടപ്പാടി മേഖലകളിലേക്ക് 91.75 ടൺ കാലിത്തീറ്റയാണ് വിതരണം ചെയ്തത്. ഇടുക്കിയിൽ ദുരന്തം ബാധിച്ച 31 ക്ഷീരകർഷക കുടുംബങ്ങൾക്ക് അടിയന്തര സഹായമായി 1.85 ലക്ഷം രൂപ നൽകി. ദുരിതാശ്വാസ ക്യാമ്പുകളിൽ ക്ഷീരസംഘങ്ങൾ വഴി 20,451 ലിറ്റർ പാലും നൽകിയിരുന്നു. സർക്കാർ സംവിധാനങ്ങൾക്കൊപ്പം സന്നദ്ധ സംഘടനകളും സഹജീവികളോടുള്ള സ്നേഹം പ്രകടിപ്പിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.



മൃഗസംരക്ഷണമേഖലയിലെ അതിജീവനത്തിന് വ്യത്യസ്തമായ പദ്ധതികൾ കഴിഞ്ഞ പ്രളയത്തെ തുടർന്ന് സർക്കാർ സ്വീകരിച്ചിരുന്നു. പാലുൽപ്പാദനത്തിൽ കുതിച്ചുചാട്ടമുണ്ടാക്കാൻ നമുക്ക് കഴിയുകയും ചെയ്തു. ഇപ്പോഴുള്ള പ്രതിസന്ധിയെയും നമ്മൾ മറികടക്കും.

**August 24, 2019**

ആർക്കൊക്കെയാണ് അടിയന്തര പ്രളയ സഹായം ലഭിക്കുക എന്ന ചോദ്യം പലരും ഉന്നയിക്കുന്നുണ്ട്. പ്രളയത്തിൽ അകപ്പെട്ട കുടുംബങ്ങൾക്കുള്ള അടിയന്തര സഹായ വിതരണത്തിന് മാനദണ്ഡം നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കി. ഇതനുസരിച്ച് താഴെ പറയുന്നവരാണ് ദുരിതബാധിത കുടുംബങ്ങളുടെ പരിധിയിൽ വരിക.




1. പ്രളയജലം പ്രവേശിച്ച വീടുകളിൽ വസിച്ചിരുന്ന കുടുംബങ്ങൾ
2. പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായോ ഭാഗികമായോ (15% - 100 %) തകർന്ന വീടുകളിൽ താമസിച്ച കുടുംബങ്ങൾ
3. മുന്നറിയിപ്പ് അനുസരിച്ച് സർക്കാർ അംഗീകൃത ക്യാമ്പുകളിൽ കഴിഞ്ഞിരുന്നവർ
4. പ്രളയ സാധ്യത മുന്നിൽ കണ്ട് ബന്ധുക്കളുടെയോ സുഹൃത്തുക്കളുടേയോ വീടുകളിൽ മാറി താമസിച്ച കുടുംബങ്ങൾ
5. ആലപ്പുഴ, കോട്ടയം ജില്ലകളിൽ കഞ്ഞിപ്പുരകളിൽ രജിസ്റ്റർ ചെയ്യുകയും ഭക്ഷണം നൽകുകയും ചെയ്ത കുടുംബങ്ങൾ
6. ഒറ്റയ്ക്കും കുടുംബമായും ക്യാമ്പിൽ രജിസ്റ്റർ ചെയ്ത അതിഥി തൊഴിലാളികൾ.

**August 25, 2019**

പ്രളയം മൂലം ദുരിതം അനുഭവിക്കുന്നവരെ സഹായിക്കാൻ ദുരിതാശ്വാസ നിധി സമാഹരിക്കുന്ന ദിവസങ്ങളാണിത്. ഓരോ ദിവസവും വ്യത്യസ്തങ്ങളായ അനുഭവം ഉണ്ടാകാറുണ്ട്. പ്രത്യേകിച്ചും ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയുമായി കുട്ടികൾ എത്തുമ്പോൾ.



അത്തരത്തിൽ മനസിൽ തട്ടിയ ഒരു അനുഭവം ഇന്ന് കൊച്ചിയിൽ വച്ചുണ്ടായി. സഖാവ് എം എം ലോറൻസിന്റെ നവതി ആദര പരിപാടികൾക്കു ശേഷം മടങ്ങാൻ ഒരുങ്ങുമ്പോഴാണ് ഒരു കൊച്ചു മിടുക്കി കാറിനടുത്തേക്ക് ഓടി വന്നത്. തന്റെ സമ്പാദ്യ കുടുക്കയിലെ പണം ദുരിതാശ്വാസ നിധിയിലേക്ക് ഏൽപ്പിക്കാനായിരുന്നു ആ കുട്ടി അത്ര നേരവും കാത്തിരുന്നത്. യാത്ര പറയാൻ തുടങ്ങിയപ്പോഴാണ് അവൾ എന്നെ ശരിക്കും അദ്ഭുതപ്പെടുത്തിയത്. 'ദാ ഇതും കൂടി ' എന്ന് പറഞ്ഞ് രണ്ടു കാതിലെ കമ്മലും ആ മിടുക്കി ഊരി നൽകി. ലിയാന തേജസ് എന്ന നാലാം ക്ലാസുകാരിയാണ് മനുഷ്യ സ്നേഹത്തിന്റെ വലിയ മാതൃക നമുക്ക് കാട്ടിത്തന്നത്.

ആലുവ സെന്റ് ഫ്രാൻസിസ് ഹൈസ്കൂൾ വിദ്യാർഥിനിയാണ് ലിയാന. സിനിമാ പ്രൊഡക്ഷൻ കൺട്രോളർ തങ്കച്ചന്റെയും നേഴ്സായ സിനിമോളുടെയും മകളാണെന്ന് പിന്നീട് മനസിലാക്കി. ലിയാനയെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. ലിയാനയെപ്പോലെ കുറേ കുട്ടികൾ മാതൃകയാകുന്നത് ഓരോ ദിവസത്തേയും അനുഭവമാണ്. നമ്മുടെ കുട്ടികളാണ് നവകേരളത്തിന്റെ സമ്പത്ത്.

**August 28, 2019**

എന്തിനാണ് പ്രളയ ദുരിതാശ്വാസത്തിനായി ഇത്രയും പണം കേരളത്തിന് ആവശ്യമെന്ന് ചിലരെങ്കിലും സംശയം ചോദിക്കുന്നുണ്ട്. ദുരിതബാധിതർക്ക് പരമാവധി സഹായം നൽകുക എന്നതാണ് സംസ്ഥാന സർക്കാരിന്റെ സമീപനം. കേരളത്തിന്റെ സാഹചര്യത്തിന് അനുസരിച്ച് ധനസഹായം ലഭ്യമാക്കാനാണ് ശ്രമം. കേന്ദ്രമാനദണ്ഡപ്രകാരം ലഭിക്കുന്ന തുകയേക്കാൾ ഉയർന്ന തുക പുനരധിവാസത്തിനായി കേരളത്തിൽ ചെലവഴിക്കുന്നുണ്ട്. ഈ തുക കൂടി കണ്ടെത്താനാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ജനങ്ങളുടെ പരമാവധി സഹകരണം സർക്കാർ അഭ്യർത്ഥിക്കുന്നത്.




| വീടിന്റെ നാശ നഷ്ടതോത് | | കേന്ദ്രമാനദണ്ഡം | കേരളം നൽകുന്നത് |
|---|---|---|---|
| 75 - 100 % | മലയോരം | 1,01,900 | 4 ലക്ഷം |
| | സമതലം | 95,100 | |
| 60 - 74 % | മലയോരം | 76,500 | 2.5 ലക്ഷം |
| | സമതലം | 71000 | |
| 30 - 59 % | മലയോരം | 51,000 | 1.25 ലക്ഷം |
| | സമതലം | 47500 | |
| 16 - 29 % | മലയോരം | 30500 | 60,000 |
| | സമതലം | 28500 | |
| കുറഞ്ഞത് 15 % | | 5200 | 10,000 |

**August 29, 2019**

അഗ്നിരക്ഷാ സേവന വകുപ്പിനു കീഴിൽ സംസ്ഥാനത്ത് സന്നദ്ധസേവകരെ ഉൾപ്പെടുത്തി ദുരന്തപ്രതിരോധ ജനകീയസേന (സിവിൽ ഡിഫൻസ്) രൂപീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചു. പ്രളയവും മണ്ണിടിച്ചിലും ചുഴലിക്കാറ്റും പോലുള്ള പ്രകൃതിദുരന്തങ്ങൾ അടിക്കടി ഉണ്ടാകുന്ന പശ്ചാത്തലത്തിലാണ് ജനകീയ സേന രൂപീകരിക്കാൻ തീരുമാനിച്ചത്. പ്രകൃതിദുരന്ത വേളയിലെ അടിയന്തര സേവനങ്ങൾക്കു പുറമെ വാഹനാപകടങ്ങൾ പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ പെട്ടെന്ന് സഹായം എത്തിക്കാനും സിവിൽ ഡിഫൻസ് പ്രയോജനപ്പെടുത്തും.

പ്രകൃതിദുരന്ത മുന്നറിയിപ്പുകൾ ജനങ്ങളിൽ എത്തിക്കുക, ആവശ്യമെങ്കിൽ നടപടികൾ സ്വീകരിക്കാൻ അധികാരികളോട് ആവശ്യപ്പെടുക, ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ പോലീസിനും മറ്റു ബന്ധപ്പെട്ട അധികാരികൾക്കും വേഗത്തിൽ അറിയിപ്പ് നൽകുക, രക്ഷാപ്രവർത്തകർ എത്തുന്നതുവരെയുള്ള ഇടവേളയിൽ പ്രാദേശികമായി ചെയ്യാവുന്ന ഒരുക്കങ്ങൾ നടത്തുക, ദുരന്തവേളയിൽ നാട്ടുകാരെ ഒഴിപ്പിക്കാനും ക്യാമ്പുകളിൽ എത്തിക്കാനും അധികാരികളെ സഹായിക്കുക തുടങ്ങിയവയാണ് സിവിൽ ഡിഫൻസ് സേനയുടെ ചുമതലകൾ.




കേരളത്തിലെ 124 ഫയർ ആന്റ് റെസ്ക്യു സ്റ്റേഷനുകൾ കേന്ദ്രീകരിച്ചാണ് സിവിൽ ഡിഫൻസ് യൂണിറ്റുകൾ രൂപീകരിക്കുക. ഒരു ഗ്രൂപ്പിൽ 50 വോളണ്ടിയർമാരെന്ന നിലയ്ക്ക് 124 ഗ്രൂപ്പുകളിലായി 6200 പേരെയാണു ആദ്യഘട്ടമായി നിശ്ചയിക്കുന്നത്. സാധ്യമായ സ്ഥലങ്ങളിലെ യൂണിറ്റുകളിൽ 30% (ഒരു യൂണിറ്റിൽ പതിനഞ്ചു പേർ) സ്ത്രീകളായിരിക്കണം. 20% വോളണ്ടിയർമാരെങ്കിലും (ഒരു യൂണിറ്റിൽ അഞ്ചു പേരെങ്കിലും) ഡോക്ടർമാർ, പാരാമെഡിക്കൽ മേഖലയിലുള്ളവർ, എഞ്ചിനീയർമാർ

തുടങ്ങിയ വിദഗ്ദ്ധതൊഴിൽ മേഖലകളിൽ നിന്നുള്ളവരുമാകണം. തെരഞ്ഞെടുക്കപ്പെടുന്ന സിവിൽ ഡിഫൻസ് വോളണ്ടിയർമാർക്ക് തൃശൂർ സിവിൽ ഡിഫൻസ് ഇൻസ്റ്റിറ്റ്യൂട്ടിലും വിയ്യൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് അക്കാദമിയിലും പരിശീലനം നൽകും. ജില്ലയിലെ ജില്ലാ ഫയർഫോഴ്സ് ഓഫീസർമാരായിരിക്കും വോളണ്ടിയർമാരെ തെരഞ്ഞെടുക്കുന്ന നോഡൽ ഓഫീസർ. ഓൺലൈൻ വഴി ഇതിനുള്ള അപേക്ഷകൾ സ്വീകരിക്കും. മികച്ച സേവനം നടത്തുന്ന വോളണ്ടിയർമാരെ സർക്കാർ ആദരിക്കും. ഡിഫൻസ് സേന രൂപീകരിക്കുന്നതിന്റെ ഭാഗമായി ഏഴു തസ്തികകൾ സൃഷ്ടിക്കാനും തീരുമാനിച്ചു.

**August 30, 2019**

സംസ്ഥാനത്തിന്റെ പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ പ്രായോഗിക ബദലുകൾ ഉപയോഗപ്പെടുത്തുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രകൃതിദുരന്താഘാതം മറികടക്കാൻശേഷിയുള്ള ഭവനസമുച്ചയങ്ങൾ കെട്ടിപ്പടുക്കാൻ പ്രീ ഫാബ്രിക്കേറ്റഡ് സാങ്കേതികവിദ്യ ഉപയോഗിക്കുന്നതിനു സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. മൂന്ന് പ്രധാനപ്പെട്ട സവിശേഷതകൾ ഉൾക്കൊള്ളുന്നതാണ് ഈ നിർമാണ രീതി.

1. പരമ്പരാഗതമായി ഉപയോഗിച്ചുവരുന്നതും പ്രകൃതിയെ ചൂഷണം ചെയ്യേണ്ടിവരുന്നതുമായ അസംസ്കൃത വസ്തുക്കൾ പരമാവധി കുറയ്ക്കും കല്ലും മണലും അടക്കമുള്ള നിർമാണവസ്തുക്കളുടെ ഉപയോഗം പരിമിതപ്പെടുത്തും. കരിങ്കല്ലിന്റെയും മറ്റും അമിതമായ ഉപയോഗത്തെ നിയന്ത്രിച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്താനാകും.




2. ദുരന്താഘാതങ്ങളെ മറികടക്കാൻ ശേഷിയുള്ള കെട്ടിടങ്ങളാണ് പുതിയ സാങ്കേതികവിദ്യയിലൂടെ നിർമിക്കപ്പെടുക.

3. ഭാരം കുറഞ്ഞതും ഈടുള്ളതും വളരെ വേഗം പൂർത്തിയാക്കാവുന്നതുമായ നിർമാണ സങ്കേതമാണ് ഇത്. ഉൾപ്രദേശങ്ങളിലേക്ക് ഇവ എളുപ്പത്തിൽ എത്തിക്കാം. ഭവന നിർമാണം നീണ്ടുപോകുന്നുവെന്ന വിമർശനം പരിഹരിക്കാൻ പറ്റുന്ന വിധം നിർമാണ സമയം ഗണ്യമായി കുറയും എന്ന സവിശേഷതയും ഇതിനുണ്ട്.

ആഗോളതലത്തിൽ തെളിയിക്കപ്പെട്ട സങ്കേതമാണെങ്കിലും കേരളീയർക്ക് ഏറെ പരിചിതമല്ലാത്ത ഒന്നാണിത്. പുതിയ സാങ്കേതികവിദ്യയ്ക്ക് തുടക്കത്തിൽ സ്വീകാര്യതക്കുറവ് ഉണ്ടായേക്കാം. എങ്കിലും അവയുടെ ഈടുനിൽപ്പും വേനൽക്കാലത്തെ സുഖകരമായ അന്തരീക്ഷവും ജനങ്ങളെ ഇതിലേക്ക് നയിക്കുന്നതിന് സഹായിക്കും . സാങ്കേതികവിദ്യ പരിചിതമാക്കൽ ക്യാമ്പയിൻ ആസൂത്രണം ചെയ്യുമെന്നും മുഖ്യന്ത്രി പറഞ്ഞു. സമ്പാദ്യമാകെയും കിട്ടാവുന്ന വായ്പകളും കൂട്ടി വീടുവെക്കുക എന്നതാണ് കേരളീയരുടെ പൊതു രീതി. ഈ വീടുകൾ പലപ്പോഴും പൂട്ടിയിടേണ്ടിവരികയും ചെയ്യും. ആ മനോഭാവമാണ് നാം ബോധപൂർവ്വം മാറ്റേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

**September 5, 2019**

നമ്മൾ തിരിച്ചു പിടിച്ച ഓണമെന്ന് വെറുതെ പറയുന്നതല്ല. കഴിഞ്ഞ പ്രളയകാലത്ത് വീട് നഷ്ടപ്പെട്ട് ദുരിതം അനുഭവിക്കേണ്ട വന്ന ഏഴായിരത്തി അഞ്ഞൂറോളം

കുടുംബങ്ങളിൽ ഓണം തിരികെ എത്തിയിരിക്കുന്നു. സർക്കാരും സഹകരണ വകുപ്പും സന്നദ്ധ സംഘടനകളും ചേർന്ന് ആ കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുകയായിരുന്നു. പണി തീർന്ന വീടുകളിൽ ഈ ഓണക്കാലത്ത് ഗൃഹപ്രവേശം നടക്കും. മന്ത്രിമാരും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അവരുടെ സന്തോഷങ്ങളിൽ പങ്കു ചേരാനെത്തും.




**September 7, 2019**

പ്രകൃതിക്ഷോഭം മൂലം മൽസ്യബന്ധന യാനങ്ങൾക്കുണ്ടാവുന്ന നാശനഷ്ടകൾക്ക് മതിയായ നഷ്ട പരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ ദേശീയ ദുരന്തനിവാരണ നിധിയിൽ നിലവിലില്ല. ഈ സാഹചര്യത്തിലാണ് സംസ്ഥാന സർക്കാർ മത്സ്യബന്ധന ബോട്ടുകൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്താൻ തീരുമാനിച്ചത്.




ഈ പദ്ധതിയിൽ നിന്നും ആദ്യ ഗുണഭോക്താവിന് ഇൻഷുറൻസ് തുക കൈമാറി. രണ്ട് മാസം മുൻപ് കാറ്റിലും മഴയിലും പെട്ട് പരമ്പരാഗത യാനം നഷ്ടമായ വിഴിഞ്ഞം സ്വദേശി മുഹമ്മദ് അബ്ദുൽ ഖാദറിനാണ് ഇൻഷ്വറൻസ് പരിരക്ഷയിലൂടെ 1,20, 000 രൂപയുടെ നഷ്ടപരിഹാരം കൈമാറിയത്.

പ്രീമിയത്തിന്റെ 90% ഫിഷറീസ് വകുപ്പ് നൽകുന്ന രീതിയിലാണ് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കുന്നത്. ഗുണഭോക്താക്കൾ 10% പ്രീമിയം തുക മാത്രം നൽകിയാൽ മതി. നടപ്പ് സാമ്പത്തീക വർഷം 4 കോടി രൂപയാണ് ഇൻഷുറൻസ് പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ളത്. മുഴുവൻ പരമ്പരാഗത മൽസ്യബന്ധന യാനങ്ങളും ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുക എന്നതാണ് സർക്കാർ ലക്ഷ്യം വെക്കുന്നത്. എൻജിനുകൾ കൂടി ഇൻഷുറൻസ് പരിരക്ഷയിൽ ഉൾപ്പെടുത്തുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

Pic Courtesy: Nirmalya Bhattacharya

**September 29, 2019**

പ്രളയക്കെടുതി നേരിടുന്ന ബിഹാറിലെ ജനങ്ങൾക്ക് ആവശ്യമെങ്കിൽ സഹായമെത്തിക്കാൻ സന്നദ്ധമാണെന്ന് കേരളം ബിഹാർ സർക്കാരിനെ അറിയിച്ചു.

അതിവർഷം കാരണം ബിഹാറിലെയും യുപിയിലെയും പല ഭാഗങ്ങളും വെള്ളത്തിനടിയിലാണ്. റോഡ്, റെയിൽ ഗതാഗതം തടസ്സപ്പെടുകയും വൈദ്യുതി മുടങ്ങുകയും ചെയ്തിരിക്കുകയാണ്. പട്നയിൽ സ്ഥിതി രൂക്ഷമാണ്. അടുത്ത ദിവസങ്ങൾക്കിടയിൽ നാല്പതിലേറെ പേർ മരണപ്പെട്ടു. മലയാളികൾക്കാർക്കും അപകടമൊന്നും സംഭവിച്ചിട്ടില്ല എന്നാണ് സംസ്ഥാന സർക്കാറിന് ലഭിച്ച വിവരം. പ്രളയത്തിൽ ഒറ്റപ്പെട്ടുപോയവരെ രക്ഷപ്പെടുത്തി സുരക്ഷിത കേന്ദ്രങ്ങളിൽ എത്തിക്കാനാണ് ഇപ്പോൾ ദുരന്ത പ്രതികരണ സേനയും മറ്റ് ഏജൻസികളും ശ്രമിക്കുന്നത്. യുപിയിലെയും ബിഹാറിലെയും അധികൃതരുമായി കേരളത്തിന്റെ പ്രത്യേക പ്രതിനിധി എ സമ്പത്ത്,

ചീഫ് സെക്രട്ടറി, സംസ്ഥാന പോലീസ് മേധാവി, തുടങ്ങിയവർ നിരന്തരം ബന്ധപ്പെടുന്നുണ്ട്. മലയാളി കുടുംബങ്ങളുടെ കാര്യങ്ങൾ അന്വേഷിച്ച് ആവശ്യമായ സഹായം ലഭ്യമാക്കാൻ നോർക്ക വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

**October 20, 2019**

2019 ഒക്ടോബർ 20 മുതൽ 2019 ഒക്ടോബർ 21 വരെ താഴെ പറയുന്ന സമുദ്രപ്രദേശങ്ങളിൽ പോകരുത് (വ്യക്തതക്കായി ഭൂപടം കാണുക).




അറബിക്കടലിൽ രൂപപ്പെട്ടിരിക്കുന്ന ന്യൂനമർദ പ്രദേശത്തിൻറെ പ്രഭാവം മൂലം ശക്തമായ കാറ്റ് വീശാനുള്ള സാധ്യതയുണ്ട്. അത് കൊണ്ട് കേരളത്ത് നിന്ന് ഒരു കാരണവശാലും മൽസ്യത്തൊഴിലാളികൾ കടലിൽ പോകുവാൻ പാടില്ല.

മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ള കേരള തീരത്തും കർണാടക തീരത്തും മഹാരാഷ്ട്ര തീരത്തും അതിനോട് ചേർന്നുള്ള തെക്ക്-കിഴക്കൻ, മധ്യ-കിഴക്കൻ അറബിക്കടൽ പ്രദേങ്ങളിലും ലക്ഷദ്വീപ് പ്രദേശത്തും കൊമോറിൻ അതിനോട് ചേർന്നുള്ള ഗൾഫ് ഓഫ് മാന്നാർ സമുദ്ര പ്രദേശങ്ങളിലും മേൽപറഞ്ഞ കാലയളവിൽ മത്സ്യ തൊഴിലാളികൾ കടലിൽ പോകരുതെന്ന് നിർദ്ദേശിക്കുന്നു.

കേന്ദ്ര കാലാവസ്ഥ വകുപ്പിൻറെ മുന്നറിയിപ്പിൽ മാറ്റം വരുന്നത് വരെ മൽസ്യതൊഴിലാളികളെ കടലിൽ പോകുന്നതിൽ നിന്ന് വിലക്കുന്നതിന് വേണ്ടിയുള്ള നടപടിയെടുക്കാൻ ജില്ലാഭരണകൂടത്തിനും ഫിഷെറീസ് വകുപ്പിനും പോലീസിനും നിർദേശം നൽകിയിട്ടുണ്ട്.

**October 21, 2019**

അറബിക്കടലിൽ രൂപപ്പെട്ട ന്യൂനമർദത്തിന്റെ സ്വാധീനം മൂലം സംസ്ഥാനത്ത് കനത്ത മഴ തുടരുന്ന സാഹചര്യം വിലയിരുത്താൻ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഓഫീസിലെത്തി.

ന്യൂനമർദ്ദം മൂലം മഴ കനക്കുമെന്ന കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ സ്ഥിതിഗതികൾ നേരിട്ട് മനസിലാക്കുന്നതിനാണ് എത്തിയത്. മഴ സംബന്ധിച്ച വിവരങ്ങളും തുടർ നടപടികളും ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്തു. അടിയന്തിരമായി സ്വീകരിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. എല്ലാ ജില്ലകളിലും ഇതുവരെ സ്വീകരിച്ച നടപടികൾ വിശകലനം ചെയ്തു. അടിയന്തിര സാഹചര്യം ഉണ്ടായാൽ നേരിടാനുള്ള മുൻകരുതലുകൾ സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി.

**October 30, 2019**

ഭാഗത്തായി രൂപപ്പെട്ടിരുന്ന ന്യൂനമർദ്ദം ഒരു തീവ്രന്യൂനമർദ്ദമായി മാറിയിരിക്കുന്നു. നിലവിൽ 6.5°N അക്ഷാംശത്തിലും 76.2°E രേഖാംശത്തിലും മാലദ്വീപിൽ നിന്ന് വടക്ക്-കിഴക്കായി 390 കിലോമീറ്റർ ദൂരത്തും ലക്ഷദ്വീപിലെ മിനിക്കോയിൽ നിന്ന് 390 കിലോമീറ്റർ ദൂരത്തുമായാണ് ഇത് രൂപപ്പെടുന്നത്. അടുത്ത 24 മണിക്കൂറിൽ കൂടുതൽ കരുത്ത് പ്രാപിച്ച് അതിതീവ്ര ന്യൂനമർദ്ദമായി മാറുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. ഈ അതിതീവ്രന്യൂനമർദ്ദം ലക്ഷദ്വീപിലൂടെ കടന്ന് പോകുമെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പ് നൽകുന്ന മുന്നറിയിപ്പ്.

ന്യൂനമർദ്ദത്തിന്റെ സഞ്ചാരപഥത്തിൽ കേരളം ഉൾപ്പെടുന്നില്ലെങ്കിലും കേരള തീരത്തോട് ചേർന്ന കടൽ പ്രദേശത്തിലൂടെ തീവ്രന്യൂനമർദ്ദം കടന്നു പോകുന്നതിനാൽ കേരള തീരത്ത് മൽസ്യബന്ധനത്തിന് പൂർണ്ണ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികളെ പൂർണ്ണമായും തിരിച്ചു വിളിക്കുകയും ചെയ്തിട്ടുണ്ട്. ഇനിയുള്ള സമയങ്ങളിലും കടൽ അതിപ്രക്ഷുബ്ധാവസ്ഥയിൽ തുടരുന്നതാണ്. തീവ്രന്യൂനമർദ്ദത്തിൻ പ്രഭാവത്താൽ കേരളത്തിൽ വിവിധയിടങ്ങളിൽ ശക്തമായതോ അതിശക്തമായതോ ആയ മഴയ്ക്കുള്ള സാധ്യതയുണ്ട്. തീരമേഖലയിൽ ശക്തമായ കാറ്റ് വീശാനുള്ള സാധ്യതയുമുണ്ട്. പൊതുജനങ്ങളും അധികൃതരും ജാഗ്രത പാലിക്കണം.




**November 6, 2019**

പ്രളയം തകർത്ത പൊതുമരാമത്ത് റോഡുകളുടെ പുനർനിർമാണത്തിന് ജെർമൻ ഡെവലപ്മെന്റ് ബാങ്കിന്റെ സഹായം. ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാരും ജർമൻ ഡെവലപ്മെന്റ് ബാങ്കും കരാർ ഒപ്പിട്ടു. 1800 കോടി രൂപയുടെ പദ്ധതിയിൽ 1400 കോടി രൂപയുടെ സഹായമാണ് ജർമൻ ഡെവലപ്മെന്റ് ബാങ്ക് നൽകുക. ഇതിനു പുറമെ 25 കോടി രൂപ സ്ഥാപന ശാക്തീകരണത്തിനും ശേഷി വർദ്ധനയ്ക്കുമായി ഗ്രാന്റായി നൽകും.

പ്രളയദുരിതത്തിലായ സംസ്ഥാനത്തെ സഹായിക്കുന്നത് സംബന്ധിച്ച് കേരളവും കേന്ദ്രസർക്കാരും ജർമനിയുമായി നേരത്തെ തന്നെ ചർച്ചകൾ നടത്തിയിരുന്നു. പുനർനിർമാണം സംബന്ധിച്ച പദ്ധതി റിപ്പോർട്ട് കേരളം കഴിഞ്ഞ ഫെബ്രുവരിയിൽ കേന്ദ്രസാമ്പത്തികകാര്യ വകുപ്പിന് കൈമാറിയിരുന്നു. ഒക്ടോബർ 30ന് ജർമൻ ബാങ്കും കേന്ദ്ര സർക്കാരും ലോൺ എഗ്രിമെന്റ് ഒപ്പുവച്ചു. തുടർന്നാണ് സംസ്ഥാനവുമായി കരാറായത്.

അഞ്ച് വർഷം കൊണ്ട് പദ്ധതി പൂർത്തിയാക്കും. സംസ്ഥാനത്തെ 31 റോഡുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി പുനർനിർമിക്കുന്നത്. മൊത്തം 800 കിലോമീറ്റർ ദൂരം ഇതിൽ ഉൾപ്പെടുന്നു. കെ. എസ്. ടി. പിയാണ് പണി നടത്തുക. മേയ് 2020 ഓടെ പണി ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്.



**December 12, 2019**
നവകരേളനിർമ്മാണപ്രവർത്തനത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിന് 'നമ്മൾ നമുക്കായി ' ക്യാമ്പയിൻ സംഘടിപ്പിക്കും. ദുരന്തലഘൂകരണത്തിന് ഉതകുന്ന രീതിയിൽ പുനർനിർമ്മാണ പ്രവർത്തനങ്ങളെ മാറ്റുന്നതിന്റെ ഭാഗമായാണ് നമ്മൾ നമുക്കായി ക്യാമ്പയിൻ. പ്രാദേശികഅനുഭവങ്ങൾ കൂടി സംയോജിപ്പിച്ച് പുനർനിർമ്മാണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. ദുരന്തലഘൂകരണ വിഷയങ്ങളിൽ ഗ്രാമസഭയിൽ ഉൾപ്പെടെ ചർച്ച നടത്താൻ ജനങ്ങൾക്ക് അവസരം ലഭിക്കും. വിവിധ തലങ്ങളിൽ സംവാദങ്ങൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിക്കും. ദുരന്തപരിപാലന പദ്ധതികളെ സംബന്ധിക്കുന്ന ചർച്ചകളും ക്യാമ്പയിന്റെ ഭാഗമായി നടക്കും

**December 28, 2019**
580 കിലോമീറ്ററോളം കടൽത്തീരമുള്ള കേരള തീരത്തെ പല കടപ്പുറങ്ങളും നിരന്തര കടലാക്രമണ ഭീഷണി നേരിടുന്നവയാണ്. അതുകൊണ്ടുതന്നെ പ്രകടനപത്രികയിലെ പ്രധാന ഇനമായിരുന്നു മത്സ്യമേഖലയുടെ പുനരുദ്ധാരണവും അയ്യായിരം കോടിയുടെ തീരദേശ പാക്കേജും. കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന ഭീഷണി കൂടി കണക്കിലെടുത്ത് കൊണ്ട്, പ്രകടന പത്രികയിൽ വിഭാവനം ചെയ്യുന്നതിലധികം പദ്ധതികൾ മത്സ്യബന്ധന മേഖലയുടെ ഉന്നമനത്തിനായും മത്സ്യത്തൊഴിലാളികളുടെ സുരക്ഷക്കായും നടപ്പിൽ വരുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പൂർണമായും സംസ്ഥാന സർക്കാർ ചെലവ് വഹിക്കുന്ന പുനർഗേഹം പദ്ധതി അത്തരത്തിൽ ഒന്നാണ്.




മത്സ്യതൊഴിലാളികളെ സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിനായി 2,450 കോടി രൂപയുടെ പുനർഗേഹം പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകി. വേലിയേറ്റരേഖയുടെ 50 മീറ്റർ പരിധിക്കുള്ളിൽ കഴിയുന്ന മത്സ്യത്തൊഴിലാളികൾക്കായുള്ള പദ്ധതിയുടെ ചെലവിൽ 1,398 കോടിരൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ബാക്കി തുക ഫിഷറീസ് വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽനിന്നുമാണ് കണ്ടെത്തുന്നത്. മൂന്നു ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ 998.61 കോടിയും രണ്ടാം ഘട്ടത്തിൽ 796.54 കോടിയും മൂന്നാം ഘട്ടത്തിൽ 654.85 കോടി രൂപയുമാണ് ചെലവഴിക്കുന്നത്. പദ്ധതിയുടെ ഭാഗമായി വേലിയേറ്റരേഖയുടെ 50 മീറ്റർ ചുറ്റളവിൽ കഴിയുന്ന 18,685 കുടുംബങ്ങൾക്ക് ഭൂമിയും ഭവനവും നൽകും.
പുനരധിവാസപദ്ധതി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതലസമിതിയുടെ കർശനമേൽനോട്ടത്തിലായിരിക്കും നടപ്പാക്കുക. കൂടാതെ ജില്ലാതലത്തിൽ കളക്ടറുടെ അധ്യക്ഷതയിലുള്ള സമിതി എല്ലാ മാസവും പദ്ധതിയുടെ പുരോഗതി വിലയിരുത്തും.

## 4.4 അനുബന്ധം 4: കോവിഡ്19 – കത്തുകൾ, പ്രധാന ഉത്തരവുകൾ

### കോവിഡ്19 സംബന്ധിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആരോഗ്യ വകുപ്പിന് നല്കിയ മുന്നറിയിപ്പ് – 19-1-2020

Gmail

SEOC GoK <seoc.gok@gmail.com>

**(no subject)**
1 message

**SEOC | DMD | Kerala** <seoc.gok@gmail.com> Sun, Jan 19, 2020 at 12:31 PM
To: Additional Director Public Health <additionaldirectorph@gmail.com>
Cc: "Dr.Sarita.R.L Director of Health Services" <dhskerala@gmail.com>, "Secretary, O/o the Kerala State Disaster Management Authority" <keralasdma@gmail.com>, Ronu Mathew <ronumathew@rocketmail.com>

Madam,

WHO has recognized the outbreak of a new variant of coronavirus in China.
This is seems similar t the coronavirus that caused Severe Acute Respiratory Syndrome (SARS) outbreak in 2002-2003.
However, it is seemingly less virulent, in prima facie.
There has been 41 cases reported in Wuhan, China. Seven seriously ill cases with one death.
According to the preliminary epidemiological investigation, most cases of this novel coronavirus (nCoV) worked at or were handlers and frequent visitors to the Huanan Seafood Wholesale Market. The government reports that there is no clear evidence that the virus passes easily from person to person.

Two imported cases have also been recognized by WHO:
: One imported case from Wuhan to Thailand (confimed on 13 January)
: One imported case from Wuhan to Japan (confirmed on 16 January)
Sources:

https://www.who.int/csr/don/12-january-2020-novel-coronavirus-china/en/
https://www.who.int/csr/don/14-january-2020-novel-coronavirus-thailand/en/
https://www.who.int/csr/don/16-january-2020-novel-coronavirus-japan-ex-china/en/

Aljazeera reports more cases with two imported cases of Chinese Nationals in Thailand and a total of two deaths.

https://www.google.com/amp/s/www.aljazeera.com/amp/news/2020/01/china-reports-17-cases-mystery-virus-wuhan-200119040403271.html

No cases have been reported in India. However, we may need to closely monitor the situation as there are imported cases in Japan and Thailand.

Please do the needful.

Sincerely,
Dr Sekhar L Kuriakose
Member Secretary, KSDMA.

### കോവിഡ് 19 സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചത് – 4-2-2020

**GOVERNMENT OF KERALA**

**Abstract**

Disaster Management Department – State Disaster Response Fund – Norms - State Specific Disasters – nCorona 2019 - Notified - Orders issued.

**Disaster Management (A)Department**

**G.O.(Ms)No.3/2020/DMD** Dated,Thiruvananthapuram, 04/02/2020

Read 1. Minutes of the State Executive Committee of KSDMA meeting held on 03.02.2020

**ORDER**

The World Health Organization has declared the 2019 nCOV as a Public Health Emergency of international concern. Till date, 3 cases of Corona virus infection has been confirmed in Kerala. 1924 persons in Kerala are under house surveillance and 75 persons are under hospital surveillance. The Health Department perceives that the number of infected may increase in Kerala, considering the number of returnees from China. The disease also has a high epidemic potential.

2) Accordingly, the State Executive Committee (SEC) meeting held on 03.02.2020 discussed the situation and has declared nCorona virus outbreak as State Specific Disaster, and approved the norms for relief assistance subject to the following conditions.

- Health Department will be the nodal department in the State for planning and executing the response efforts of nCorona as per the National Disaster Management Guidelines – Management of Biological Disasters, July 2009.
- The Health Secretary will project a financial requirement till 31.03.2020 from State Disaster Response Fund (SDRF) as per prevailing norms for ensuring adequate and immediate response to nCorona in the State. As and when the revised guidelines for management of disasters are issued by Government of India based on the 15th Finance Commission recommendations, the SEC will meet thereafter and decide on funding the response efforts from 01.04.2020 onwards.
- Funds provided from Kerala State Disaster Management Authority (KSDMA) to District Disaster Management Authorities (DDMAs) are permitted to be utilized for the matters deemed appropriate for nCorona response by the Chairperson, DDMA.
- The State Emergency Operations Centre (SEOC) and the office of KSDMA will be providing secondary support to the Health Department for any response or mitigation efforts.

3) Government have examined the matter and are pleased to order that the norms and scale of assistance declared and approved by the SEC of KSDMA will be followed for providing relief assistance to the victims of State Specific Disaster in the State.

(By order of the Governor)
Dr.VENU.V
Principal Secretary to Govt

The Commisioner, Land Revenue
All District Collectors
The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O, Thiruvananthapuram.
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
The Health Department
The Local Self Government Department
Web & New Media, I& PRD
Stock File / Office Copy
Copy to
Special Secretary to Chief Secretary
PS to Additional Chief Secretary, Local Self Government Department
PS to Principal Secretary, Industries Department
PS to Principal Secretary (Revenue & DM)
CA to Additional Secretary
Disaster Management (B) Department
Disaster Management (A4) Seat

Forwarded /By order
Section Officer

## കേരളം കോവിഡ്19 ബാധിതമായി പ്രഖ്യാപിച്ചു – 26-3-2020

**GOVERNMENT OF KERALA**

**Abstract**

Disaster Management Department - Declaration of entire State as Covid-19 affected - Orders issued.

**DISASTER MANAGEMENT (A) DEPARTMENT**

**G.O.(Ms)No.12/2020/DMD** Dated,Thiruvananthapuram, 26/03/2020

Read 1. Note No.70/Prl.Secretary, Health Department dated 18/03/2020.
2. Decision of State Executive Committee (SEC) Meeting held on 18.03.2020.
3. GO(Ms)No.10/2020/DMD dated 19/03/2020.

**ORDER**

The Ministry of Home Affairs, Government of India decided to treat Covid-19 as a notified disaster for the purpose of providing assistance under State Disaster Response Fund (SDRF). The Principal Secretary Health as per note read as 1st paper has requested to notify the entire State as Covid-19 affected. The matter has been placed before the State Executive Committee (SEC) meeting held on 18.03.2020. The SEC considering the report of Health Department and the Economic Slow Down due to Covid-19 in the State requested to notify the entire State as Covid-19 affected.

2) Govt have examined the matter in detail. Considering the report of Health Department and the decision of SEC read as 2nd paper, Government are pleased to declare the entire State as Covid-19 affected.

(By order of the Governor)
**VENU V**
**PRINCIPAL SECRETARY**

The Commisioner, Land Revenue
All District Collectors
The Member Secretary, KSDMA, Observatory Hills, Vikas Bhavan P.O, Thiruvananthapuram.
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
Health Department
Food and Civil Supplies Department
Local Self Government Department

## 4.5 അനുബന്ധം 5: കോവിഡ്19 – പ്രവചനം

### Various Spread Scenarios – $R_0$




### Time Variability of Outbreak

- All are susceptible
- Infection can reach every one over time – in epidemic phase or endemic phase unless vaccinated
- What will be its behaviour over time?
- How much can we intervene?

# A Refined SEIR Model




# Model Parameters

| Parameter | Value |
|---|---|
| Incubation time | 5 days |
| Infected and contagious period | 5 days |
| Infected but non-contagious period | 9 days |
| Average number of contacts made by a susceptible person per day | 15* |
| Average number of secondary infections per person at start in a fully susceptible population (R_0) | 2 (low spread scenario)<br>2.5 (medium spread scenario)<br>3 (severe spread scenario) |

| Parameter | Value |
|---|---|
| Baseline date | 29-Feb-2020 (Date of arrival of Italy returnees in PTA) |
| Initial Condition on baseline date | 8 cases in Kerala by 29-Feb-2020 spanning south (TVC), middle (PTA,TSR) and northern (KSD) parts. |
| Assumptions | a) Tight border-screening during Jan and Feb<br>b) People interact freely irrespective of age-group<br>c) An approximate model on lock down is used |

























| Date | Hospitalised | Critical care |
|---|---|---|
| 26-03-2020 | 0 (36) | 0 |
| 20-04-2020 | 9381 | 1876 |
| 25-04-2020 | 235365 | 47073 |
| 30-04-2020 | 235365 | 47073 |
| 05-05-2020 | 392888 | 78578 |
| 10-05-2020 | 384553 | 76911 |
| 15-05-2020 | 405250 | 81050 |
| 20-05-2020 | 461257 | 92251 |
| 25-05-2020 | 543502 | 108700 |
| 30-05-2020 | 583629 | 116726 |
| 05-06-2020 | 460172 | 92034 |